**സബ്മിഷൻ**

(1) <u>സ്റ്റേറ്റ് സെക്യൂരിറ്റി കമ്മീഷൻ രൂപീകരണം</u>

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, കേരള പോലീസ് ആക്ട് പ്രകാരം സ്റ്റേറ്റ് സെക്യൂരിറ്റി കമ്മീഷൻ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാണ് എന്റെ അഭ്യർഥന. 10 വർഷം മുമ്പ്, 2010-11-ലാണ് പോലീസ് ആക്ട് രൂപീകരിച്ചത്. അതിലെ സെക്ഷൻ 24 വളരെ ക്ലിയർ ആണ്. " The Government shall, by notification in the official Gazette, constitute a State Security Commission for discharging such functions and duties assigned under this Act" എന്നാണ് പറയുന്നത്. ഇതിൽ ആഭ്യന്തര വകുപ്പിന്റെ ചുമതലയുള്ള മന്ത്രി ചെയർമാനും നിയമ വകുപ്പുമന്ത്രി, പ്രതിപക്ഷ നേതാവ്, ഹൈക്കോടതി ചീഫ് ജസ്റ്റിസ്, നോമിനേറ്റ് ചെയ്യുന്ന റിട്ടയേർഡ് ഹൈക്കോടതി ജഡ്ജി, ചീഫ് സെക്രട്ടറി, ഹോം സെക്രട്ടറി, ഡി.ജി.പി., ഗവർണർ നോമിനേറ്റ് ചെയ്യുന്ന മൂന്ന് അംഗങ്ങൾ എന്നിവർ ഉൾപ്പെടുന്നതാണ് സ്റ്റേറ്റ് സെക്യൂരിറ്റി കമ്മീഷൻ. പോലീസിലെ ക്രിമിനൽവത്കരണവും പോലീസ് അതിക്രമങ്ങളും വർഗ്ഗീയ ശക്തികളുടെ

സ്വാധീനവും ഉൾപ്പെടെ സംസ്ഥാനത്തെ പോലീസ് സംവിധാനത്തിന്റെ പ്രവർത്തനത്തെക്കുറിച്ച് ഗുരുതരമായ ആശങ്കകളുണ്ടായിരിക്കുന്ന നിലവിലെ സാഹചര്യത്തിൽ പോലീസിന്റെ പ്രവർത്തനത്തെ ഫലപ്രദമായി വിലയിരുത്താനും തിരുത്താനും കഴിയുന്ന സ്റ്റേറ്റ് സെക്യൂരിറ്റി കമ്മീഷൻ യാഥാർത്ഥ്യമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു. സേറ്റ് സെക്യൂരിറ്റി കമ്മീഷൻ രൂപീകരിച്ച് പ്രവർത്തിക്കണമെന്നും വാർഷിക പ്രവർത്തന റിപ്പോർട്ട് ഗവൺമെന്റിന്റെ അംഗികാരത്തോടെ നിയമസഭയുടെ മേശപ്പുറത്ത് സമർപ്പിക്കണമെന്നും ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതുകൊണ്ട് പോലീസ് ആക്റ്റിലെ സെക്ഷൻ 24 അനുസരിച്ച് ഉടനടിതന്നെ സ്റ്റേറ്റ് സെക്യൂരിറ്റി കമ്മീഷൻ രൂപീകരിക്കാൻ അടിയന്തരമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി(ശ്രീ. പിണറായി വിജയൻ): സർ, കേരള പോലീസ് ആക്റ്റ് സെക്ഷൻ 24 പ്രകാരം രൂപീകരിക്കുന്ന സംസ്ഥാന സുരക്ഷാ കമ്മീഷന്റെ കാലാവധി 5 വർഷമാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞ മറ്റ് കാര്യങ്ങൾ സമയം കുറവുകാരണം ഞാൻ ആവർത്തിക്കുന്നില്ല. കമ്മീഷന്റെ

കാലാവധി അവസാനിച്ചിരിക്കുകയാണ്. ആ സാഹചര്യത്തിൽ കമ്മീഷൻ പുനഃസംഘടിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്.

(2) ശബരിമല തീർഥാടനവുമായി ബന്ധപ്പെട്ട ഓൺലൈൻ ബുക്കിങ്

ശ്രീ. വി. ജോയി: സർ, ശബരിമല വിഷയം ഒരു ക്രമസമാധാന പ്രശ്നമായും വർഗീയ ധ്രുവീകരണവും നടക്കുന്ന സാഹചര്യത്തിലാണ് ഈ സബ്മിഷൻ ഞാൻ അവതരിപ്പിക്കാൻ തയ്യാറായത്. ഗവൺമെന്റും ദേവസ്വം ബോർഡും ശബരിമലയിൽ എത്തുന്ന അയ്യപ്പഭക്തന്മാർക്ക് സുഗമമായി മലകയറാനും ദർശനം നടത്തുന്നതിനുംവേണ്ട ക്രമീകരണങ്ങൾ നടത്തുകയാണ്. ശബരിമലയിൽ എത്തുന്ന ഭക്തജനങ്ങൾക്ക് വിരിവയ്ക്കാനും പ്രാഥമിക സൗകര്യങ്ങൾ ചെയ്യാനും ഭക്ഷണക്രമീകരണങ്ങൾ വരുത്താനും വേണ്ടിയാണ് ദേവസ്വം ബോർഡ് പരമാവധി 80000 പേർക്ക് ഓൺലൈനായി സൗകര്യമൊരുക്കാൻ തീരുമാനിച്ചതെന്ന് മനസ്സിലാക്കുകയാണ്. എന്നാൽ, ഇതിനെ അട്ടിമറിക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചിരിക്കുകയാണ്. ഇപ്പോൾ നടത്തുന്ന പ്രചരണം, ഏതെങ്കിലും അയ്യപ്പന്മാർ ഓൺലൈൻ ബുക്ക് ചെയ്യാതെ വരികയാണെങ്കിൽ ദേവസ്വം ബോർഡ് കയറ്റില്ലെന്ന പ്രചരണം തകൃതിയായി നടത്തുകയാണ്. ഒരു സ്ഥലത്ത് പരമാവധി

ഉൾക്കൊള്ളാൻ കഴിയുന്ന ആളുകൾ എത്രയെന്ന് മനസ്സിലാക്കിയാണ് ഈ തീരുമാനം എടുത്തിട്ടുള്ളതെന്ന് ഞാൻ കരുതുകയാണ്. അടുത്ത കാലത്ത് ഉത്തർപ്രദേശിലുണ്ടായ ഒരു സംഭവം നമുക്കെല്ലാവർക്കും മാതൃകയാണ്. റിപ്പോർട്ടർ ചാനലിലെ ശ്രീ. അരുൺ കുമാർ ഇന്നലെ ഈ വിവരം വളരെ കൃത്യമായും സത്യസന്ധമായും രേഖപ്പെടുത്തിയിരുന്നു. എന്നാൽ ചില രാഷ്ട്രീയ പാർട്ടികളും ഹൈന്ദവ സംഘടനകളും യുദ്ധം പ്രഖ്യാപിച്ചിരിക്കുകയാണ്. ഈ വിഷയം വർഗ്ഗീയമായി പ്രചരിപ്പിക്കുക, ക്രമസമാധാന പ്രശ്നമുണ്ടാക്കുക ഈ നിലയിലേക്ക് വന്ന സാഹചര്യത്തിൽ ഇതിനെസംബന്ധിച്ച് ഒരു സ്പഷ്ടീകരണം ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകണമെന്നാണ് സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ശബരിമല മണ്ഡല-മകരവിളക്ക് തീർത്ഥാനടനവുമായി ബന്ധപ്പെട്ട് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും തീർത്ഥാടനം സുഗമമാക്കുന്നതിനുള്ള നടപടികളുടെയും ഭാഗമായി മുഖ്യമന്ത്രിയുടെ അധ്യക്ഷതയിലും ദേവസ്വം വകുപ്പുമന്ത്രിയുടെ സാന്നിധ്യത്തിലും തിരുവിതാംകൂർ ദേവസ്വം ബോർഡ്, പൊലിസ്, ജില്ലാഭരണകൂടം എന്നിവരുമായി യോഗങ്ങൾ ചേർന്ന് വിശദമായ ആസൂത്രണം

നടത്തിയിരുന്നു. തീർഥാടനത്തിന് എത്തുന്ന എല്ലാവർക്കും സന്നിധാനത്തും പമ്പയിലും ഇടത്താവളങ്ങളിലും മെച്ചപ്പെട്ട സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിന് തിരുവിതാംകൂർ ദേവസ്വം ബോർഡ്, പൊലിസ്, വനം, ആരോഗ്യം, പൊതുമരാമത്ത്, ഫയർ ആൻഡ് റസ്ക്യൂ, ലീഗൽ മെട്രോളജി, ദുരന്തനിവാരണം, ഭക്ഷ്യപൊതുവിതരണം, ഇറിഗേഷൻ, കെ.എസ്.ഇ.ബി., കെ.എസ്.ആർ.ടി.സി., ബി.എസ്.എൻ.എൽ., വാട്ടർ അതോറിറ്റി, മലിനീകരണ നിയന്ത്രണ ബോർഡ് എന്നീ വകുപ്പുകളും സ്ഥാപനങ്ങളും തമ്മിലുള്ള ഏകോപനം മെച്ചപ്പെടുത്താനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലക്കൽ, പമ്പ എന്നിവിടങ്ങളിൽ ആബുലൻസ് സംവിധാനം ഏർപ്പെടുത്തുന്നതിനും 12 എമർജൻസി മെഡിക്കൽ സെന്ററുകൾ ആരംഭിക്കുന്നതിനും കരിമല റൂട്ടിൽ ഫോറസ്റ്റുമായി സഹകരിച്ച് മെഡിക്കൽ സെന്ററുകൾ ആരംഭിക്കുന്നതിനും കാർഡിയോളജിസ്റ്റുകളുടെ സേവനം ഉറപ്പുവരുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. റോഡുകളുടെ അറ്റകുറ്റപ്പണിക്കും കാനന പാതകളിൽ ഭക്തർക്ക് സൗകര്യങ്ങളും സംരക്ഷണവും ഒരുക്കുന്നതിനും അന്യസംസ്ഥാനത്തുനിന്ന് എത്തുന്ന തീർഥാടകർക്ക് ആവശ്യമായ

സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ശബരിമലയിൽ എത്തുന്ന തീർഥാടകരുടെ സുഗമമായ ദർശനവും സുരക്ഷയും ഉറപ്പാക്കുന്നതിന് സ്പോട്ട് ബുക്കിംഗ് അനുവദിക്കുന്ന വിഷയം 5-10-24-ന് ചേർന്ന അവലോകനയോഗം ചർച്ച ചെയ്യുകയുണ്ടായി. തീർഥാടകർക്ക് സൗകര്യപ്രദവും സുരക്ഷിതവുമായ രീതിയിൽ ദർശനം ഉറപ്പാക്കണമെന്നും യോഗം വിലയിരുത്തി. തിരക്ക് നിയന്ത്രിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ മുൻകൂട്ടി സ്വീകരിക്കുന്നതിനായി തീർഥാടകർ ഏത് പാതയാണ് തീർഥാടനത്തിന് തിരഞ്ഞെടുക്കുന്നതെന്ന വിവരം വെർച്വൽ ക്യൂവിൽ ഉൾപ്പെടുത്തുന്നതിനും ഭക്തർക്ക് തിരക്ക് കുറഞ്ഞ ദിവസം യഥേഷ്ടം തിരഞ്ഞെടുക്കുന്നതിനും ആവശ്യമായ ക്രമീകരണങ്ങൾ സോഫ്റ്റ്‌വെയറിൽ കൊണ്ടുവന്ന് ഓരോ ദിവസവും ബുക്ക് ചെയ്യുന്ന തീർഥാടകരുടെ എണ്ണം ജില്ലാ ഭരണകൂടത്തിനും പോലീസിനും മറ്റ് വകുപ്പുകൾക്കും മുൻകൂട്ടിനൽകുന്നതിനും യോഗത്തിൽ തീരുമാനിച്ചിരുന്നു. ശബരിമലയിൽ എത്തുന്ന എല്ലാ തീർഥാടകർക്കും ദർശനം നടത്താനുള്ള സൗകര്യം ഒരുക്കണമെന്നും യോഗം തീരുമാനിച്ചിരുന്നു. വെർച്വൽ ക്യൂ രജിസ്ട്രേഷനിലൂടെ തീർഥാടകരുടെ

വിശദാംശങ്ങൾ ഡിജിറ്റൽ രേഖയായി ലഭ്യമാകും. ഇത് ശബരിമലയിലെ സുരക്ഷ ഉറപ്പുവരുത്തുന്നതിനും അപകടങ്ങളും കൂട്ടംതെറ്റലുകളുമുണ്ടായാൽ ആളുകളെ കണ്ടെത്തുന്നതിനും സഹായകരമാണ്. കഴിഞ്ഞ വർഷത്തേക്കാൾ മെച്ചപ്പെട്ട തീർഥാടന സൗകര്യങ്ങളും സർക്കാർ ഉറപ്പുവരുത്തിയിട്ടുണ്ട്. തിരുപ്പതി ഉൾപ്പെടെയുള്ള പ്രമുഖ തീർഥാടന കേന്ദ്രങ്ങളിൽ കുറ്റമറ്റരീതിയിൽ വെർച്വൽ ക്യൂ സമ്പ്രദായം നടന്നുവരുന്നു. ഇതേമാതൃകയിലാണ് 2011 മുതൽ ശബരിമലയിലും വെർച്വൽ ക്യൂ സംവിധാനം ഏർപ്പെടുത്തിയത്. വെർച്വൽ ക്യൂ കുറ്റമറ്റരീതിയിൽ ശക്തിപ്പെടുത്താൻതന്നെയാണ് ഉദ്ദേശിക്കുന്നത്. എന്നിരുന്നാലും ഓൺലൈൻ രജിസ്ട്രേഷൻ നടത്താതെയും ഈ സമ്പ്രദായത്തെക്കുറിച്ച് അറിയാതെയും എത്തുന്ന ഭക്തർക്കും കഴിഞ്ഞ വർഷങ്ങളിൽ ദർശനം ഉറപ്പുവരുത്തിയിരുന്നു. 2024-25 മണ്ഡല-മകരവിളക്ക് കാലത്തും വെർച്വൽ ക്യൂവിൽ രജിസ്റ്റർ ചെയ്യുന്നവർക്കും രജിസ്ട്രേഷൻ നടത്താതെവരുന്ന തീർഥാടകർക്കും സുഗമമായ ദർശനത്തിനുള്ള സൗകര്യം സർക്കാർ ഉറപ്പുവരുത്തുന്നതാണ്.

(3) എ.ഡി.ജി.പി.-യുമായി ബന്ധപ്പെട്ട അന്വേഷണ റിപ്പോർട്ട്

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ക്രമസമാധാന ചുമതലയുണ്ടായിരുന്ന എ.ഡി.ജി.പി.-ക്ക് എതിരെ ഉന്നയിക്കപ്പെട്ട ആരോപണങ്ങൾ സംബന്ധിച്ച് സംസ്ഥാന പോലീസ്മേധാവിയുടെ നേതൃത്വത്തിൽ ഇതിനകം നടത്തിയ അന്വേഷണത്തിന്റെ റിപ്പോർട്ടുകളെ മുൻനിർത്തി പൊതുസമൂഹത്തിൽ പരക്കുന്ന തെറ്റിധാരണകൾ മാറ്റാനും വസ്തുത എന്താണെന്ന് സഭയ്ക്കും പൊതുസമൂഹത്തിനും അറിയാനും സർക്കാർ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ക്രമസമാധാന ചുമതലയുണ്ടായിരുന്ന എ.ഡി.ജി.പി.-ക്ക് എതിരെ വിവിധ ആരോപണങ്ങൾ ഉന്നയിച്ച് ലഭിച്ച പരാതി സംബന്ധിച്ച് ആർ.എസ്.എസ്. നേതാക്കളുമായി കൂടിക്കാഴ്ച നടത്തിയെന്ന പരാതിയിൽ വിശദമായ അന്വേഷണം നടത്താൻ സംസ്ഥാന പോലീസ് മേധാവിയുടെ നേതൃത്വത്തിൽ ശ്രീ. ജി. സ്പർജൻ കുമാർ, ഐ.പി.എസ്, ശ്രീ. തോംസൺ ജോസ് ഐ.പി.എസ്., ശ്രീ. എ. ഷാനവാസ് ഐ.പി.എസ്., ശ്രീ. എസ്. മധുസൂദനൻ എസ്.പി. എന്നിവരുൾപ്പെട്ട ഉന്നതതല സംഘത്തെ ചുമതലപ്പെടുത്തിയിരുന്നു. ഇതുസംബന്ധിച്ച രണ്ട്

റിപ്പോർട്ടുകളും സംസ്ഥാന പോലീസ്മേധാവി 5-10-24-ന് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ടുകളെ സംബന്ധിച്ച് വസ്തുതാപരമല്ലാത്ത ചില വാർത്തകളും ഊഹാപോഹങ്ങളും പ്രചരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ സർക്കാരിന് യാതൊന്നും മറച്ചുവയ്ക്കാനില്ല. ഇതിന്റെ വിശദാംശങ്ങൾ അടങ്ങിയ റിപ്പോർട്ടുകളുടെ പകർപ്പ് ഇതിനോടൊപ്പം സമർപ്പിക്കുന്നു.+ ഇവയിലെ കണ്ടെത്തലുകളെക്കുറിച്ച് സർക്കാർ പരിശോധിച്ചുവരുന്നു.

(4) <u>നഗര പുനരുജ്ജീവനവും സംയോജിത ജലഗതാഗതവും പദ്ധതി</u>

<u>ശ്രീ. ടി. ജെ. വിനോദ്</u>: സർ, കൊച്ചി നഗരത്തിലെ പ്രധാന കനാലുകളുടെ പുനരുജ്ജീവനത്തിനും വെള്ളക്കെട്ടിനും ശാശ്വതപരിഹാരം കാണാനും മലിനജല സംസ്കരണത്തിനും കനാലുകളിലെ നിലനിന്നിരുന്ന ജലഗതാഗതം പുന:സ്ഥാപിക്കുന്നതിനുമായി സംസ്ഥാന സർക്കാർ കിഫ്ബിയിലൂടെ വിഭാവനം ചെയ്ത പദ്ധതിയാണ് Intergrated Urban Regeneration and Water Transport System Project. ഈ പദ്ധതിയുടെ ഭാഗമായി ഇടപ്പള്ളി, ചിലവന്നൂർ, തേവര, പേരണ്ടൂർ, മാർക്കറ്റ്, കോന്തുരുത്തി എന്നീ 6

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കനാലുകളാണ് ഏറ്റെടുത്തിയിട്ടുള്ളത്. 12-02-2021-ൽ 1528 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായ പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ ഏജൻസി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് (KMRL) ആണ്. മേൽപ്പറഞ്ഞ കനാലുകളുടെ ഏറ്റവും ചുരുങ്ങിയ വീതി 16.5 മീറ്ററാക്കിയും കനാലുകളുടെ കയ്യേറ്റങ്ങൾ ഒഴിവാക്കിയും ഭൂമിയേറ്റെടുക്കേണ്ടതുണ്ടെങ്കിൽ ആയത് ചെയ്തും ഡീ-സിൽറ്റ് ചെയ്ത് Retaining wall കെട്ടി നീരൊഴുക്ക് സുഗമമാക്കുന്നതിനുമുള്ള പദ്ധതിയാണിത്. കൂടാതെ, സ്വീവേജ് മാലിന്യം പുഴയിലേയ്ക്കൊഴുക്കി വെള്ളം മലീമസമാക്കാതിരിക്കാൻ വേണ്ടിയുള്ള സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനുൾപ്പെടെ 1528 കോടി രൂപയുടെ അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ ലഭിച്ചിട്ടുള്ളതാണ്. കിഫ്ബി മുഖാന്തരം നടപ്പാക്കുന്ന ടി പദ്ധതി വിവിധ തടസ്സങ്ങളുന്നയിച്ച് എങ്ങുമെത്താത്ത അവസ്ഥയിലായതിനാൽ അടിയന്തരമായി പൂർത്തീകരിക്കാനാവശ്യമായ ഇടപെടൽ സർക്കാർ നടത്തുമോയെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കൊച്ചി നഗരത്തിലെ പ്രധാന കനാലുകളെ പുനരുജ്ജീവിപ്പിക്കാനും വെള്ളക്കെട്ടിന്

ശാശ്വതപരിഹാരം കാണാനും മലിനജലസംസ്കരണത്തിനും കനാലുകളിലൂടെയുള്ള ജലഗതാഗതം പുനഃസ്ഥാപിക്കാനുമായി വിഭാവനം ചെയ്ത പദ്ധതിയാണ് Intergrated Urban Regeneration and Water Transport System (IURWTS). കിഫ്ബിയുടെ ധനസഹായത്തോടെ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡാണ് ഇതിന്റെ നിർവ്വഹണ ഏജൻസിയായി പ്രവർത്തിക്കുന്നത്. ഇടപ്പള്ളി, ചിലവന്നൂർ, തേവര, പേരണ്ടൂർ, മാർക്കറ്റ്, കോന്തുരുത്തി, മംഗളവനം എന്നീ ഏഴ് കനാലുകളെയാണ് ഈ പദ്ധതിയിലുൾപ്പെടുത്തിയിരിക്കുന്നത്. ടി പദ്ധതി നടപ്പാക്കുന്നതോടെ മേൽപ്പറഞ്ഞ എല്ലാ കനാലുകളുടെയും ഏറ്റവും ചുരുങ്ങിയ വീതി 16.5 മീറ്ററാകും. ഇതിനുപുറമെ, ഭാവിയിൽ കയ്യേറ്റങ്ങളുണ്ടാകാതിരിക്കാനും സീവേജ് പ്ലാന്റുകളിലേയ്ക്കുള്ള പൈപ്പുകൾ സ്ഥാപിക്കാനും കെ.എസ്.ഇ.ബി. ഉൾപ്പെടെയുള്ള സേവനങ്ങൾക്കുവേണ്ടിയുള്ള ഇടനാഴി സ്ഥാപിക്കാനുമായി കനാലുകളുടെ ഇരുകരകളിലും ചുരുങ്ങിയത് രണ്ടുമീറ്റർ വീതിയിൽ ഭൂമിയേറ്റെടുത്ത് നടപ്പാത നിർമ്മിക്കാനും വിഭാവനം ചെയ്തിട്ടുണ്ട്. ഇതിൽ ഇടപ്പള്ളി, ചിലവന്നൂർ, തേവര, പേരണ്ടൂർ എന്നീ കനാലുകളുടെ

വികസനത്തിനായി 42 ഹെക്ടർ സ്വകാര്യഭൂമി ഏറ്റെടുക്കേണ്ടിവരും. അതിനായുള്ള സ്ഥലമെടുപ്പും പുറമ്പോക്ക് നിർണ്ണയിക്കുന്നതിനുള്ള ജോലികളും പുരോഗമിച്ചുവരികയാണ്. മലിനജലസംസ്കരണത്തിനായി കൊച്ചി നഗരത്തിന്റെ 70 ശതമാനം പ്രദേശമുൾക്കൊള്ളുന്ന ഒരു ബൃഹത്പദ്ധതി കിഫ്ബിയും കേരള വാട്ടർ അതോറിറ്റിയും ചേർന്ന് വിഭാവനം ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഇളംകുളം, വെണ്ണല, മുട്ടാർ, പേരണ്ടൂർ എന്നിവിടങ്ങളിൽ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ നിർമ്മിക്കാനായി കിഫ്ബിയിൽനിന്നും 1325 കോടിരൂപ അനുവദിക്കുകയും ടെൻഡർ നടപടികൾ പുരോഗമിച്ചുവരികയുമാണ്. സ്ഥലമേറ്റെടുക്കൽ ആവശ്യമില്ലാത്ത മാർക്കറ്റ് കനാലിന്റെ സൗന്ദര്യവത്കരണവും ചിലവന്നൂർ കനാൽ ബണ്ട് റോഡ് പാലത്തിന്റെ നിർമ്മാണപ്രവൃത്തികളും ദ്രുതഗതിയിൽ നടന്നുവരുന്നു. ഈ പദ്ധതി കൊച്ചി നഗരത്തിന്റെ അടിസ്ഥാനസൗകര്യ വികസനമേഖലയിലെ പുതിയ ചുവടുവയ്പ്പാണ്.

## (5) പ്രവാസി കേരളീയ ക്ഷേമ പെൻഷൻ

ശ്രീ. നജീബ് കാന്തപുരം: സർ, പ്രവാസികളുടെ ക്ഷേമത്തിനായി നടപ്പാക്കാനുദ്ദേശിക്കുന്ന ക്ഷേമനിധിയുമായി ബന്ധപ്പെട്ട് വ്യാപകമായ ആക്ഷേപങ്ങൾ നിലനിൽക്കുകയാണ്. പ്രവാസിക്ഷേമനിധിയിൽ 5 വർഷമോ അതിലധികമോ അംശദായമടച്ചശേഷം പല കാരണങ്ങളാൽ മുടങ്ങിപ്പോയ പ്രവാസികൾക്ക് ഒരു രൂപ പോലും പെൻഷൻ കൊടുക്കാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്. സാധാരണഗതിയിൽ 60 വയസ്സുകഴിഞ്ഞ പ്രവാസികൾക്ക് ക്ഷേമനിധിയിൽ നിന്നും 3500 രൂപയാണ് ലഭിക്കുന്നത്. ഇതുപോലും തടഞ്ഞുവയ്ക്കപ്പെടുന്നൊരു സാഹചര്യമുണ്ട്. വിദേശരാജ്യങ്ങളിൽ ജീവിക്കുന്ന പ്രവാസികളിൽ മഹാഭൂരിപക്ഷവും സാമ്പത്തികമായി വളരെയധികം പ്രയാസമനുഭവിക്കുന്നവരാണ്. അതുകൊണ്ടുതന്നെ പല സാഹചര്യങ്ങളിലും ഇവർക്ക് ക്ഷേമനിധി വിഹിതം അടയ്ക്കാൻ സാധിക്കാതെ വരുന്നുണ്ട്. ചുരുങ്ങിയത് 5 വർഷമെങ്കിലും അംശദായമടച്ച അംഗങ്ങൾക്ക് കൃത്യമായി പെൻഷൻ നൽകാനുള്ള സാഹചര്യം ഇപ്പോഴുമില്ല. മാത്രമല്ല, കുടിശ്ശികയായ അംശദായത്തുകയിന്മേൽ 14 ശതമാനം പലിശയും ഒരു ശതമാനം പിഴയും

ചുമത്തുന്നുവെന്നതാണ് മറ്റൊരു ഗുരുതരമായ പ്രശ്നം. കുടിശ്ശിക തുകയിന്മേൽ 14 ശതമാനം പലിശ ഈടാക്കുന്നുവെന്ന് പറഞ്ഞാൽ അത് പാവപ്പെട്ട പ്രവാസികൾക്ക് താങ്ങാവുന്നതിനുമപ്പുറമാണ്. ഇത് വളരെ ഗൗരവതരമായൊരു പ്രശ്നമായതുകൊണ്ട് 5 വർഷമെങ്കിലും അംശദായമടച്ചവർക്ക് മിനിമം പെൻഷൻ നൽകാനും അംശദായ കുടിശ്ശികയിന്മേൽ ഈടാക്കുന്ന പലിശയും പിഴപ്പലിശയും ഒഴിവാക്കാനും സർക്കാർ നടപടി സ്വീകരിക്കുമോയെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, 2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്റ്റിലെയും 2009-ലെ പ്രവാസി കേരളീയരുടെ ക്ഷേമ പദ്ധതിയിലെയും വ്യവസ്ഥകൾ പ്രകാരമാണ് കേരളാ പ്രവാസി കേരളീയക്ഷേമ ബോർഡ് പ്രവർത്തിച്ചുവരുന്നത്. പ്രവാസി ക്ഷേമനിധിയിൽ അംഗത്വമെടുക്കുന്നവർ തുടർച്ചയായി ഒരു വർഷമോ അതിലധികമോ അംശദായമടയ്ക്കാൻ വീഴ്ചവരുത്തി അംഗത്വം നഷ്ടപ്പെടുമ്പോഴാണ് അത് പുനഃസ്ഥാപിക്കാൻ പലിശയും പിഴപ്പലിശയും നൽകേണ്ടിവരുന്നത്. അംശദായ അടവിൽ കൃത്യത പാലിക്കാനാണ് ഈ വ്യവസ്ഥ ഏർപ്പെടുത്തിയിരിക്കുന്നത്.

25-09-2024-ന് ചേർന്ന പ്രവാസി കേരളീയ ക്ഷേമ ബോർഡിന്റെ യോഗ തീരുമാനപ്രകാരം അംശദായ അടവിൽ ആകെ കുടിശ്ശികയായ തുകയുടെ 14% പലിശയും പ്രസ്തുത തുകയുടെ 1% പിഴയും ഈടാക്കി അംഗത്വം പുനഃസ്ഥാപിച്ചു നൽകുന്നതിന് തീരുമാനിച്ചിട്ടുള്ളതിനാൽ കുടിശ്ശികത്തുകയ്ക്ക് ആനുപാതികമായി പലിശവർദ്ധനവ് വരുന്നരീതി ഇതിലൂടെ ഒഴിവാകുന്നു. സോഫ്റ്റ്‌വെയറിൽ പുതിയ ക്രമീകരണങ്ങൾ വരുന്നതോടെ അംഗത്വം റദ്ദായവർക്ക് ഈ അവസരം പ്രയോജനപ്പെടുത്താൻ സാധിക്കുന്നതാണ്. അംഗത്വമെടുക്കുന്നതിനും അംശദായമടയ്ക്കുന്നതിനും അപേക്ഷ സമർപ്പിക്കുന്നതിനും വിവരങ്ങൾ പരിശോധിക്കുന്നതിനും നിലവിൽ ഓൺലൈൻ സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്.

(6) <u>മേലാറ്റൂർ പോലീസ് സ്റ്റേഷൻ പരിധിയിലുള്ള യുവാവിന്റെ മരണം</u>

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, എന്റെ നിയോജകമണ്ഡലത്തിലെ കരിഞ്ചാപ്പാടി പ്രദേശത്തെ ഷെഫീഖ്, മുബഷിഫ്, നിഷാദ്, ഉബൈദ് എന്നീ നാല് സുഹൃത്തുക്കളുടെ പേരിൽ മേലാറ്റൂർ പോലീസ് 580/2022 നമ്പരായി NDPS ആക്ടുപ്രകാരം ഒരു കേസ് രജിസ്റ്റർ ചെയ്ത് അവരെ റിമാന്റ് ചെയ്തിരുന്നു.

മേലാറ്റൂർ ഭാഗത്തുള്ള സ്വന്തം റെസ്റ്റോറന്റിലേയ്ക്ക് സഞ്ചരിക്കുകയായിരുന്ന ഈ സുഹൃത്തുക്കളുടെ കാർ തടഞ്ഞുനിർത്തിയ പോലീസ്, കാറിൽവച്ചിരുന്ന സുഗന്ധദ്രവ്യം പിടിച്ചെടുത്ത് അത് മയക്കുമരുന്ന് ഇനത്തിൽപ്പെട്ട എം.ഡി.എം.എ. ആണെന്ന പേരിലാണ് കേസ് രജിസ്റ്റർ ചെയ്തത്. ഇത് കാറിൽവയ്ക്കുന്ന എയർ ഫ്രഷ്നറാണെന്ന് പറഞ്ഞെങ്കിലും അതൊന്നും മുഖവിലയ്ക്കെടുക്കാതെ നിരപരാധികളായ ഈ ചെറുപ്പക്കാരെ 88 ദിവസത്തോളം റിമാന്റ് ചെയ്യുകയുണ്ടായി. മലപ്പുറം മുൻ എസ്.പി. കുപ്രസിദ്ധനായ സുജിത് ദാസിന്റെ കീഴിൽ മേലാറ്റൂർ സ്റ്റേഷനിൽ ജോലിചെയ്തിരുന്ന സബ് ഇൻസ്പെക്ടറായ സനീഷ്, സർക്കിൾ ഇൻസ്പെക്ടറായ ഷരോൺ എന്നിവർ ചേർന്നാണ് ഇത്തരത്തിൽ വിചിത്രമായൊരു കേസെടുത്തത്. പോലീസ് കസ്റ്റഡിയിൽ വച്ച് കണ്ണിലും ജനനേന്ദ്രിയങ്ങളിലും മുളകുപൊടി തേയ്ക്കുക, കൈവിരലുകൾ വാതിലിനിടയിൽവച്ച് അടയ്ക്കുക തുടങ്ങി മൃഗീയമായ പീഡനങ്ങൾ അവർക്ക് അനുഭവിക്കേണ്ടിവന്നുവെന്നാണ് പരാതിപ്പെടുന്നത്. 88 ദിവസങ്ങൾക്കുശേഷം 16-10-2023-ന് കോഴിക്കോട് കെമിക്കൽ എക്സാമിനേഷൻ ലാബിൽനിന്നും പരിശോധനാ റിപ്പോർട്ട്

വന്നപ്പോൾ അത് എം.ഡി.എം.എ. ആയിരുന്നില്ലെന്നും വുഡ്റോസിൻ എന്നൊരു വസ്തു മാത്രമാണെന്ന് തെളിയുകയും തുടർന്ന് അവർ ജയിൽ മോചിതരാവുകയും ചെയ്തു. ഇതേത്തുടർന്ന് ടി നാല് കുടുംബങ്ങൾക്കും സാമൂഹ്യമാധ്യമങ്ങളിലൂടെ മാനഹാനിയും വൻതോതിലുള്ള സാമ്പത്തികനഷ്ടവും ഉണ്ടായതിനെത്തുടർന്ന് ജനങ്ങളെ അഭിമുഖീകരിക്കാൻപോലും ബുദ്ധിമുട്ട് നേരിടുകയുണ്ടായി. ഈ നാലു ചെറുപ്പക്കാരിലൊരാളും 38 വയസ്സുകാരനുമായ ഷെഫീഖ് കേസിലകപ്പെട്ടതിന്റെ മാനസികപ്രയാസത്താൽ 07-10-2024-ൽ ഹൃദയാഘാതംമൂലം മരണപ്പെടുകയുണ്ടായി. ആ കുടുംബത്തിന്റെ ഏക ആശ്രയമായിരുന്നു മരണപ്പെട്ട ഷെഫീഖ്. മാനഹാനി ഭയന്ന് ആദ്യമൊന്നും ഇക്കാര്യങ്ങൾ പുറത്തുപറയാൻ മടിച്ചിരുന്ന ഇവർ ഷെഫീക്കിന്റെ മരണശേഷമാണ് അവർ അനുഭവിക്കേണ്ടിവന്ന പീഡനങ്ങളെക്കുറിച്ചുള്ള വസ്തുതകൾ പുറത്തുവന്നത്. ഇതിൽ രണ്ടുപേർക്ക് വിദേശത്തെ ജോലി നഷ്ടപ്പെടുകയും ഒരാളുടെ കുടുംബജീവിതംപോലും തകരുന്ന സ്ഥിതിയുമുണ്ടായി. നിരപരാധികളായ ചെറുപ്പക്കാരുടെ പേരിൽ കൃത്രിമമായി കേസുണ്ടാക്കിയ പോലീസ് ഉദ്യോഗസ്ഥരായ സർക്കിൾ ഇൻസ്പെക്ടർ ഷരോൺ, സബ്

ഇൻസ്പെക്ടർ സനീഷ് എന്നിവർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നും ടി നാല് യുവാക്കൾക്കും കുടുംബത്തിനും നീതി ലഭിക്കണമെന്നും മേലിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുമുള്ള നടപടി സ്വീകരിക്കണമെന്നും ഞാൻ ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, മലപ്പുറം മേലാറ്റൂർ പോലീസ് സ്റ്റേഷനിൽ ലഭിച്ച രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ 25-10-2022-ന് പുലർച്ചെ വറ്റല്ലൂർ സ്വദേശികളായ നാലുപേർ സഞ്ചരിച്ച കാർ പരിശോധിക്കുകയും 32.72 ഗ്രാം മയക്കുമരുന്ന് ഇനത്തിൽപ്പെട്ട എം.ഡി.എം.എ. എന്ന് സംശയിക്കുന്ന വസ്തു കണ്ടെടുക്കുകയും ചെയ്തിരുന്നു. തുടർന്ന് NDPS നിയമത്തിലെ വിവിധ വകുപ്പുകൾപ്രകാരം ഇവർക്കെതിരെ ക്രൈം നമ്പർ 580/2022 ആയി കേസ് രജിസ്റ്റർ ചെയ്യുകയും തുടർന്ന് പ്രതികളെ അന്നുതന്നെ പെരിന്തൽമണ്ണ ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേട്ട് കോടതി റിമാന്റ് ചെയ്യുകയുമുണ്ടായി. ബഹുമാനപ്പെട്ട കോടതിയിൽ സമർപ്പിച്ച എം.ഡി.എം.എ.-യുടെ സാമ്പിളുകൾ രാസപരിശോധനയ്ക്കയക്കുകയും

പരിശോധനയിൽ മയക്കുമരുന്നിന്റെ സാന്നിദ്ധ്യം കണ്ടെത്താനാകാത്തതിനാൽ നാലുപ്രതികൾക്കും ബഹുമാനപ്പെട്ട മഞ്ചേരി NDPS കോടതി 21-01-2023-ന് ജാമ്യം അനുവദിക്കുകയും ചെയ്തു. കേസിന്റെ അന്വേഷണം നടന്നുവരികയാണ്. ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ച രീതിയിലുള്ള പ്രശ്നങ്ങൾ ഒരു പരാതിയായി നൽകിയാൽ ആവശ്യമായ തുടർനടപടി സ്വീകരിക്കുന്നതാണ്.

(7) മണക്കാട്-വലിയതുറ, വലിയതുറ-ബീമാപള്ളി, വലിയതുറ-എയർപോർട്ട് റോഡുകളുടെ പുനരുദ്ധാരണം

ശ്രീ. ആന്റണി രാജു: സർ, തിരുവനന്തപുരം നഗരത്തിലെ സുപ്രധാന റോഡുകളായ മണക്കാട്-വലിയതുറ, ബീമാപള്ളി-വള്ളക്കടവ്- എയർപോർട്ട് എന്നിവ തകർന്നുകിടക്കാൻ തുടങ്ങിയിട്ട് വർഷങ്ങളായി. സുലൈമാൻ തെരുവിലും കൊച്ചുതോപ്പിലും ഗർത്തങ്ങൾ രൂപപ്പെട്ടതിന്റെ ഫലമായി അവിടെ അപകടങ്ങൾ പതിവായിരിക്കുകയാണ്. 2022-ൽ നബാർഡ് പദ്ധതിയിലുൾപ്പെടുത്തി 7.65 കോടി രൂപയ്ക്ക് അഡ്മിനിസ്ട്രേറ്റീവ് സാംങ്ഷൻ ലഭിച്ച ടി വർക്ക് 5 പ്രാവശ്യം ടെണ്ടർ ചെയ്തു. ആയത് ഇപ്പോൾ പ്രത്യേകാനുമതിക്കായി അങ്ങയുടെയും മന്ത്രിസഭയുടെയും മുമ്പാകെ പരിഗണനയിലാണ്. ടി പദ്ധതി വിഹിതത്തിന്റെ 80% നബാർഡ് വഹിക്കുന്ന

പ്രസ്തുത പദ്ധതി ഇപ്പോൾ പി.വൈ.ജി.യിൽ ഉൾപ്പെടുത്തി ലിസ്റ്റ് ചെയ്തതിനാൽ നഷ്ടമാകുമോയെന്നുള്ള ആശങ്കയുണ്ട്. അതുകൊണ്ട് നബാർഡിന്റെ പ്രത്യേക പദ്ധതിയെന്നനിലയ്ക്കും 80% തുക നബാർഡ് വഹിക്കുന്നൊരു പദ്ധതിയെന്ന നിലയ്ക്കും എയർപോർട്ടിലേയ്ക്കും ശംഖുമുഖം-വേളി എന്നിവിടങ്ങളിലേയ്ക്കുള്ള പ്രധാന റോഡാണെന്ന വസ്തുത പരിഗണിച്ചും ഇതിന് അനുമതി നൽകണമെന്നും ഈ പദ്ധതി നഷ്ടമാകാതിരിക്കാൻ അടിയന്തരമായി ഇടപെടണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി <u>(ശ്രീ. കെ. എൻ. ബാലഗോപാൽ)</u>: സർ, ആർ.എ.ഡി.എഫ് ട്രാഞ്ചെ 28-ൽ നബാർഡിൽനിന്നും പൊതുമരാമത്ത് വകുപ്പിന് അംഗീകാരം ലഭിച്ച മണക്കാട്-വലിയതുറ, വലിയതുറ-ബീമാപള്ളി, വലിയതുറ-എയർപോർട്ട് എന്നീ റോഡുകളുടെ പ്രവൃത്തി പുരോഗമിക്കുന്നു. പദ്ധതിയുടെ ആകെ മൂലധനം 765.98 ലക്ഷം രൂപയും നബാർഡ് വിഹിതം 612.78 ലക്ഷം രൂപയുമാണ്. സർക്കാർ വിഹിതം 153.2 ലക്ഷം രൂപയാണ്. ഈ പദ്ധതിക്കുവേണ്ടി മൊബിലൈസേഷൻ അഡ്വാൻസായി 122.56 ലക്ഷം രൂപ നബാർഡ് റിലീസ് ചെയ്തിട്ടുണ്ട്. എന്നാൽ അനുമതി ലഭിച്ച് 21 മാസം

കഴിഞ്ഞിട്ടും പൊതുമരാമത്ത് വകുപ്പ് നാളിതുവരെ ടി തുക പദ്ധതി പ്രവർത്തനങ്ങൾക്കായി പിൻവലിച്ചിട്ടില്ല. പൊതുമരാമത്ത് വകുപ്പിന്റെ ഉത്തരവുപ്രകാരം ടി പദ്ധതിക്ക് 765.98 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തിക്കായി നാലുതവണ ടെൻഡർ ക്ഷണിച്ചെങ്കിലും വിവിധ കാരണങ്ങളാൽ ടെൻഡർ നടപടികൾ പൂർത്തിയാക്കാൻ സാധിച്ചില്ല. പ്രസ്തുത പ്രവൃത്തി അഞ്ചാമതും ടെൻഡർ ചെയ്തപ്പോൾ മെ. ശ്രീധന്യാ കൺസ്ട്രക്ഷൻ കമ്പനി ക്വാട്ട് ചെയ്ത 8,30,41,042.53/- രൂപയുടെ എസ്റ്റിമേറ്റ് പദ്ധതിയുടെ യഥാർത്ഥ എസ്റ്റിമേറ്റിനെക്കാൾ 28.11 ശതമാനം അധികമായതിനാൽ ബന്ധപ്പെട്ട ഫയൽ പൊതുമരാമത്ത് വകുപ്പ് ധനകാര്യവകുപ്പിന്റെ അഭിപ്രായത്തിനായി ലഭ്യമാക്കിയിട്ടുണ്ട്. ഇതുസംബന്ധിച്ച് ടെൻഡർ എക്സസ്സുള്ളതുകൊണ്ട് അധികമായി വരുന്ന തുക സംസ്ഥാന സർക്കാർ വഹിക്കേണ്ടതായിട്ടുണ്ട്. ആയതിനാൽ ഇതുസംബന്ധിച്ച ഫയൽ ധനകാര്യ വകുപ്പിന്റെ സജീവ പരിഗണനയിലാണ്. ടി റോഡിന്റെ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് സർക്കാർ അനുകൂല സമീപനം സ്വീകരിക്കുന്നതാണ്.

(8) അഭിഭാഷക ക്ലാർക്ക് ക്ഷേമനിധി ബോർഡ്

ശ്രീമതി ശാന്തകുമാരി കെ.: സർ, നീതിന്യായ വ്യവസ്ഥ സംവിധാനത്തിലെ അഭിവാജ്യഘടകമായ കേരള അഭിഭാഷക ക്ലാർക്കുമാരുടെ ക്ഷേമനിധിയുമായി ബന്ധപ്പെട്ട വിഷയമാണ് ഈ സബ്മിഷനിലൂടെ അവതരിപ്പിക്കുന്നത്. ഏകദേശം പതിനഞ്ച് വർഷത്തോളം വക്കീലായി പ്രാക്ടീസ് ചെയ്തതുകൊണ്ടും ക്ലാർക്കുമാരുടെ പ്രശ്നങ്ങളെ സംബന്ധിച്ച് അറിയാവുന്നതുകൊണ്ടും അഭിഭാഷക ക്ലാർക്കുമാരുടെ ക്ഷേമത്തിനുവേണ്ടി 2004-ൽ നിലവിൽവന്ന ക്ഷേമനിധി ബോർഡിന്റെ ആകെ വരുമാനം അംഗങ്ങൾ വർഷന്തോറും നൽകുന്ന 1,200 രൂപയുടെ വരിസംഖ്യയും വക്കാലത്തിൽ ഒട്ടിക്കുന്ന വെൽഫെയർ സ്റ്റാമ്പിൽനിന്നും ലഭിക്കുന്ന നാമമാത്രമായ വിഹിതവുമാണ്. എന്നാൽ, ക്ഷേമനിധി ബോർഡിന്റെ നിലവിലെ ബജറ്റുപ്രകാരം വരവിനെക്കാൾ കൂടുതൽ ചെലവ് വരുന്നതിനാൽ 2021-ൽ ബോർഡുതന്നെ അംഗങ്ങളുടെ വാർഷിക വരുമാനം/വാർഷിക വരിസംഖ്യ 1,200-ൽ നിന്ന് 2,000 രൂപയാക്കാനും വെൽഫെയർ സ്റ്റാമ്പ് 12 രൂപയിൽനിന്നും 20 രൂപയാക്കി വർധിപ്പിക്കാനും തീരുമാനിക്കുകയും അന്ന്

അഭിഭാഷക ക്ലാർക്കുമാർ ഇത് പൂർണ്ണമനസ്സോടെ സമ്മതിക്കുകയും ചെയ്തതാണ്. ഈ വർധനയിലൂടെ സർക്കാരിനോ കക്ഷികൾക്കോ മറ്റ് ആർക്കെങ്കിലുമോ യാതൊരു തരത്തിലുമുള്ള അധികബാധ്യതയും ഉണ്ടാകുന്നില്ല. അതുകൊണ്ട് അടിയന്തരമായി അഭിഭാഷക ക്ഷേമനിധി ബോർഡിൽ ഇതുകൂടി ചേർക്കുന്നതിനുവേണ്ടി നിയമത്തിൽ ഭേദഗതി ചെയ്യണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ അഭിഭാഷക ക്ലാർക്കുമാരുടെ പെൻഷനിലും മറ്റാനുകൂല്യങ്ങളിലും വർധനവ് വരുത്തിയിട്ടുണ്ട്. ബഹുമാന്യനായ അംഗം ഇപ്പോൾ ആവശ്യപ്പെട്ടത് ക്ഷേമനിധിയിലേയ്ക്കുള്ള വരുമാനം ആനുപാതികമായി വർധിപ്പിക്കാൻ സ്റ്റാമ്പിൽ നിന്നുമുള്ള മൂല്യം വർധിപ്പിക്കാൻ സർക്കാർ നയപരമായി അംഗീകാരം നൽകണമെന്നത് സംബന്ധിച്ചാണ്. ക്ഷേമനിധി ബോർഡിന്റെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുന്നതിനായി ക്ഷേമനിധിയിലേയ്ക്കുള്ള വരുമാനത്തിന്റെ മുഖ്യസ്രോതസ്സായ കേരള അഡ്വക്കേറ്റ് ക്ലാർക്ക് ക്ഷേമനിധി സ്റ്റാമ്പിന്റെ മൂല്യം വർധിപ്പിക്കുന്നതിനും ക്ഷേമനിധി

അംഗങ്ങളുടെ വാർഷിക വരിസംഖ്യ വർധനവും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സർക്കാരിന്റെ പരിഗണനയിലാണ്. (വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു+)

## (9) ചെങ്കൽ പണ നേരിടുന്ന പ്രതിസന്ധി

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, കാസർഗോഡ് ജില്ലയിലെ ചെങ്കൽ ഉല്പാദകരും തൊഴിലാളികളും ഇപ്പോൾ ദുരിതക്കയത്തിലാണ്. അവരും കുടുംബങ്ങളും മുഴുപട്ടിണിയിലാണെന്നതാണ് യാഥാർഥ്യം. ചെങ്കൽ പണകളിൽനിന്നും ചെങ്കൽ എടുക്കാനോ മറ്റ് സ്ഥലങ്ങളിലേയ്ക്ക് കൊണ്ടുപോകാനോ പാടില്ല. അഥവാ അങ്ങനെ ചെയ്താൽ റവന്യൂ ഉദ്യോഗസ്ഥരും പോലീസുകാരും വ്യാപകമായി അവരെ പിടികൂടുന്ന സാഹചര്യമാണുള്ളത്. നിയമലംഘനം നടത്തുന്നുണ്ടെങ്കിൽ ശിക്ഷ നൽകണം. പക്ഷേ, അത് ആളുകളുടെ ജീവനെടുക്കുന്ന രീതിയിലാകരുതെന്നാണ് എന്റെ അഭ്യർഥന. ചെങ്കൽ വാഹനങ്ങൾ പിടികൂടുന്നുണ്ട്. ഇങ്ങനെ പിടികൂടിയ വാഹനങ്ങൾക്ക് ജിയോളജി വകുപ്പാണ് പിഴ ചുമത്തേണ്ടതെങ്കിലും

+ അനുബന്ധമായി ചേർക്കുന്നു.

കാസർഗോഡ് ജില്ലയിൽ കളക്ടറുടെ നിർദ്ദേമില്ലാതെ യാതൊരു നടപടിയും സ്വീകരിക്കാൻ സാധിക്കാത്ത സ്ഥിതിയാണുള്ളത്. താലൂക്ക് ഓഫീസിനുമുന്നിലും പോലീസ് സ്റ്റേഷനുമുന്നിലും മാസങ്ങളോളം വാഹനങ്ങൾ കെട്ടികിടക്കുകയാണ്. അങ്ങനെ കെട്ടികിടന്നാൽ വാഹനമുടമകളുടെയും അതുമായി ബന്ധപ്പെട്ട് ജീവിക്കുന്ന തൊഴിലാളികളുടെയും അവസ്ഥ എന്താണെന്ന് ഞാൻ ഇവിടെ പ്രത്യേകം വിവരിക്കേണ്ട ആവശ്യമില്ല. കുറച്ച് ദിവസങ്ങൾക്കുമുമ്പ് ചെങ്കൽ ക്വാറി അസോസിയേഷൻ നടത്തിയ റിലേ നിരാഹാര പന്തലിൽ ജില്ലയിലെ എല്ലാ എം.എൽ.എ.-മാരും സന്ദർശിച്ചിരുന്നു. ആ പന്തലിൽ നിരാഹാരം കിടന്നൊരു സഹോദരൻ അവിടെവച്ച് ആത്മഹത്യ ചെയ്യാനുള്ള ശ്രമംപോലും നടത്തി. കാസർഗോഡ് ജില്ലയിലെ പട്ടയഭൂമികളിൽനിന്നും ചെങ്കലെടുക്കാൻ സാധിക്കുന്നില്ല. പിടികൂടിയ വാഹനങ്ങളെങ്കിലും പെട്ടെന്ന് വിട്ടുകൊടുക്കാനുള്ള സംവിധാനമുണ്ടാക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. മാത്രമല്ല, ഇങ്ങനെ പിടിച്ചിട്ട വാഹനങ്ങൾ കാലപ്പഴക്കം ചെല്ലുമ്പോൾ തുരുമ്പെടുക്കുന്നൊരു

അവസ്ഥയുണ്ടാകാൻ പാടില്ലെന്നുകൂടി ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, അനധികൃത ചെങ്കൽ ഖനനത്തിന് നിയമാനുസൃതമായ പിഴ ചുമത്തുകയും നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുകയുമാണ് സർക്കാർ ചെയ്യുന്നത്. ബഹുമാനപ്പെട്ട അംഗം ഇവിടെ ജില്ലാ കളക്ടറെ സംബന്ധിച്ച് പരാമർശിക്കുകയുണ്ടായി. അക്കാര്യത്തെപ്പറ്റി പ്രത്യേകമായി പരിശോധിക്കാം. ചെങ്കൽ തൊഴിലാളികളും/സംരംഭകരും നിരവധി പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നുണ്ടെന്നത് അവിടെ നിന്നുള്ള അംഗങ്ങൾ പലഘട്ടങ്ങളിലും സഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യങ്ങൾ വിശദമായി പരിശോധിക്കുന്നതിനായി ആ മേഖലയിൽനിന്നുള്ള ആറ് അംഗങ്ങളും മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിൽനിന്നുള്ള അഞ്ച് അംഗങ്ങളെയുമുൾപ്പെടുത്തി ഒരു കമ്മിറ്റിയെ നിയോഗിക്കുകയും ടി കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് ധനകാര്യവകുപ്പിന്റെ പരിശോധനയ്ക്കുശേഷം ഇപ്പോൾ

സർക്കാരിന്റെ പരിഗണനയിലാണ്. ടി റിപ്പോർട്ട് വിശദമായി പരിശോധിച്ച് ആവശ്യമായ തീരുമാനങ്ങൾ സർക്കാർ സ്വീകരിക്കുന്നതാണ്.

(10) വിഴിഞ്ഞത്തിന്റെ അടിസ്ഥാന സൗകര്യ വികസനം

ശ്രീ. എം. വിൻസെന്റ്: സർ, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം യാഥാർത്ഥ്യമാകുമ്പോഴുണ്ടാകുന്ന പ്രത്യേക സാഹചര്യം കൈകാര്യം ചെയ്യാൻ വിഴിഞ്ഞം പ്രദേശം പ്രാപ്തമല്ലാത്തതിനാൽ ഒരു പ്രത്യേക ഏജൻസിയെ നിയോഗിച്ച് പഠനം നടത്തി അവിടത്തെ അടിസ്ഥാനസൗകര്യം വികസനത്തിനുവേണ്ടി ഒരു പാക്കേജ് പ്രഖ്യാപിക്കണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്. വിഴിഞ്ഞം ആശുപത്രിയെ ക്യാഷ്യാലിറ്റി, ട്രോമാ കെയർ എന്നീ സൗകര്യങ്ങളോടുകൂടിയ ജില്ലാ ആശുപത്രിയുടെ നിലവാരത്തിലേയ്ക്ക് ഉയർത്താനും തിരുവനന്തപുരത്തേയ്ക്കും വിഴിഞ്ഞത്തേയ്ക്കും മെട്രോ സർവ്വീസ് ആരംഭിക്കാനും വിഴിഞ്ഞം തുറമുഖത്തെത്തുന്ന റോഡുകളെല്ലാം ഉയർന്ന നിലവാരമുള്ളതാക്കാനും വിഴിഞ്ഞം പ്രദേശത്തിന് മാത്രമായി പ്രത്യേകം കുടിവെള്ള പദ്ധതി സ്ഥാപിക്കാനും നടപടി സ്വീകരിക്കണം. ഇതിനുപുറമെ, രാജ്യത്തിനകത്തുനിന്നും പുറത്തുനിന്നും

അവിടെയെത്തുന്ന ടൂറിസ്റ്റുകൾക്ക് അടിസ്ഥാന സൗകര്യമൊരുക്കാനും വിഴിഞ്ഞം പോലീസ് സ്റ്റേഷൻ അസിസ്റ്റന്റ് കമ്മീഷണർ ഓഫീസായി ഉയർത്താനും വിഴിഞ്ഞം-ബാലരാമപുരം-കോവളം-കാഞ്ഞിരംകുളം-പൂവാർ എന്നീ സ്റ്റേഷനുകളിലെ ക്രൈം കേസുകൾ കൈകാര്യം ചെയ്യുന്നതിന് ഒരു പ്രത്യേക കോടതി സ്ഥാപിക്കാനും അവിടെ ഒരു അസിസ്റ്റന്റ് ലേബർ ഓഫീസും സ്ഥാപിക്കാനും അന്താരാഷ്ട്ര നിലവാരമുള്ള സ്റ്റേഡിയം നിർമ്മിക്കാനും കെ.എസ്.ആർ.ടി.സി. ഡിപ്പോ അന്താരാഷ്ട്ര നിലവാരമുള്ള ബസ് ടെർമിനലാക്കി ഉയർത്താനുമാവശ്യമായ ഒരു സമഗ്ര പാക്കേജ് നടപ്പാക്കണം. കാരണം, ദിനംപ്രതി അവിടേയ്ക്കെത്തുന്ന പതിനായിരക്കണക്കിനാളുകൾക്ക് അടിസ്ഥാനസൗകര്യങ്ങളൊരുക്കാൻ ഇന്നത്തെ സംവിധാനങ്ങൾ പ്രാപ്തമല്ല. അതുകൊണ്ട് ഒരു ഏജൻസിയെ നിയോഗിച്ച് പഠനം നടത്തി പശ്ചാത്തല വികസന സൗകര്യങ്ങളേർപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കണം.

(11) <u>വിഴിഞ്ഞത്തിന്റെ അടിസ്ഥാന സൗകര്യ വികസനം</u>

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (<u>ശ്രീ. വി. എൻ. വാസവൻ</u>): സർ, വിഴിഞ്ഞത്ത് നിരവധി അടിസ്ഥാനസൗകര്യ വികസന പദ്ധതികൾ

സർക്കാർ നടപ്പിലാക്കിവരുന്നുണ്ട്. ഫിഷറീസ്, വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി. പി.ഡബ്ല്യൂ.ഡി. മുതലായ വകുപ്പുകൾ ഇതിനോടകം വിവിധ പദ്ധതികൾ ആവിഷ്കരിച്ച് പ്രാവർത്തികമാക്കിവരുന്നു. തുറമുഖത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്ന വിവിധ വികസന സാധ്യതകൾ പരിശോധിക്കുന്നതിനുവേണ്ടി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതിലേക്കായി അന്താരാഷ്ട്ര നിലവാരമുള്ള ഒരു കൺസൾട്ടന്റിനെ ട്രാൻസാക്ഷൻ അഡ്വൈസറായി കണ്ടെത്തണമെന്നും തീരുമാനിച്ചിട്ടുണ്ട്. ഇതുപ്രകാരം കൺസൾട്ടന്റിനെ കണ്ടെത്തുന്നതിനുള്ള ടെൻഡർ നടപടികൾ പുരോഗമിക്കുകയാണ്. ടി വികസന പദ്ധതി നടപ്പലാക്കുന്നതോടൊപ്പം വിഴിഞ്ഞത്തെയും സമീപപ്രദേശങ്ങളിലെയും അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്താനും സാധിക്കുന്നതാണ്. (വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു+)

## (12) വക്കം-കായിക്കരക്കടവ് പാലം നിർമ്മാണം

ശ്രീമതി ഒ. എസ്. അംബിക: സർ, ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ തീരദേശഗ്രാമമായ വക്കം മൂന്നുഭാഗവും കായലുകളാൽ ചുറ്റപ്പെട്ട പ്രദേശമാണ്.

\+ അനുബന്ധമായി ചേർക്കുന്നു.

വക്കത്തുനിന്നും തീരദേശ ഹൈവേ കടന്നുപോകുന്ന കായിക്കരയിലേയ്ക്കെത്താൻ സഹായിക്കുന്ന വക്കം-കായിക്കരക്കടവ് പാലം നിർമ്മിക്കാനും സ്ഥലമേറ്റെടുക്കാനും തുക അനുവദിച്ചിട്ടുണ്ട്. ടി പദ്ധതിക്കാവശ്യമായ സ്ഥലമേറ്റെടുക്കൽ നടപടി പുരോഗമിച്ചുവരുന്നു. ഇത് പൂർത്തിയായാൽ മാത്രമെ പാലം നിർമ്മാണമാരംഭിക്കാൻ സാധിക്കുകയുള്ളൂ. അടിയന്തര പ്രധാന്യത്തോടെയാണ് സ്ഥലമേറ്റെടുക്കൽ നടപടി ഏറ്റെടുത്തത് സഭയുടെ ശ്രദ്ധയിൽപെടുത്തുകയാണ്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത്. കായിക്കരക്കടവ് പാലം നിർമ്മാണത്തിന് സ്ഥലമേറ്റെടുക്കലുമായി ബന്ധപ്പെട്ട് 44 ഭൂവുടമകളാണുള്ളത്. 44 ഭൂവുടമകളിൽ വക്കം വില്ലേജിൽ ബ്ലോക്ക് നമ്പർ 9-ൽപ്പെട്ട 7 ഭൂവുടമകളിൽനിന്നും അഞ്ചുതെങ്ങ് വില്ലേജിലെ ബ്ലോക്ക് നമ്പർ 8-ൽപ്പെട്ട 15 ഭൂവുടമകളിൽനിന്നും ഇതിനോടകം സ്ഥലമേറ്റെടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ സ്ഥലമേറ്റെടുക്കാൻ 6,88,45,531 രൂപ ലഭ്യമായിട്ടുണ്ട്. അതിൽ 3,52,99,682 രൂപ ഭൂവുടമകൾക്ക് ഇതിനകം

അനുവദിച്ചുകഴിഞ്ഞു. ബാക്കിയുള്ള ഭൂവുടമകൾക്ക് നൽകാൻ 3,35,45,849 രൂപ മാത്രമേ കൈവശമുള്ളൂ. സ്ഥലമേറ്റെടുക്കൽ നടപടി പൂർത്തീകരിക്കുന്നതിന് 1,28,56,770 രൂപകൂടി ആവശ്യമുള്ളതും ആയത് ലഭ്യമാക്കാൻ അർത്ഥനാധികാരിയായ കേരള റോഡ് ഫണ്ട് ബോർഡിന് നിർദേശം നൽകിയിട്ടുള്ളതുമാണ്. അർത്ഥനാധികാരി നഷ്ടപരിഹാരത്തുക അനുവദിക്കുന്നമുറയ്ക്ക് ഭൂമിയേറ്റെടുക്കൽ നടപടി സമയബന്ധിതമായി പൂർത്തീകരിക്കും. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട അംഗത്തെയുംകൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു യോഗം അടിയന്തരമായി വിളിച്ചുചേർക്കുന്നതാണ്.

## (13) വിലങ്ങാട് ദുരിതബാധിതർ നേരിടുന്ന വിവിധ പ്രശ്നങ്ങൾ

ശ്രീ. ഇ. കെ. വിജയൻ: സർ, വയനാട് മേപ്പാടിയൊടൊപ്പം വിലങ്ങാടുള്ള നരിപ്പറ്റ, വാണിമേൽ പഞ്ചായത്തുകളിലും ജൂലൈ 30-ന് അതേസമയത്താണ് ദുരന്തമുണ്ടായത്. വാണിമേൽ പഞ്ചായത്തിലെ മൂന്ന് വാർഡുകളിലും നരിപ്പറ്റ പഞ്ചായത്തിലെ ഒരു വാർഡിലുമാണ് ഉരുൾപൊട്ടൽ ഭീഷണിയുണ്ടായത്. വെള്ളത്തിന്റെ ഒഴുക്കിൽപ്പെട്ട് വീടുകൾ തകരുകയും ആകെ മൂന്ന് പേർ

മരണപ്പെടുകയും ചെയ്തു. ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മന്ത്രിമാർ, നേതാക്കന്മാർ, മത മേലദ്ധ്യക്ഷന്മാർ, സാമൂഹ്യ സന്നദ്ധ സംഘടന പ്രവർത്തകർ എന്നിവരൊക്കെ അവിടെ എത്തിച്ചേർന്നിരുന്നു. ഇതിനെത്തുടർന്ന് 33 കുടുംബങ്ങളെ വാടക വീടുകളിലേയ്ക്ക് മാറ്റി താമസിപ്പിച്ചുവെങ്കിലും അതിനുശേഷമുണ്ടായ ശക്തമായ മഴയെത്തുടർന്ന് അവിടെ താമസിക്കാൻ സാധിക്കില്ലെന്ന കാഴ്ചപ്പാടിൽ കൂടുതൽപേരെ വാടക വീടുകളിലേയ്ക്ക് മാറ്റിതാമസിപ്പിക്കേണ്ടി വന്നിരിക്കുകയാണ്. അങ്ങനെയൊരു പ്രതിസന്ധി നിലനിൽക്കുന്നതോടൊപ്പം പുഴയിൽ വ്യാപകമായി മരവും മണ്ണും കല്ലും നിറഞ്ഞിരിക്കുകയും വൻതോതിൽ കൃഷിനാശവും സംഭവിച്ചിട്ടുണ്ട്. കടകൾ, സഹകരണ സ്ഥാപനങ്ങൾ, റേഷൻ കട ഉൾപ്പെടെ ഒട്ടനവധി കെട്ടിടങ്ങൾക്കും നാശനഷ്ടമുണ്ടായി. ഇതിന്റെയൊക്കെ വിശദമായ കണക്കുകൾ തയ്യാറാക്കി സർക്കാരിന് നൽകിയിട്ടുണ്ട്. വയനാടിനോടൊപ്പംതന്നെ അല്ലെങ്കിൽ മേപ്പാടിയോടൊപ്പംതന്നെ വിലങ്ങാടിന്റെയും പ്രശ്നം പരിഹരിക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വകുപ്പുമന്ത്രിമാരും സൂചിപ്പിക്കുകയുണ്ടായി. അതോടൊപ്പം ഇവരിൽ പലർക്കും വലിയ തോതിലുള്ള ബാങ്ക് ലോൺ

തിരിച്ചടക്കാൻ സാധിക്കാത്ത സാഹചര്യമുണ്ട്. ഇന്നലെ അക്കാര്യങ്ങളൊക്കെ ചർച്ച ചെയ്തതാണ്. അതുകൂടി പരിഹരിക്കാനുള്ള സംവിധാനമുണ്ടാകണം. ബഹുമാനപ്പെട്ട മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ബഹുമാനപ്പെട്ട മറ്റ് മന്ത്രിമാരെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് അടിയന്തമായി ഒരു യോഗം ചേർന്ന് പുനർനിർമ്മാണപ്രക്രിയയ്ക്ക് ശാശ്വത പരിഹാരം കാണാനുള്ള തീരുമാനകൂടിയുണ്ടാകണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, അങ്ങയുടെ നിർദേശപ്രകാരം വിശദമായ മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുകയാണ്.+ പക്ഷെ, ചൂരൽമലയ്ക്ക് തുല്യമായ വളരെ ഗുരുതരമായ അപകടമാണ് വിലങ്ങാടുണ്ടായത്. വാണിമേൽ ഗ്രാമപഞ്ചായത്തിൽ 9, 10, 11 വാർഡുകളിലും നരിപ്പറ്റ ഗ്രാമ പഞ്ചായത്തിലെ മൂന്നാം വാർഡുമാണ് ദുരന്തബാധിത മേഖലയായി പ്രഖ്യാപിച്ചിട്ടുള്ളത്. 10,000 രൂപ വീതമുള്ള അടിയന്തര ധനസഹായം 451 കുടുംബങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്. ജീവനോപധി നഷ്ടപ്പെട്ട കുടുംബങ്ങളെയും ദീർഘനാൾ ചികിത്സയിൽ കഴിയുന്നവരെ സഹായിക്കുന്നതിനുമായി 300 രൂപ വീതം 30 ദിവസത്തേയ്ക്ക് ഒരു കുടുംബത്തിലെ രണ്ട് വ്യക്തികൾക്ക് വിതം

+ നിയമസഭയുടെ ഔദ്യോഗിക വെബ് സൈറ്റിൽ ലഭ്യമാണ്.

വിതരണം ചെയ്യാനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. 6,000 രൂപ വീതം വാടകയും മരണാനന്തര ധനസഹായവും 501 കുടുംബങ്ങൾക്ക് സൗജന്യ റേഷനും അനുവദിച്ചിട്ടുണ്ട്. വലങ്ങാട് ദുരന്തവുമായി ബന്ധപ്പെട്ട് ചൂരൽമല ദുരന്തബാധിതർക്ക് നൽകുന്ന എല്ലാ സഹായങ്ങളും അവിടെയും നൽകാനുള്ള സമീപനം സ്വീകരിച്ചിട്ടുണ്ട്. ജില്ല ജിയോളജിസ്റ്റ്, ജില്ല മണ്ണ് സംരക്ഷ ഓഫീസർ, ജില്ല ഹൈഡ്രോളജിസ്റ്റ്, **ഹസാർഡ് അനലിസ്റ്റ്**, അസിസ്റ്റന്റ് എഞ്ചിനീയർ (പൊതുമരാമത്ത് കെട്ടിട വിഭാഗം), അസിസ്റ്റന്റ് എഞ്ചിനീയർ (വാണിമേൽ ഗ്രാമ പഞ്ചായത്ത്) എന്നിവരുൾപ്പെട്ട വിദഗ്ധസംഘം 02-08-2024-ന് സ്ഥലപരിശോധന നടത്തിയിട്ടുണ്ട്. അങ്ങയുടെ നിർദേശപ്രകാരം 13-08-2024-ന് റാപ്പിഡ് വിഷ്വൽ സ്ക്രീനിംഗ് ടീമിനെ അവിടേയ്ക്ക് അയച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട അംഗം ആവശ്യപ്പെട്ട എല്ലാ കാര്യങ്ങളും ചെയ്യുന്നതാണ്. ബഹുമാനപ്പെട്ട അംഗത്തിന്റെ നിർദേശപ്രകാരം ചീഫ് സെക്രട്ടറി ഇന്നലെ അവിടേയ്ക്ക് അയച്ചിരുന്നു. ആ ഉദ്യോഗസ്ഥസംഘവും അവരുടെ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ബഹുമാനപ്പെട്ട അംഗം ആവശ്യപ്പെട്ടതുപോലെ **ആ**

**ജില്ലയുടെ ചുമതലക്കാരൻകൂടിയായ പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി ശ്രീ.** പി. എ. മുഹമ്മദ് റിയാസിന്റെയും വനം-വന്യജീവി വകുപ്പുമന്ത്രി ശ്രീ. എ. കെ. ശശീന്ദ്രന്റെയും സാന്നിദ്ധ്യത്തിൽ കോഴിക്കോട് വച്ച് അടിയന്തരമായി ഉദ്യോഗസ്ഥന്മാരുടെ പ്രത്യേക യോഗം ചേരുന്നതാണ്.

(14) കുറിഞ്ഞിമല സാങ്ച്വറി രൂപീകരണം

ശ്രീ. എ. രാജ: സർ, ദേവികുളം താലൂക്കിൽ വട്ടവട, കൊട്ടക്കൊമ്പൂർ വില്ലേജുകളിലെ കുറിഞ്ഞിമല സാങ്ച്വറി പ്രശ്നം പരിഹരിക്കണമെന്ന് ആവശ്യപ്പെടുന്നതിനുവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. 2006-ൽ സർക്കാർ ഉത്തരവുപ്രകാരം വട്ടവട, കൊട്ടക്കൊമ്പൂർ വില്ലേജുകളിൽ ഏകദേശം 3200 ഹെക്ടർ സ്ഥലത്ത് കുറിഞ്ഞിമല സാങ്ച്വറി രൂപീകരണവുമായി ബന്ധപ്പെട്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. എന്നാൽ 17 വർഷം കഴിഞ്ഞിട്ടും ഈ സാങ്ച്വറിയുടെ സർവേ നടപടകളാരംഭിക്കുകയോ അതിരുകൾ നിർണ്ണയിക്കുകയോ സർക്കാർ ഏറ്റെടുക്കുന്ന ഭൂമിയിലെ കർഷകരുടെ പ്രശ്നങ്ങളിൽ തീരുമാനമെടുക്കുകയോ ചെയ്തിട്ടില്ല. സംയുക്തമായി ബഹുമാനപ്പെട്ട

മന്ത്രിമാർ അവിടം സന്ദർശിച്ച് ചില തീരുമാനങ്ങളെടുത്തിരുന്നു. എന്നാൽ, ആ തീരുമാനങ്ങളൊന്നും നാളിതുവരെ നടപ്പിലായിട്ടില്ല. ഇതിനുവേണ്ടി ഐ.എ.എസ്. റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനെ സ്പെഷ്യൽ ഓഫീസറായി നിയമിക്കുന്നുണ്ട്. ഉദ്യോഗസ്ഥന്മാർ മാറി വരുന്നതല്ലാതെ തുടർ നടപടികൾ പുരോഗമിക്കുന്നില്ല. പട്ടയം കൈവശമുള്ള ആളുകൾക്ക് കരമടയ്ക്കാനോ പോക്കുവരവ് നടത്താനോ കർഷകർ നട്ടുവളർത്തിയ മരങ്ങൾ മുറിക്കാനോ സാധിക്കാത്തൊരു സ്ഥിതിവിശേഷമാണുള്ളത്. സർവേ നടപടികൾ പൂർത്തീകരിക്കുന്നതുവരെയെങ്കിലും പട്ടയമുള്ള ആളുകൾക്ക് അവർ നട്ടുവളർത്തിയ മരങ്ങൾ മുറിക്കാനുള്ള ഇടപെടലുണ്ടാകണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജൻ</u>): സർ, വളരെ ഗൗരവമേറിയതും പ്രാധാന്യമുള്ളതുമായൊരു പ്രശ്നമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത്. ദീർഘമായ മറുപടിയായതിനാൽ വിശദാംശങ്ങൾ മുഴുവനും വായിക്കുന്നില്ല. ദേവികുളം താലൂക്കിലെ വട്ടവട വില്ലേജിലെ ബ്ലോക്ക് നമ്പർ 602-ലെ കൊട്ടക്കൊമ്പൂർ വില്ലേജിലെ ബ്ലോക്ക് നമ്പർ 58

എന്നിവയിപ്പെട്ട പട്ടയ ഭൂമി ഒഴിവാക്കിയുള്ള ഏകദേശം 3200 ഹെക്ടർ ഭൂമിയാണ് കുറിഞ്ഞിമല ഉദ്യാനം രൂപീകരിക്കുന്നതിനായി 1972 വനം വന്യജീവി സംരക്ഷണ നിയമപ്രകാരവും 2006-ൽ വനം വകുപ്പ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. ഫോറസ്റ്റ് സെറ്റിൽമെന്റ് ഓഫീസറായി ദേവികുളം ആർ.ഡി.ഒ. 2015-ൽ നിയമിച്ചുത്തരവായിരുന്നു. ഉദ്ദേശവിജ്ഞാപനം പുറപ്പെടുവിച്ച പ്രദേശത്തെ ജനങ്ങളുടെ ഭൂമിയിന്മേലുള്ള അവകാശം പരിശോധിക്കാനും കയ്യേറ്റങ്ങൾ ഒഴിപ്പിക്കാനും ഓരോ തണ്ടപ്പേർ കക്ഷിയെയും നേരിട്ട് കേട്ട് രേഖകൾ പരിശോധിച്ച് കൈവശക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കാനുമുള്ള ചുമതല സെറ്റിൽമെന്റ് ഓഫീസർക്ക് നൽകിയിരുന്നു. വനം വകുപ്പിന്റെ ഉദ്ദേശവിജ്ഞാപനത്തിലുൾപ്പെട്ട മേൽപ്പറഞ്ഞ വില്ലേജുകളിലെ പട്ടയ ഭൂമി ഒഴിവാക്കിയുള്ള ഭൂമിയുടെ അതിരുകൾ പുനർനിർണ്ണയം ചെയ്ത് കുറിഞ്ഞിമല സങ്കേതത്തിന്റെ അതിരുകൾ നിശ്ചയിക്കാൻ 2018-ലും 2020-ലും റവന്യൂ വകുപ്പ് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. വന നിയമപ്രകാരവും ഭൂപതിവ് നിയമപ്രകാരവുമുള്ള കളക്ടർ അധികാരം നൽകി സ്പെഷ്യൽ ഓഫീസർമാരായി നിയമിക്കപ്പെടുന്നത് സബ് കളക്ടർമാരെയാണ്. എന്നാൽ ഒരു മുതിർന്ന

ഐ.എ.എസ്. ഉദ്യോഗസ്ഥനെ ഇക്കാര്യത്തിൽ നിയമിക്കണമെന്ന ഉദ്ദേശത്തോടുകൂടി കുറിഞ്ഞിമല സങ്കേതത്തിന്റെ കാര്യനിർവഹണത്തിനായി ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണറായിരുന്ന ഡോ. എ. കൗശികിനെ സ്പെഷ്യൽ ഓഫീസറായി 2020-ൽ നിയമിച്ചിരുന്നു. എന്നാൽ, റവന്യൂ ഹെഡ് ഓഫീസിൽ പ്രധാന ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥനെ ഇടുക്കി ജില്ലയിലുള്ള ഈ ചുമതല കാര്യക്ഷമമായി നിർവഹിക്കാൻ സാധിക്കില്ലെന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിൽനിന്നുതന്നെയുള്ള ദേവികുളം സബ് കളക്ടർക്ക് കുറിഞ്ഞിമല സങ്കേതത്തിന്റെ അധിക ചുമതല നൽകി 2022-ൽ ഉത്തരവായി. ഉദ്യാനപ്രദേശത്തെ പട്ടയഭൂമിയുടെ തണ്ടപ്പേർ പരിശോധന നടത്തേണ്ടത് സെറ്റിൽമെന്റ് ഓഫീസറാണ്. ദേവികുളം സബ് കളക്ടർ നിലവിൽ ഇടുക്കി ഡെവലപ്പ്മെന്റ് ഓഫീസർ, ഇടുക്കി പാക്കേജിന്റെ സ്പെഷ്യൽ ഓഫീസർ, മാങ്കുളം, ദേവികുളം, ഉടുമ്പൻചോല താലൂക്കുകളിലെ റിസർവ് ഫോറസ്റ്റുകളുടെയും നാഷണൽ പാർക്കുകളുടെ സെറ്റിൽമെന്റ് ഓഫീസർ എന്ന നിലയിൽ പ്രവർത്തിക്കുന്നതിനാൽ കുറിഞ്ഞി സങ്കേതത്തിന്റെ സെറ്റിൽമെന്റ് നടപടികൾ പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. വിശദാംശങ്ങൾ

പൂർണ്ണമായും വായിക്കുന്നില്ല. ഉദ്ദേശവിജ്ഞാപനത്തിൽപ്പെട്ട ഭൂമിയിൽ താമസിച്ച് കൃഷി ചെയ്യുന്നവരെ ഒഴിപ്പിക്കാതെ അവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുകയെന്നതാണ് പരിഹരിക്കപ്പെടേണ്ട പ്രധാനപ്പെട്ട പ്രശ്നം. അതോടൊപ്പം നീലകുറിഞ്ഞി ഉദ്യാനത്തിന്റെ അതിരുകൾ നിർണ്ണയിക്കുക, ഭൂമി പ്രശ്നം പരിഹരിക്കുക, സർവേ നടത്തുക, പട്ടയങ്ങളുടെ ആധികാരികത പരിശോധിക്കുക എന്നിവയും വളരെ പ്രധാനപ്പെട്ട പ്രശ്നങ്ങളാണ്. മാത്രമല്ല, വനഭൂമിയും പട്ടയഭൂമിയും തിട്ടപ്പെടുത്തേണ്ടതുമുണ്ട്. ഇതിനായി കുറിഞ്ഞിമല ഉദ്യാനത്തിന്റെ സെറ്റിൽമെന്റ് ഓഫീസറായി പ്രത്യേക ചുമതല നൽകി ഒരു ഉദ്യാഗസ്ഥനെ നിയമിക്കുന്നകാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലാണ്. ഇതാടൊപ്പം വിജ്ഞാപനവുമായി ബന്ധപ്പെട്ട ചില നിയമപ്രശ്നങ്ങളിന്മേൽ സ്പെഷ്യൽ ഓഫീസർ അഡ്വക്കേറ്റ് ജനറലിനോട് നിയമോപദേശം തേടിയിരുന്നു. ഇതിന്റെയടിസ്ഥാനത്തിൽ അഡ്വക്കേറ്റ് ജനറൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ യോഗം നടത്തിയെങ്കിലും നാളിതുവരെ നിയമോപദേശം ലഭ്യമാക്കിയിട്ടില്ല. നിയമോപദേശം ലഭ്യമാക്കുന്നതിനുള്ള അടിയന്തരനടപടി സ്വീകരിക്കാൻ സ്പെഷ്യൽ

ഓഫീസർക്ക് ഇപ്പോൾ നിർദേശം നൽകിയിട്ടുണ്ട്. കുറിഞ്ഞിമല സങ്കേതത്തിന്റെ അതിരുകൾ തിട്ടപ്പെടുത്തുന്നതിന് പ്രസ്തുത വില്ലേജുകളിൽ ഡിജിറ്റൽ സർവേ നടത്തുന്ന കാര്യവും സർക്കാരിന്റെ പരിഗണനയിലാണ്. കുറിഞ്ഞിമല സങ്കേതവുമായി ബന്ധപ്പെട്ട മേൽപ്പറഞ്ഞ വിഷയങ്ങൾ പരിശോധിക്കാൻ റവന്യൂ, ഫോറസ്റ്റ് സർവേ ഉദ്യോഗസ്ഥന്മാരുടെ ഒരു അടിയന്തരയോഗം വിളിച്ചുചേർക്കുന്നതാണെന്ന കാര്യവും ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുകയാണ്.

(15) <u>കൈവശ ഭൂമിക്ക് പട്ടയം ലഭ്യമാക്കൽ</u>

<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: സർ, എന്റെ നിയോജകമണ്ഡലത്തിലെ മൂന്ന് വില്ലേജുകളിലായി താമസിക്കുന്ന ആയിരത്തിനാന്നൂറോളം വരുന്ന കുടിയേറ്റക്കാർക്ക് പട്ടയം ലഭിക്കുന്നതുമായി ബന്ധപ്പെട്ട വിഷയമാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കാൻ ആഗ്രഹിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ഇക്കാര്യങ്ങൾ അറിയാം. അവരുടെയെല്ലാം ഇടപെടലോടുകൂടി പുതിയ സർവേ നടത്തി കൈവശക്കാരുടെ ഭൂമിയളന്ന് സ്കെച്ചും പ്ലാനും തയ്യാറാക്കിയിട്ടുണ്ട്. തൊള്ളായിരത്തി

ഇരുപത്തിയെട്ടോളം കയ്യേറ്റക്കാർക്ക് അവകാശം ലഭിക്കുന്നതിനുള്ള അപേക്ഷയാണ് വാഴിച്ചൽ വില്ലേജിലെത്തിയത്. പല കാരണങ്ങളാൽ ഇത് മുടങ്ങി സമയം നീണ്ടുപോകുകയാണ്. ഇക്കാര്യത്തിൽ വരുന്നൊരു പ്രതിസന്ധി കേന്ദ്ര സർക്കാരിന്റെ വനഭൂമിയുടെ പട്ടയം നൽകുന്നത് സംബന്ധിച്ച വിഷയമാണ്. സ്ഥലം എം.എൽ.എ. എന്ന നിലയിൽ ഇതുസംബന്ധിച്ച് നടത്തിയ പഠനത്തിൽനിന്നും യഥാർഥത്തിൽ കേന്ദ്ര സർക്കാർ ഇക്കാര്യത്തിലിടപെടേണ്ടതില്ലെന്നാണ് മനസ്സിലാകുന്നത്. നെയ്യാറ്റിൻകര താലൂക്കിന്റെ ഭാഗമായിരുന്ന കുന്നത്തുകാൽ, ഒറ്റശേഖരമംഗലം എന്നീ രണ്ട് പഞ്ചായത്തുകളിലായാണ് പ്രസ്തുത ഭൂമിയുള്ളത്. താലൂക്ക് വിഭജനം നടന്നപ്പോൾ കാട്ടാക്കട താലൂക്കിലേയ്ക്ക് ഈ മൂന്ന് വില്ലേജുകളും മാറി. അതിന്റെ ഭാഗമായി മൂന്ന് വില്ലേജ് വിഭജിച്ചെടുക്കുമ്പോൾ യഥാർഥ ക്ലാമല റിസർവ് എന്ന് ഒന്നാമതായി അടയാളപ്പെടുത്തിയിരിക്കുന്ന സ്ഥലം വനമേഖലയാണ്. അഞ്ച് ശതമാനം ഭൂമി മാത്രമെ വാസയോഗ്യമായിട്ടുള്ളൂ. രണ്ടാമത്തെ വാഴിച്ചൽ വില്ലേജ് പൂർണ്ണമായി ജനവാസമേഖലയാണ്. എന്നാൽ അതിനെ ക്ലാമല സെക്കന്റ് എന്ന് ബി.ടി.ആർ.-ൽ രേഖപ്പെടുത്തിയതിനാൽ അവിടെ താമസിക്കുന്നവർക്ക്

പട്ടയം ലഭിക്കാത്ത സാഹചര്യമാണുള്ളത്. മറ്റൊന്ന് 1950-51-ൽ ഡിസൈൻ ചെയ്ത് 1959-ൽ നെയ്യാർ ഡാം പൂർത്തിയാക്കുന്നതിനിടയിൽ അവിടെ താമസിച്ചിരുന്ന 376 പേരെ മാറ്റിപ്പാർപ്പിച്ചു. ഇങ്ങനെ മാറ്റിപ്പാർപ്പിച്ചവർക്ക് പുതിയൊരു ഇക്വേഷൻ കൊണ്ടുവന്നു. അതായത്, മാക്സിമം ഫ്ലഡ് ലെവലിൽ നിന്നും ഒരു മീറ്റർ വെർട്ടിക്കലായും പത്ത് മീറ്റർ ഹൊറിസോണ്ടലായും അടയാളപ്പെടുത്തി ഡാം റിസർവോയറിനുചുറ്റും താമസിച്ചിരുന്ന ഒട്ടനവധി ആളുകൾ ഒഴിപ്പിക്കപ്പെടുന്നുണ്ട്. ഈ രണ്ട് വിഭാഗക്കാർക്കും പട്ടയം നൽകുകയെന്നതാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. ബഹുമാനപ്പെട്ട റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രിക്ക് ഇക്കാര്യങ്ങൾ അറിയാവുന്നതാണ്. ആയതിനാൽ റവന്യൂ-ഇറിഗേഷൻ വകുപ്പുകൾ സംയുക്തമായി അടിയന്തരമായി ഇവർക്ക് പട്ടയം ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണം. പട്ടയം ലഭിക്കാത്തതിനാൽ ലൈഫ് ഭവന പദ്ധതിയിൽ അപേക്ഷിക്കാനോ കുട്ടികളുടെ പഠനാർത്ഥം ലോണെടുക്കുന്നതിനോ സാധിക്കുന്നില്ല. അടിസ്ഥാനപരമായ ഒട്ടേറെ കാര്യങ്ങൾക്ക് തടസ്സമായി നിൽക്കുന്ന പട്ടയംപ്രശ്നം പരിഹരിക്കാനുള്ള നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, നെയ്യാറ്റിൻകര താലൂക്കിലെ അഞ്ചുചങ്ങലയിലെ മുഴുവൻ ആളുകൾക്കും പട്ടയം നൽകുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലുള്ളതാണ്. പാറശ്ശാല നിയോജകമണ്ഡലത്തിലെ കള്ളിക്കാട്, വാഴിച്ചാൽ, അമ്പൂരി വില്ലേജ് പരിധിയിൽ ഉൾപ്പെടുന്ന അഞ്ചുചങ്ങല പ്രദേശത്ത്, വർഷങ്ങളായി ഭൂമി കൈവശം വച്ച് വീട് നിർമ്മിച്ച് താമസിച്ചുവരുന്ന 476 കുടുംബങ്ങൾക്ക് 1964-ലെ ഭൂപതിവ് ചട്ടപ്രകാരം ജില്ലാ കളക്ടറെ പട്ടയം നൽകുന്നതിനായി ചുമതലപ്പെടുത്തിക്കൊണ്ട് റവന്യൂ വകുപ്പിൽ നിന്ന് 16-02-2016-ൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇതിൽ കള്ളിക്കാട് വില്ലേജിലെ 84.3 ഏക്കർ കണ്ടുകൃഷി ഭൂമി കൈവശം വച്ചിരുന്നതും ഉൾപ്പെടുന്നു. ബഹുമാനപ്പെട്ട ചെയറിന്റെ നിർദേശപ്രകാരം പൂർണ്ണമായ വിശദാംശങ്ങൾ വായിക്കുന്നില്ല. അഞ്ചുചങ്ങല പ്രദേശത്ത് ഇറിഗേഷൻ വകുപ്പിന്റെ കൈവശ ഭൂമിയിൽ താമസിക്കുന്നവർക്ക് നാളിതുവരെ പട്ടയം നൽകാൻ കഴിഞ്ഞിട്ടില്ല. ഇക്കാര്യത്തിൽ നിരവധി സാങ്കേതിക പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. MFL+1+10mm എന്ന ലൈൻ മാർക്ക് അളവനുസരിച്ച് തയ്യാറാക്കിയ സ്കെച്ചും നിലവിലെ സ്കെച്ചും തമ്മിൽ

വ്യത്യാസമുള്ളതായി ഇറിഗേഷൻ വകുപ്പ് അറിയിച്ചിരുന്നു. അതിനാൽ MFL+1+10mm അനുസരിച്ചുള്ള അകലവും ഉയരവും പാലിക്കാത്ത കെട്ടിടങ്ങൾ ഒഴിവാക്കി പുതിയ സ്കെച്ച് നൽകണമെന്നുകാണിച്ച് ഇറിഗേഷൻ വകുപ്പ് തഹസിൽദാർക്ക് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ ഇറിഗേഷൻ അസിസ്റ്റന്റ് എഞ്ചിനീയർ, ജില്ലാ സർവെ സൂപ്രണ്ട്, സർവെയർമാർ, ഡെപ്യൂട്ടി കളക്ടർ (എൽ.ആർ.), കാട്ടാക്കട തഹസിൽദാർ ഉൾപ്പെടെയുള്ള റവന്യൂ അധികാരികൾ സ്ഥലപരിശോധന നടത്തുകയും അടിയന്തരമായി സർവെ നടത്തി പുതിയ സ്കെച്ച് തയ്യാറാക്കി സർവെ വകുപ്പും ഡാം സേഫ്റ്റി അതോറിറ്റിയും സംയുക്തമായി ഒപ്പ് രേഖപ്പെടുത്തി നൽകാൻ തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പട്ടയ സ്കെച്ച് അംഗീകാരത്തിനായി ഇറിഗേഷൻ വകുപ്പിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇറിഗേഷൻ വകുപ്പിൽ നിന്ന് അംഗീകാരം ലഭിച്ചിട്ടില്ല. ഇക്കാര്യം ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുമായി ആലോചിച്ച് വിഷയത്തിന്മേൽ ഒരു തുടർയോഗം ചേരാമെന്ന് നിശ്ചയിച്ചിട്ടുണ്ട്. ഇതേസമയം പ്രസ്തുത സ്ഥലം ക്ലാമല റിസർവ് ഫോറസ്റ്റിൽ ഉൾപ്പെട്ടതാണെന്ന് വനം വകുപ്പ് അവകാശവാദം

ഉന്നയിച്ചു. ഇതിനെത്തുടർന്ന് 27-02-2024-ന് മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കാട്ടാക്കട താലൂക്കിലെ വാഴിച്ചാൽ, അമ്പൂരി, കള്ളിക്കാട് വില്ലേജിൽ ഉൾപ്പെട്ടിരുന്ന അഞ്ചുചങ്ങല പ്രദേശത്തെ വില്ലേജ് റെക്കോർഡ് പ്രകാരം ക്ലാമല ഫോറസ്റ്റ് റിസർവ് എന്ന് രേഖപ്പെടുത്തിയ പ്രദേശത്ത് താമസിക്കുന്നവർക്ക് പട്ടയം നൽകുന്നതിനായി കേന്ദ്രസർക്കാരിന്റെ അനുമതി ലഭ്യമാക്കാൻ പരിവേഷ് പോർട്ടലിൽ അപ്‌ലോഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാനും തീരുമാനമെടുത്തിരുന്നു. എന്നാൽ പ്രസ്തുത പ്രദേശം ക്ലാമല ഫോറസ്റ്റ് പരിധിയിൽ ഉൾപ്പെടുന്നതല്ലെന്ന് ബഹുമാനപ്പെട്ട എം.എൽ.എ. അറിയിച്ചതിനെത്തുടർന്ന്, പ്രസ്തുത പ്രദേശം വനഭൂമിയിൽ ഉൾപ്പെട്ടുവരുന്നതാണോയെന്ന് കണ്ടെത്തുന്നതിനായി ടി വില്ലേജുകളെ ഡിജിറ്റൽ സർവെ പദ്ധതിയിൽ ഉൾപ്പെടുത്താൻ തീരുമാനിക്കുകയും ആദ്യഘട്ടമായി, ഏറ്റവും കൂടുതൽ ഭൂമി ഉൾപ്പെടുന്ന വാഴിച്ചാൽ വില്ലേജിനെ ഡിജിറ്റൽ സർവെയുടെ മൂന്നാംഘട്ടത്തിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത വനാതിർത്തിക്കുള്ളിലാണ് കാണപ്പെടുന്നതെങ്കിൽ 1993-ലെ കേരള ഭൂപതിവ് ചട്ടപ്രകാരം കേന്ദ്രസർക്കാരിന്റെ അനുമതിയോടെ റവന്യൂ

ഭൂമിയാണെന്ന് കണ്ടെത്തിയാൽ ജലസേചന വകുപ്പിന്റെ അനുമതിയോടെ 1964-ലെ ഭൂപതിവ് ചട്ടപ്രകാരം പതിച്ച് നൽകാൻ കഴിയും. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട അംഗത്തെക്കൂടി പങ്കാളിയാക്കിക്കൊണ്ട് വനം-ഇറിഗേഷൻ വകുപ്പുമന്ത്രിമാരുടെ ഒരു യോഗം അടിയന്തരമായി ചേരുന്നതാണെന്ന് അറിയിക്കുന്നു.

(16) ഭൂപതിവ് ചട്ടപ്രകാരം ഭൂമി പതിച്ചു നൽകുന്നതിനുള്ള വരുമാന പരിധി

ശ്രീ. ആന്റണി ജോൺ: സർ, കേരളത്തിലെ സങ്കീർണ്ണമായ പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി സർക്കാരും റവന്യൂ വകുപ്പുമന്ത്രിയും ഉദ്യോഗസ്ഥരും നൽകുന്ന പ്രത്യേക ശ്രദ്ധയെ ഞാൻ അഭിനന്ദിക്കുന്നു. കേരളത്തിലെ സങ്കീർണ്ണമായ പട്ടയ പ്രശ്നങ്ങളിൽ ഒന്നാം പിണറായി സർക്കാരിന്റെ കാലത്തും തുടർച്ചയായി രണ്ടാം പിണറായി സർക്കാർ മൂന്ന് വർഷം പിന്നിടുമ്പോഴും വലിയ മുന്നേറ്റമാണ് ഈ രംഗത്തുണ്ടായിട്ടുള്ളത്. മൂന്ന് വർഷത്തെ കണക്കുകൾ പരിശോധിക്കുമ്പോൾ ഏതാണ്ട് 1,88,887 പട്ടയങ്ങൾ എന്ന ചരിത്രനേട്ടത്തിന്റെ നിറവിലാണ് റവന്യൂ വകുപ്പ് എത്തിച്ചേരുന്നത്. എന്റെ നിയോജകമണ്ഡലമായ കോതമംഗലത്തും പട്ടയപ്രശ്നം വളരെ

സങ്കീർണ്ണമായിരുന്നു. എന്നാൽ കഴിഞ്ഞ ഏഴെട്ട് വർഷക്കാലത്തെ അനുഭവം പരിശോധിച്ചാൽ ആയിരക്കണക്കിന് കൈവശക്കാർക്ക് അവിടെ പട്ടയം കൊടുക്കാൻ കഴിഞ്ഞിട്ടുള്ളതായി മനസ്സിലാകും. അതിന്റെ തുടർച്ചയിൽ, സ്പെഷ്യൽ ലാൻഡ് അക്വിസിഷൻ ഓഫീസ് അനുവദിച്ചിട്ടുണ്ട്. നിലവിൽ അയ്യായിരത്തിലേറെ കൈവശക്കാർക്ക് പട്ടയം കൊടുക്കാൻ കഴിയുന്ന സാഹചര്യമാണുള്ളത്. സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധിക്കിടയിലും കോതമംഗലത്ത് സ്പെഷ്യൽ എൽ. എ. ഓഫീസ് അനുവദിച്ചതിലൂടെ പ്രവർത്തനങ്ങൾ സുഗമമായി മുന്നോട്ട് പോകുന്ന സാഹചര്യമാണുള്ളത്. കേവലം കൈവശഭൂമിക്ക് മാത്രമല്ല എല്ലാ ഭൂരഹിതരേയും കണ്ടെത്തി ഭൂമിയുടെ ഉടമകളാക്കി, ഭൂരഹിതരില്ലാത്ത കേരളം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തിലേയ്ക്ക് സർക്കാർ മുന്നോട്ടുപോകുകയാണ്. പട്ടയമിഷനും പട്ടയ അസംബ്ലിയും സംഘടിപ്പിക്കുന്നതിലൂടെ ഓരോ നിയോജകമണ്ഡലത്തിലെയും അർഹരായ ഭൂരഹിതരെ കണ്ടെത്തുകയും അവരുടെ പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കൃത്യമായ ഇടപെടലുകൾ നടത്തുകയും ചെയ്യുന്നു. ഇത് എന്റെ നിയോജകമണ്ഡലത്തിലെ മാത്രം വിഷയമല്ല. കേരളത്തിന്റെ പൊതുവായ ഒരു

വിഷയമാണ്. 1964-ലെ ഭൂപതിവ് ചട്ടപ്രകാരം ഭൂമി പതിച്ചുനൽകുമ്പോൾ 01-08-1971-നുശേഷം ടി ഭൂമി കൈമാറ്റം ചെയ്ത് ലഭിച്ചവർക്ക് മുൻഗണനാക്രമമനുസരിച്ച്, കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ താഴെയായിരിക്കണമെന്ന് നിശ്ചയിച്ചിട്ടുള്ളതുകൊണ്ടുതന്നെ പല അപേക്ഷകളിലും തീരുമാനമെടുക്കാൻ കഴിയാത്ത സാഹചര്യമാണ്. ബഹുമാനപ്പെട്ട മന്ത്രിക്കും അത് നേരിട്ടറിയാവുന്നതാണ്.

മി.ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്..

ശ്രീ. ആന്റണി ജോൺ: സർ, അത്തരം കാര്യങ്ങൾ പരിഹരിക്കാൻ ശ്രമിക്കുമെന്നുള്ള ഉറപ്പ് പല സമയത്തും ഈ സഭയ്ക്കകം അദ്ദേഹം നൽകിയിട്ടുള്ളതാണ്. ടി ഭൂമിയിൽ വീടുവച്ച് താമസിക്കുന്നവരിൽ പ്രൈവറ്റ് ജോലി ചെയ്യുന്ന ഒരാൾ ഒരു കുടുംബത്തിലുണ്ടെങ്കിൽ അവർക്ക് പട്ടയം കൊടുക്കാൻ കഴിയാത്ത സാഹചര്യമുണ്ട്. അതുകൊണ്ട് കുടുംബവാർഷിക വരുമാന പരിധിയിൽ കാലാനുസൃതമായ വർധനവുണ്ടാക്കണമെന്ന് അഭ്യർഥിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ കോതമംഗലത്തെ ഭൂമി പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് വലിയ സഹായമാണ് ഇവിടത്തെ ജനങ്ങൾക്കുവേണ്ടി സർക്കാർ ചെയ്തിട്ടുള്ളത്. സംസ്ഥാനത്തെ ധനകാര്യ പ്രതിസന്ധിക്കിടയിലും പട്ടയ വിതരണത്തിനുവേണ്ടി പ്രത്യേക ഓഫീസ് അനുവദിച്ച സ്ഥലങ്ങളിലൊന്നാണ് കോതമംഗലം. ഇവിടത്തെ പ്രശ്നങ്ങൾ പ്രത്യേകമായി കൈകാര്യം ചെയ്യുന്നുണ്ടെന്നതിന് സംശയമില്ല. ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ച വിഷയം  കേരളത്തെയാകെ ബാധിക്കുന്നതാണ്. 1964-ലെ ഭൂപതിവ് ചട്ടപ്രകാരം 01-08-1971-ന് മുമ്പ് ഭൂമി കൈവശം വച്ചവർക്ക് വരുമാനപരിധി ബാധകമല്ല. എന്നാൽ 01-08-1971-നുശേഷമാണെങ്കിൽ വരുമാനപരിധി കേവലം ഒരു ലക്ഷം രൂപ മാത്രമാണ്. ഇത് ദീർഘകാലമായി നിലനിൽക്കുന്ന ഒരു വരുമാനപരിധിയാണ്. അങ്ങ് ഉൾപ്പെടെ പലരും ശ്രദ്ധയിൽപ്പെടുത്തിയ കാര്യമാണ്. 1971-നുശേഷം ഭൂമി കൈവശം വച്ച് താമസിക്കുന്നവർക്ക് വരുമാനപരിധി ഒരു ലക്ഷം രൂപ എന്ന മാനദണ്ഡം വരുമ്പോൾ സാധാരണക്കാരായ കൂലിപ്പണിക്കാരനുപോലും ഭൂമി കിട്ടാൻ

പ്രയാസമുണ്ടാകും. ടി പ്രശ്നം റവന്യൂ സെക്രട്ടേറിയറ്റ് ഗൗരവമായി ചർച്ച ചെയ്യുകയും വരുമാനപരിധി വർധിപ്പിക്കുന്നത് സംബന്ധിച്ച് ശിപാർശ നൽകാൻ ലാൻഡ് റവന്യൂ കമ്മീഷണറോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ലാൻഡ് റവന്യൂ കമ്മീഷണറുടെ ശിപാർശ സർക്കാരിൽ ലഭ്യമായിട്ടുണ്ട്. സഭ പിരിഞ്ഞ് ഏറെ താമസിയാതെ വരുമാനപരിധി വർധിപ്പിക്കുന്ന കാര്യം റവന്യൂ വകുപ്പും സർക്കാരും ഗൗരവമായി പരിശോധിക്കുന്നതാണെന്ന് സഭയെ അറിയിക്കുന്നു.

(17) ഡാമുകളിൽ അടിഞ്ഞുകൂടിയിരിക്കുന്ന മണൽ നീക്കം ചെയ്യൽ

ശ്രീ. എം. എം. മണി: സർ, കേരളത്തിലെ ഡാമുകളിൽ വലിയ തോതിൽ മണൽ അടിഞ്ഞുകൂടി ജലസംഭരണശേഷി കുറഞ്ഞിട്ടുണ്ട്. ജനങ്ങളുടെ വിവിധ ആവശ്യങ്ങൾക്കും വൈദ്യുതി ഉൽപാദനത്തിനും ഡാമുകളിലെ ജലം ഉപയോഗിക്കുന്നുണ്ട്. ഡാമുകളിൽ അടിഞ്ഞുകൂടുന്ന മണൽ നീക്കം ചെയ്താൽ, ആയിരക്കണക്കിന് കോടി രൂപയുടെ മണൽ ലഭ്യമാകുകയും ഡാമുകളുടെ സംഭരണശേഷി വർധിപ്പിക്കുകയും ചെയ്യാം. അതിനുള്ള നടപടി അടിയന്തരമായി സ്വീകരിക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, കേരളത്തിലെ വളരെ പ്രധാനപ്പെട്ട ഒരു വിഷയത്തെക്കുറിച്ചാണ് ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ സൂചിപ്പിച്ചത്. ഡാമുകളിൽ അടിഞ്ഞുകൂടിയിരിക്കുന്ന എക്കലും ചെളിയും ജലസംഭരണശേഷിയെ കാര്യമായി ബാധിച്ചിട്ടുണ്ട്. മാത്രമല്ല, സമീപകാലത്തുണ്ടായ ഉരുൾപൊട്ടലും മണ്ണിടിച്ചിലും മറ്റ് പ്രകൃതി പ്രതിഭാസങ്ങളും കണക്കിലെടുക്കുമ്പോൾ അത് കൂടുതലായിട്ടുണ്ടെന്നാണ് അറിയാൻ കഴിയുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ, വിവിധ ഡാമുകളിൽ അടിഞ്ഞുകൂടിയ എക്കലിനെ സംബന്ധിച്ച് തൃശ്ശൂർ ജില്ലയിലെ പീച്ചിയിൽ സ്ഥിതിചെയ്യുന്ന കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പഠനം നടത്തിയിട്ടുണ്ട്. ഡാമുകളിലെ ജലസംഭരണശേഷി കുറഞ്ഞതായിട്ടാണ് പ്രസ്തുത റിപ്പോർട്ടിൽ നിന്നും വ്യക്തമാകുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ നിലവിൽ ചുള്ളിയാർ, മീങ്കര, വാളയാർ ഡാമുകളുടെ ഡീസിൽറ്റേഷൻ പ്രവൃത്തിയുമായി ബന്ധപ്പെട്ട നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ മലമ്പുഴ, മലങ്കര, കാരാപ്പുഴ, പഴശ്ശി, മണിയാർ, കുറ്റ്യാടി, നെയ്യാർ, തെന്മല ഡാമുകളിൽ ഡീസിൽറ്റേഷൻ പ്രവൃത്തിക്കായുള്ള പ്രാരംഭ പഠനം നടത്തി അതുമായ

ബന്ധപ്പെട്ട പ്രവൃത്തികൾ അനുസ്യൂതം തുടർന്നുകൊണ്ടിരിക്കുകയാണ്. അതോടൊപ്പംതന്നെ മംഗലം ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവൃത്തി റീ-ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ അത്യാവശ്യമായി ചെയ്യേണ്ടതാണെന്ന് ബോധ്യമായതിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ നടപടി സ്വീകരിച്ചുവരുന്നത്.

(18) കുറ്റ്യാടി ജലജീവൻ മിഷൻ പദ്ധതി

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, കുറ്റ്യാടി നിയോജകമണ്ഡലത്തിൽ എട്ട് ഗ്രാമപഞ്ചായത്തുകളാണുള്ളത്. മണ്ഡലത്തിലെ 58751 വീടുകളിലേയ്ക്ക് ശുദ്ധജലമെത്തിക്കുന്നതിനാണ് നിലവിൽ ജലജീവൻ മിഷൻ പദ്ധതി വിഭാവനം ചെയ്യുന്നത്. 522 കോടി രൂപയാണ് ഇതിനുവേണ്ടി അനുവദിച്ചിട്ടുള്ളത്. കുന്നുമ്മൽ ഗ്രാമപഞ്ചായത്തിൽ നൂറ് ശതമാനം വീടുകളിലും കുറ്റ്യാടി ഗ്രാമപഞ്ചായത്തിൽ തൊണ്ണൂറ് ശതമാനം വീടുകളിലും കണക്ഷൻ നൽകിക്കഴിഞ്ഞു. ശേഷിക്കുന്ന ആറ് പഞ്ചായത്തുകളിലായി 41346 വീടുകളിലേയ്ക്ക് കണക്ഷൻ നൽകേണ്ടതുണ്ട്. പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി ഗ്രാമീണ റോഡുകൾ പൊളിച്ചത്

പൂർവസ്ഥിതിയിലാക്കിയിട്ടില്ല. ഇതുകാരണം ജനങ്ങളിൽനിന്നും നിരന്തരമായ പരാതികളാണ് ലഭിക്കുന്നത്. ഗ്രാമീണ റോഡുകളിലെ യാത്ര ദുരിതപൂർണ്ണമായി മാറിയിരിക്കുകയാണ്. ഇത് കുറ്റ്യാടി മണ്ഡലത്തിൽ മാത്രമല്ല വടകര താലൂക്കിൽ മുഴുവനും ഈ അവസ്ഥ നിലനിൽക്കുന്നുണ്ട്. ആയതിനാൽ സമയബന്ധിതമായി മുഴുവൻ വീടുകളിലേയ്ക്കും കണക്ഷൻ നൽകാനാവശ്യമായ നടപടി സ്വീകരിക്കുകയും തകർന്ന റോഡുകൾ പൂർവസ്ഥിതിയിലാക്കുന്നതിനുവേണ്ടി യുദ്ധകാലാടിസ്ഥാനത്തിൽ നടപടികൾ കൈക്കൊള്ളുകയും ചെയ്യണമെന്ന് വിനയപൂർവം അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ഇവിടെ സൂചിപ്പിച്ചതുപോലെ കുറ്റ്യാടി നിയോജകമണ്ഡലത്തിലെ എട്ട് പഞ്ചായത്തുകളിലായി 48821 കണക്ഷനുകൾ നൽകുന്നതിന് 521.97 കോടി രൂപയുടെ ഭരണാനുമതിയാണ് ജലജീവൻ മിഷൻ പദ്ധതിയിൽ അനുവദിച്ചത്. നിലവിൽ 6807 കണക്ഷനുകൾ നൽകിയിട്ടുണ്ട്. കുറ്റ്യാടി നിയോജകമണ്ഡലത്തിൽ നടന്നുവരുന്ന പദ്ധതികളെ സംബന്ധിച്ച വിവരങ്ങൾ ഏറാമലയും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള സമഗ്ര കുടിവെള്ള

പദ്ധതി, അതിന്റെ പ്രധാനപ്പെട്ട പ്രവൃത്തികൾ താമസിയാതെ ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

തിരുവള്ളൂർ, ആയഞ്ചേരി, മണിയൂർ ശുദ്ധജല പദ്ധതി 22 MLD ആണ്. ഈ പദ്ധതിയിലൂടെ മണ്ഡലത്തിലെ ആയഞ്ചേരി, മണിയൂർ, തിരുവള്ളൂർ പഞ്ചായത്തുകളിൽ ജലവിതരണം നടത്താനാണ് ലക്ഷ്യമിട്ടത്. മേൽ പഞ്ചായത്തുകളിൽ വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തികൾ നടന്നുവരുന്നു. നിരവധിതവണ ടെൻഡർ ചെയ്തെങ്കിലും കരാറുകാർ പ്രവൃത്തികൾ ഏറ്റെടുത്തിട്ടില്ല. പ്രവൃത്തി വീണ്ടും അടിയന്തരമായി റീ-ടെണ്ടർ ചെയ്യാനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്.

കുന്നുമ്മലും സമീപ വില്ലേജുകൾക്കുമായുള്ള ശുദ്ധജല വിതരണ പദ്ധതി 27 MLD ആണ്. പ്രസ്തുത പദ്ധതിയിൽനിന്നുമാണ് ജലജീവൻ പദ്ധതി ഉൾപ്പെടുത്തി വിതരണ ശൃംഖലയിൽ കുടിവെള്ള കണക്ഷൻ നൽകുന്ന പ്രവൃത്തി വിഭാവനം ചെയ്തിട്ടുള്ളത്. കുന്നുമ്മൽ പഞ്ചായത്തിലെ JJM പ്രവൃത്തികൾ പൂർത്തീകരിച്ചു. കുറ്റ്യാടി പഞ്ചായത്തിൽ JJM പ്രവൃത്തികൾ 75 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്.

കുറ്റ്യാടി മണ്ഡലത്തിലെ ആകെയുള്ള 58751 വീടുകളിൽ 48821 വീടുകളിലാണ് ഇനിയും കണക്ഷൻ നൽകാനുള്ളത്. നിലവിൽ ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പദ്ധതികൾ പൂർത്തിയാകുന്ന മുറയ്ക്ക് എല്ലാ വീടുകളിലും കണക്ഷൻ നൽകാൻ സാധിക്കും.

പൈപ്പ് ലൈൻ സ്ഥാപിച്ച പൊതുമരാമത്ത് റോഡുകളിൽ 38 കിലോമീറ്ററും പഞ്ചായത്ത് റോഡുകളിൽ 625.50 കിലോമീറ്ററും പുനരുദ്ധാരണം നടത്തേണ്ടതുണ്ട്. 2024 ഡിസംബർ മാസത്തോടുകൂടി ഇതുവരെ പ്രവൃത്തി നടത്തിയ റോഡുകളുടെ താൽക്കാലിക അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കുന്നതാണ്. പ്രവൃത്തി നടക്കുന്ന റോഡുകളിലെ പെർമനന്റ് റെസ്റ്റോറേഷൻ പ്രവൃത്തികൾ 2025 മാർച്ച് മാസത്തോടുകൂടി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. കുന്നുമ്മൽ പഞ്ചായത്തിലെ റോഡ് പുനരുദ്ധാരണവും കണക്ഷൻ നൽകുന്ന പ്രവൃത്തികളും പൂർത്തീകരിച്ച് ഹർ ഘർ ജൽ ആയി പ്രഖ്യാപിച്ചിട്ടുള്ളതുമാണ്.

## (19) പട്ടാമ്പിയിലെ ഇറിഗേഷൻ പദ്ധതികൾ

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, പട്ടാമ്പി മണ്ഡലത്തിലെ ചെറുകിട ജലസേചന പദ്ധതികളായ തുടിക്കൽ, കണ്ണമ്പാറ, ചെങ്ങണാംകുന്ന് തുടങ്ങിയ പല പദ്ധതികളും കനത്ത മഴയിൽ തകർന്നിട്ടുണ്ട്. അത് നവീകരിക്കുന്നതോടൊപ്പം വളരെ ഗുരുതരമായ മറ്റൊരു വിഷയം ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ബഹുമാനപ്പെട്ട മന്ത്രി വളരെ ആത്മാർഥമായി പ്രവർത്തിക്കുമ്പോൾത്തന്നെ ഇറിഗേഷൻ വകുപ്പിലും വാട്ടർ അതോറിറ്റിയിലുമുള്ള പല ഉദ്യോഗസ്ഥരും ഈ സർക്കാരിനെതിരെ ബോധപൂർവം പ്രവർത്തിക്കുന്നുണ്ടോയെന്നുള്ള സംശയം എനിക്കുണ്ട്. അതിനൊരു കാരണം ജലജീവൻ പദ്ധതി, ആ പദ്ധതിയുമായി ബന്ധപ്പെട്ട് എല്ലാ റോഡുകളും പൊളിച്ചു. എന്നാൽ പദ്ധതി പൂർത്തീകരിക്കാത്തതുകൊണ്ട് ജനങ്ങൾക്ക് കുടിവെള്ളം കിട്ടുന്നില്ല, റോഡും തകർന്ന് കിടക്കുന്ന സാഹചര്യമാണ്. പട്ടാമ്പി മണ്ഡലത്തിൽത്തന്നെ റെയിൽവേയുടെ അണ്ടർ പാസ്സേജിനുവേണ്ടിയുള്ള പെർമിഷൻ ലഭിച്ചെങ്കിലും അക്കാര്യത്തിൽ അടുത്ത തീരുമാനമെടുക്കാതെ ഒരു വർഷമായി സി.ഇ.-യുടെ മേശപ്പുറത്തിരിക്കുകയാണ്.

ഇപ്പോഴും അതിൽ തീരുമാനമെടുത്തിട്ടില്ല. ഹയർ ഒഫിഷ്യൽസ് ഇതുപോലെ ഫയലുകൾ മാറ്റിവച്ച് ഉചിത തീരുമാനമെടുക്കാതെ ഓങ്ങല്ലൂർ-വല്ലപ്പുഴ പദ്ധതി പ്രദേശത്തെ ജനങ്ങളെയും ബുദ്ധിമുട്ടിക്കുന്നുണ്ട്. അമൃത് പദ്ധതിയിലൂടെ പട്ടാമ്പി മുനിസിപ്പാലിറ്റിയിൽ ഏഴുകോടി രൂപ അനുവദിച്ചതാണ്. അടുത്ത മാർച്ചിൽ അതിന്റെ കാലാവധി കഴിയുകയാണ്. അതുമായി ബന്ധപ്പെട്ട ഫയലും മാസങ്ങളോളം തീരുമാനമാകാതെ സി.ഇ.-യുടെ ഓഫീസിൽ വച്ചതിനുശേഷം ഇപ്പോഴാണ് തീരുമാനത്തിനായി പുറത്തെടുത്തിട്ടുള്ളത്. ഇങ്ങനെ പ്രധാനപ്പെട്ട കാര്യങ്ങളിൽ തീരുമാനമെടുക്കുന്നതിന് ബോധപൂർവമായ കാലതാമസമുണ്ടാക്കുകയാണ് ഇവിടത്തെ ഉദ്യോഗസ്ഥർ ചെയ്യുന്നത്. ഇറിഗേഷൻ വകുപ്പിൽ പട്ടാമ്പിയിലൊരു പാർക്ക് എം.എൽ.എ. ഫണ്ടിൽനിന്നും കൊടുത്തു. ആ പാർക്കിന്റെ ടെൻഡർ, ഞാൻ ഇടപ്പെട്ടിട്ടുപോലും മാസങ്ങളോളം ബോധപൂർവം എക്സിക്യൂട്ടീവ് എഞ്ചിനീയർ വൈകിപ്പിച്ചു. ഇങ്ങനെ പല ഉദ്യോഗസ്ഥരും, ഹയർ ഒഫിഷ്യൽസ്, മന്ത്രി ഇടപെട്ടാൽപ്പോലും പലപ്പോഴും  ഫയലുകൾ ബോധപൂർവം വൈകിപ്പിക്കുന്നുണ്ട്.  റോഡ് പണികൾ നടക്കുമ്പോഴും പലയിടത്തും വാട്ടർ അതോറിറ്റിക്ക് ഇടപെടേണ്ടതായി വരും.

റോഡ് പണികൾക്കിടയിൽ ജലവിതരണക്കുഴലുകൾ പൊട്ടുമ്പോൾ റോഡ് ക്രോസ് ചെയ്യണമെന്ന് പറയുന്ന സ്ഥിതിവിശേഷം പലയിടത്തും ഉണ്ട്. ഇത്തരത്തിലുള്ള ഗുരുതരമായ വീഴ്ചകൾ പരിശോധിക്കുകയും അത്തരം ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുകയും വേണം. അതോടൊപ്പംതന്നെ പൂർണ്ണമായും കുടിവെള്ളം കൊണ്ടുവരാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, പാലക്കാട് ജില്ലയിലെ പട്ടാമ്പി നിയോജകമണ്ഡലത്തിലെ തുടിക്കൽ പദ്ധതിയുടെ ട്രാൻസ്ഫോർമർ തകരാർ പരിഹരിക്കുന്നതിന് തയ്യാറാക്കിയ 15 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു.

കൊണ്ടൂർക്കര എന്ന പേരിൽ അറിയപ്പെടുന്ന പാടശേഖരത്തിലേയ്ക്ക് ജലവിതരണം നടത്തുന്നത് പള്ളിപ്പുറം ലിഫ്റ്റ് ഇറിഗേഷൻ സ്കീമിൽ നിന്നുമാണ്. ഈ പമ്പ് ഹൗസിൽ ജലവിതരണത്തിന് ചില തടസ്സങ്ങളുണ്ടായിരുന്നു. ആയത് പരിഹരിച്ച് കനാലിലേയ്ക്ക് ജലവിതരണം നടത്തിത്തുടങ്ങി.

കഴിഞ്ഞ വർഷങ്ങളിലെ ശക്തമായ മഴയിൽ കണ്ണമ്പാറ എൽ.ഐ. സ്കീമിന്റെ കനാലിൽ ചെളി നിറഞ്ഞ സാഹചര്യമുണ്ടായി. ആയത് നീക്കം ചെയ്യുന്നതിനായി അഞ്ചുലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകിയ ടെൻഡർ നടപടികൾ പുരോഗമിച്ചുവരുന്നു.

അവിടത്തെ ടൂറിസവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ എന്റെ ശ്രദ്ധയിൽ വന്നില്ല. അക്കാര്യം പരിശോധിക്കേണ്ടതായിട്ടുണ്ട്.

ജലജീവൻ മിഷന്റെ ഭാഗമായുള്ള പദ്ധതികൾ പഞ്ചായത്തുകളിൽ വിവിധ തലങ്ങളിലായി വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നുവെന്നാണ് കാണാൻ സാധിക്കുന്നത്. അതിൽ ഓങ്ങല്ലൂർ-വല്ലപ്പുഴ സമഗ്ര കുടിവെള്ള പദ്ധതിയുടെ ഭാഗമായി മൂന്ന് സ്ഥലങ്ങളിലാണ് റെയിൽവേ ക്രോസിങ് വേണ്ടിവരുന്നത്. ഈ ക്രോസിങ്ങുകളിൽ ചില സാങ്കേതിക പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് വാട്ടർ അതോറിറ്റിയുടെ ഉത്തരമേഖലാ ചീഫ് എഞ്ചിനീയർ സ്ഥലപരിശോധന നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

കൊപ്പം-വിളയൂർ കുടിവെള്ള പദ്ധതി ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി കൊപ്പം പഞ്ചായത്തിൽ 139 കിലോമീറ്റർ നീളത്തിൽ വിതരണ ശൃംഖല സ്ഥാപിക്കുന്നതിനും 6898 കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനുമായി 1894 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ച് ഹർ ഘർ ജൽ പ്രഖ്യാപനം നടത്തിയിട്ടുണ്ട്.

ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി വിളയൂർ പഞ്ചായത്തിൽ 103 കിലോമീറ്റർ നീളത്തിൽ വിതരണ ശൃംഖല സ്ഥാപിക്കുന്നതിനും 3866 കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനുമായി 1731 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 102 കിലോമീറ്റർ നീളത്തിൽ വിതരണശൃംഖല സ്ഥാപിക്കുകയും 3876 കുടിവെള്ള കണക്ഷനുകൾ നൽകുകയും ചെയ്ത് ഈ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

കൊപ്പം, വിളയൂർ പഞ്ചായത്തുകളിൽ ജൽജീവൻ മിഷൻ പദ്ധതിയിൽ ലഭ്യമായിട്ടുള്ള ഭരണാനുമതിയിൽ ഉൾപ്പെട്ടിട്ടുള്ള മുഴവൻ പ്രവൃത്തികളും പൂർത്തീകരിച്ചതാണ്. പുതിയ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ആവശ്യമായതിനാൽ ആയത് ലഭ്യമാകുന്ന മുറയ്ക്ക്

മാത്രമേ പ്രസ്തുത പഞ്ചായത്തുകളിലെ നിലവിലെ സ്ഥിതിയനുസരിച്ചുള്ള അധിക പ്രവൃത്തികൾ നിർവഹിക്കാൻ സാധിക്കുകയുള്ളൂ. അതായിരിക്കും ഒരുപക്ഷേ തടസ്സമായി നിൽക്കുന്നത്. അതല്ലാതെ ഏതെങ്കിലും വിഷയങ്ങളുണ്ടെങ്കിൽ എം.എൽ.എ. സഭയിൽ പറഞ്ഞ വിഷയമെന്ന നിലയിൽ അക്കാര്യം പൂർണ്ണമായും പരിശോധിക്കാം. സ്വാഭാവികമായും കേരളത്തിൽ ഇന്ന് നടക്കുന്ന പ്രവൃത്തികളിൽ ഉദ്യോഗസ്ഥർ ഒരുവിധം നല്ല നിലയിൽ പ്രവർത്തിക്കുന്നുവെന്നാണ് എന്റെ പൊതുവിലയിരുത്തൽ. ഏതെങ്കിലും കാര്യങ്ങളിൽ എവിടെയെങ്കിലും അത്തരം പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ടെങ്കിൽ പ്രത്യേകമായി പരിശോധിക്കാം. ഇന്ന് നിയമസഭയിൽ സബ്മിഷൻ ഉന്നയിച്ച സാഹചര്യത്തിൽ നിയോജകമണ്ഡലത്തിലെ കാര്യം റിവ്യൂ ചെയ്ത് വിവരം എം.എൽ.എ.-യെ അറിയിക്കുന്നതായിരിക്കും.

(20) <u>പടിഞ്ഞാറത്തറ-പൂഴിത്തോട് റോഡ്</u>

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, വയനാടിന്റെ ഗതാഗത പ്രശ്നം ഏറ്റവും കൂടുതൽ അറിയുന്ന വ്യക്തിയാണ് ജില്ലയുടെ ചുമതലയുള്ള ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി. പടിഞ്ഞാറത്തറ-പൂഴിത്തോട് റോഡ് ഒരു ബദൽ റോഡിന്റെ

പ്രൊപ്പോസലാണ്. 1994-ൽ ലീഡർ കെ. കരുണാകരൻ മുഖ്യമന്ത്രിയായിരുന്ന സമയത്ത് അദ്ദേഹം തറക്കല്ലിട്ട പദ്ധതിയാണിത്. ആ പദ്ധതിക്ക് വേണ്ടതായ സ്ഥലം, വനംവരെയുള്ള റോഡ് നിലവിലുണ്ട്. കോഴിക്കോട് ഭാഗത്ത് പേരാമ്പ്ര ഭാഗത്തും പടിഞ്ഞാറത്തറ ഭാഗത്തും റോഡുണ്ട്. കൂടാതെ വനത്തിനകത്തുകൂടെ കൂപ്പ് റോഡും നിലവിലുണ്ട്. ഈ പദ്ധതി നടപ്പാക്കിക്കിട്ടാൻ നിരന്തരമായ പ്രവർത്തനവുമായി അവിടെയുള്ള ജനങ്ങൾ എല്ലാ സർക്കാരിന്റെ മുമ്പിലും അഭ്യർഥനയും പ്രക്ഷോഭപരിപാടികളുമായി മുന്നോട്ടുപോകുകയാണ്. ഏറ്റവും അവസാനം ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനുവേണ്ടി ഒരു തീരുമാനമെടുത്തു. അതിനുവേണ്ടി സർക്കാർ 1.5 കോടി രൂപ മാറ്റിവച്ചു. ഇൻവെസ്റ്റിഗേഷൻ നടത്താനുള്ള അനുവാദം ചോദിച്ചുകൊണ്ട് ഫോറസ്റ്റ് ഡി.എഫ്.ഒ.-യ്ക്ക് പൊതുമരാമത്ത് നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ കത്ത് കൊടുത്തു. ഇക്കാര്യത്തിൽ എപ്പോഴും ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് ചെയ്യുന്നതെന്താണെന്നുള്ളത് അങ്ങേയ്ക്കറിയാം. അങ്ങ് ഇതുമായി ബന്ധപ്പെട്ട് വയനാട് കളക്ടേറ്റിൽ ഒരു യോഗം വിളിച്ചുകൂട്ടി ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് അങ്ങനെ ചെയ്യരുതെന്ന് നിർദേശം കൊടുത്തയാളാണ്. വീണ്ടും അവർ 1994-

ലെയും 1995-ലെയും ഓർഡറും ആക്റ്റുമൊക്കെ പറഞ്ഞ് തിരുവനന്തപുരം ഫോറസ്റ്റ് ഹെഡ് ക്വാർട്ടേഴ്സിൽപോയി അപേക്ഷ കൊടുക്കാനാണ് പറയുന്നത്. ഈ റോഡുമായി ബന്ധപ്പെട്ട് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് സംയുക്ത പരിശോധന നടത്തിയിട്ടുണ്ട്. അപ്പോഴേയ്ക്കും എല്ലാ ഡിപ്പാർട്ടുമെന്റും പോസിറ്റീവ് റിപ്പോർട്ട് നൽകി. ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് മാത്രം എതിരായ റിപ്പോർട്ട് സമർപ്പിച്ചു. ജനവിരുദ്ധമായ കുതന്ത്രം മാത്രം കാട്ടി ഈ പദ്ധതിയെ തകർക്കുന്ന നിലപാട് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് ചെയ്യുകയാണ്. അങ്ങ് ടി വിഷയത്തിൽ ഇടപെടണം. അങ്ങേയ്ക്കറിയാം ഇതിന്റെ ഗൗരവം. അങ്ങ് ഇടപ്പെട്ടാൽ ടി വിഷയം പരിഹരിക്കാൻ സാധിക്കും. ഉദ്യോഗസ്ഥന്മാരെക്കൊണ്ട് കറക്ട് ചെയ്യാനുള്ള നടപടികൾ സ്വീകരിച്ച് ഇതിൽ ഇൻവെസ്റ്റിഗേഷൻ നടത്താനുള്ള അനുവാദം അടിയന്തരമായി വാങ്ങിക്കൊടുത്ത് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയും ശ്രീ. ടി. പി. രാമകൃഷ്ണനും ഉൾപ്പെടുന്ന ഒരു സംയുക്ത മീറ്റിംഗ് വിളിച്ചുകൂട്ടി ഇതൊന്നു റെഡിയാക്കി എടുക്കാൻ അടിയന്തരമായ ഇടപെടലുകൾ നടത്താൻ അങ്ങയോട് അഭ്യർഥിക്കുകയാണ്.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ബഹുമാനപ്പെട്ട കൽപ്പറ്റ അംഗം കോഴിക്കോട് ജില്ലയിലെയും വയനാട് ജില്ലയിലെയും ജനങ്ങളുടെ ചിരകാല ആഗ്രഹവും അതുമായി ബന്ധപ്പെട്ട ശ്രമങ്ങളുമാണ് അല്പം വികാരപരമായിട്ടാണെങ്കിലും ഇവിടെ അവതരിപ്പിച്ചത്. അങ്ങ് ഇവിടെ പറഞ്ഞതുപോലെ 1994-ൽ ഈ റോഡിനുള്ള അനുമതിക്കുവേണ്ടി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തെ സമീപിച്ചിരുന്നു. ദൗർഭാഗ്യവശാൽ അന്ന് ആ പ്രൊപ്പോസൽ കേന്ദ്ര പാരിസ്ഥിതിക മന്ത്രാലയം പാരിസ്ഥിതിക പ്രശ്നമുന്നയിച്ചുകൊണ്ട് നിരസിക്കുകയാണ് ചെയ്തത്. അങ്ങ് ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഇപ്പോൾ വീണ്ടും പടിഞ്ഞാറത്തറ-പൂഴിത്തോട് റോഡിന്റെ സോയിൽ എസ്കവേഷനടക്കമുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്ക് പൊതുമരാമത്ത് വകുപ്പ് ഒന്നരക്കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തിക്ക് 23.50 ഹെക്ടർ വനഭൂമി ആവശ്യമായി വരുന്നതുകൊണ്ട് സംസ്ഥാന ഗവൺമെന്റിന്റെ അധികാരപരിധിക്ക് പുറത്താണ്, കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് പ്രൊപ്പോസൽ അയയ്ക്കേണ്ടതുണ്ട്. ആ നടപടികളിൽ അമാന്തമുണ്ടെന്നാണ് ഇവിടെ

ചൂണ്ടിക്കാണിച്ചത്. കാലതാമസം ഒഴിവാക്കാനുള്ള ശ്രമങ്ങൾ നടത്തുന്നതിന് ഗവൺമെന്റിന് സന്തോഷം മാത്രമേയുള്ളൂ. ഇക്കാര്യത്തിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ നിലപാടുകൾ അവഗണിച്ചുകൊണ്ട് കേരളത്തിലെ വനം വകുപ്പിലെ ജീവനക്കാർക്ക് പ്രവർത്തിക്കാൻ സാധിക്കുകയില്ല. അതുകൊണ്ട് ഇവിടെ ചെയ്യേണ്ട കാര്യങ്ങൾ അംഗം ഉന്നയിച്ചതുപോലെ പരിഹരിക്കാം. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പ് മന്ത്രിയും എം.എൽ.എ.-മാരുമായി ചേർന്ന്...... പ്രത്യേകിച്ച് പേരാമ്പ്ര എം.എൽ.എ. ശ്രീ. ടി. പി. രാമകൃഷ്ണനും പൊതുമരാമത്ത് വകുപ്പുമന്ത്രിക്കും പ്രസ്തുത വിഷയത്തെക്കുറിച്ച് എന്നെക്കാൾ നന്നായി അറിയുന്നതാണ്. അവരുടെകൂടി സാന്നിധ്യത്തിൽ നമുക്ക് ഇക്കാര്യം ചർച്ച ചെയ്യുന്നതിൽ സന്തോഷം മാത്രമേയുള്ളൂ. പക്ഷെ എല്ലാ കാര്യത്തിനും കണ്ണടച്ച് കേരള വനം വകുപ്പിനെ പ്രതിക്കൂട്ടിൽ കയറ്റരുത്. കേന്ദ്രം മുഖ്യപ്രതിയും പ്രതിയാണെങ്കിൽ സംസ്ഥാനം രണ്ടാം പ്രതിയുമാണെന്ന കാര്യംകൂടി ഈ ഘട്ടത്തിൽ അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുന്നു.

(21) ചിറ്റാർ-സീതത്തോട് ജനവാസ മേഖലയിലെ കാട്ടാന സാന്നിദ്ധ്യം

ശ്രീ. കെ. യു. ജനീഷ് കുമാർ: കോന്നി നിയോജകമണ്ഡലത്തിലെ ചിറ്റാർ, സീതത്തോട്, മലയാലപ്പുഴ, അരുവാപ്പുലം, കലഞ്ഞൂർ, തണ്ണിത്തോട് പഞ്ചായത്തുകളിൽ കാട്ടാനകൾ, കടുവ, പുലി, മയിൽ, കുരങ്ങ് തുടങ്ങിയ വന്യമൃഗങ്ങൾ മനുഷ്യരുടെ ജീവനും സ്വത്തിനും ഭീഷണിയായി നിലനിൽക്കുകയാണ്. മുൻകാലങ്ങളിൽനിന്ന് വ്യത്യസ്തമായി കാട്ടാനകൾ കൂട്ടത്തോടെ ജനവാസ മേഖലയിലേയ്ക്ക് ഇറങ്ങുകയാണ്. ആയിരക്കണക്കിന് ആളുകൾ ദിവസേന യാത്ര ചെയ്യുന്ന ചിറ്റാർ-സീതത്തോട് റോഡിൽ രണ്ട് കാട്ടാനകൾ സ്ഥിരമായി അവരുടെ സാന്നിധ്യം അറിയിക്കുകയാണ്. പ്രാദേശികമായി വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് ചെയ്യാവുന്ന എല്ലാ കാര്യങ്ങളും പ്രതിരോധത്തിനുവേണ്ടി സംഘടിപ്പിക്കുന്നുണ്ട്. ഈ പ്രത്യേക സാഹചര്യത്തിൽ ഉയർന്ന വനം വകുപ്പ് ഉദ്യോഗസ്ഥരെ ആ സ്ഥലത്തേയ്ക്ക് അയയ്ക്കുകയും അതോടൊപ്പംതന്നെ ആവശ്യമായ പ്രതിരോധ നടപടികൾ സ്വീകരിക്കുന്നതിനും വേണ്ട ക്രമീകരണങ്ങൾ വനം വകുപ്പിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നാണ് സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ബഹുമാനപ്പെട്ട കോന്നി എം.എൽ.എ. തന്റെ നിയോജകമണ്ഡലത്തിലെ ചില പ്രദേശങ്ങളിൽ കഴിഞ്ഞ നാലഞ്ച് മാസക്കാലമായി അനുഭവിച്ചുകൊണ്ടിരിക്കുന്ന ആനകളുടെ സാന്നിധ്യത്തെക്കുറിച്ചാണ് സബ്മിഷനിലൂടെ ഉന്നയിച്ചത്. അത് പൂർണ്ണമായും വസ്തുതാപരമാണ്. ജനവാസമേഖലയ്ക്ക് സമീപം ആനകൾ വന്നുചേരുന്നത് തടയാൻ അടിയന്തര പ്രധാന്യം നൽകിക്കൊണ്ട് ചില കർമ്മപരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്. കുമരംകുന്ന് ഭാഗംവരെയുള്ള ഉദ്ദേശം മൂന്ന് കിലോമീറ്റർ ദൂരത്ത് സോളാർ ഫെൻസിംഗ് സ്ഥാപിക്കുകയെന്നുള്ളതാണ് ഒരു പോംവഴി. അതിനുള്ള ശ്രമങ്ങളാണ് വകുപ്പ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. അതുപോലെ റാന്നി ആർ.ആർ.ടി.-യും ചിറ്റാർ. തണ്ണിത്തോട്, രാജമ്പാറ ഫോറസ്റ്റ് സ്റ്റേഷനുകളിലെ സ്റ്റാഫുകളും ഉൾപ്പെടെയുള്ള സംയുക്ത സംഘത്തെ മുഴവൻ സമയ നിരീക്ഷണത്തിനും ആനകൾ ഇറങ്ങിയാൽ അവയെ കാട്ടിലേയ്ക്ക് മടക്കി അയയ്ക്കുന്നതിനുമുള്ള സംവിധാനം ഇതിനകംതന്നെ ഏർപ്പെടുത്തിക്കഴിഞ്ഞിട്ടുണ്ട്. ആനകളുടെ സാന്നിധ്യം കണ്ടെത്തിയ പ്രദേശങ്ങളിലെ റോഡുകൾക്ക് ഇരുവശവുമുള്ള അടിക്കാടുകൾ

വെട്ടിമാറ്റി ആനയുടെ സാന്നിധ്യം സുരക്ഷിത ദൂരത്തിൽ മുൻകൂട്ടി കാണാനുള്ള നടപടി സ്വീകരിച്ചുവരികയും മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ജനവാസമേഖലയോട് ചേർന്നുള്ള പ്രദേശങ്ങളിൽ സോളാർ വേലി സ്ഥാപിക്കാനുള്ള നടപടി സ്വീകരിച്ചുവരികയാണ്. പഞ്ചായത്ത് പ്രസിഡന്റ്, പ്രദേശവാസികൾ, വനപാലകർ എന്നിവർ ഉൾപ്പെടുന്ന വാട്ട്സ് ആപ്പ് ഗ്രൂപ്പുകൾ രൂപീകരിച്ച് ആനകളുടെ സാന്നിധ്യം യഥാസമയം ജനങ്ങളെ അറിയിച്ച് ആവശ്യമുള്ള മുൻകരുതൽ സ്വീകരിക്കുന്നുണ്ട്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട കോന്നി എം.എൽ.എ., പഞ്ചായത്ത് പ്രതിനിധികൾ, കർഷക പ്രതിനിധികൾ, പ്രദേശവാസികൾ എന്നിവർ ഉൾപ്പെടുന്ന യോഗങ്ങളും ജാഗ്രതാ സമിതി യോഗങ്ങളും നടത്തി ദിവസേന കാര്യങ്ങൾ വിലയിരുത്തി മുന്നോട്ടുപോകുന്ന സംവിധാനമാണ് അവിടെയുള്ളത്. ഉന്നത ശ്രേണിയിലുള്ള ഉദ്യോഗസ്ഥന്മാരുടെ സാന്നിധ്യം അവിടെ അനിവാര്യമാണെന്ന് ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചിരുന്നു. നിലവിൽ അത് നടപ്പാക്കുന്നതിന് യാതൊരു തടസ്സവും ഇല്ല.

(22) കേരഫെഡ് തൊഴിലാളികളുടെ പ്രശ്നങ്ങൾ

ശ്രീ. സി. ആർ. മഹേഷ്: സർ, വർഷങ്ങളായി കരുനാഗപ്പള്ളിയിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമായ കേരഫെഡിലെ തൊഴിലാളികളുടെ പ്രശ്നങ്ങളാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. പതിനൊന്നാം ശമ്പള പരിഷ്കരണം സംസ്ഥാനത്തെ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും നടപ്പാക്കിയപ്പോൾ കേരഫെഡ്-ലെ ജീവനക്കാർക്ക് മാത്രം നടപ്പാക്കിയില്ല. കേരഫെഡിലെ ജീവനക്കാർ ഇക്കാരണത്താൽ 2022-ൽ ഒന്നര മാസം പണിമുടക്ക് നടത്തിയതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെ സാന്നിധ്യത്തിൽ നടന്ന ചർച്ചയിൽ ആറ് മാസത്തിനകം ശമ്പള പരിഷ്കരണം നടപ്പാക്കാമെന്ന് മന്ത്രി ഉറപ്പുനൽകിയിരുന്നു. എന്നാൽ നാളിതുവരെ ഇത് നടപ്പാക്കിയിട്ടില്ല. 2008-ൽ കാബിനറ്റ് കൂടി സ്ഥിരപ്പെടുത്തിയ തൊഴിലാളികൾക്ക് മറ്റ് ജീവനക്കാർക്ക് ലഭിക്കുന്ന അവധിയോ മറ്റ് ആനുകൂല്യങ്ങളോ നൽകുന്നില്ല. ഫീഡർ കാറ്റഗറി വരുന്നതിനുമുമ്പ് എട്ടുംപത്തും വർഷമായി കരാർ അടിസ്ഥാനത്തിലും ദിവസ വേതനത്തിനും ജോലി ചെയ്യുന്ന തൊഴിലാളികളെ

സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടികൂടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, ബഹുമാനപ്പെട്ട കരുനാഗപ്പള്ളി എം.എൽ.എ., ശ്രീ. സി. ആർ. മഹേഷ് മൂന്ന് കാര്യങ്ങളാണ് ഉന്നയിച്ചത്. 2008-ൽ സ്ഥിരപ്പെടുത്തിയ ജീവനക്കാർക്ക് അവധിയോ മറ്റാനുകൂല്യങ്ങളോ നൽകുന്നില്ലെന്നതാണ് ഒന്നാമത്തെ കാര്യം. ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് ആക്റ്റ് പ്രകാരമുള്ള അവധിയും മറ്റാനുകൂല്യങ്ങളുമാണ് നിലവിൽ കേരഫെഡിലെ സ്ഥിരം ജീവനക്കാർക്ക് അനുവദിച്ചുവരുന്നത്. പ്രസ്തുത അവധിയും ആനുകൂല്യങ്ങളും 2008-ൽ സ്ഥിരപ്പെടുത്തിയ 143 തൊഴിലാളികൾ ഉൾപ്പെടെ എല്ലാ തൊഴിലാളികൾക്കും നൽകിവരുന്നുണ്ട്. എന്നാൽ കേരള സർവീസ് റൂൾസ് പ്രകാരമുള്ള ലീവുകൂടി മേൽപ്പടി ജീവനക്കാർക്ക് ലഭ്യമാക്കണമെന്ന ആവശ്യം ജീവനക്കാർ ഉന്നയിക്കുകയുണ്ടായി. ഇത് ലഭ്യമാക്കിയാൽ ഒരേ സമയം ഇരട്ട ആനുകൂല്യം ലഭിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കും, ഇത് നിയമപരമായി അനുവദനീയമല്ലാത്തതുകൊണ്ടാണ് നിരസിച്ചത്.

11-ാം ശമ്പള പരിഷ്കരണത്തിന്റെ കാര്യം പറഞ്ഞു. 24-07-2003-ലെ സർക്കാർ ഉത്തരവ് നം. 67/2023/agri. പ്രകാരം കേരഫെഡിലെ ജീവനക്കാർക്ക് 11-ാം ശമ്പളപരിഷ്കരണം നടപ്പാക്കി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഈ ഉത്തരവ് കേരഫെഡിലെ 25 തസ്തികകൾക്ക് മാത്രമാണ് ബാധകമാകുന്നത്. 25-01-2020-ലെ സ.ഉ.(കൈ) നം. 14/2020/agri പ്രകാരം അംഗീകാരം നൽകിയ കേരഫെഡിലെ സ്റ്റാഫ് പാറ്റേൺ ഉത്തരവിലും 10-ാം ശമ്പള പരിഷ്കരണം സാധൂകരിച്ച് നൽകിയ ഉത്തരവിലും കേരഫെഡിന്റെ കരട് നിയമന ചട്ടത്തിലും ഉൾപ്പെടാത്ത നിരവധി തസ്തികകൾ കേരഫെഡിൽ നിലവിലുണ്ട്. സർക്കാരിന്റെ അനുമതിയോടുകൂടി തസ്തിക സൃഷ്ടിച്ചാൽ മാത്രമേ ഈ തസ്തികകൾ സ്റ്റാഫ് പാറ്റേൺ ഉത്തരവിൽ ഉൾപ്പെടുത്താൻ സാധിക്കുകയുള്ളൂ. കേരഫെഡ് സർക്കാർ അനുമതിയില്ലാതെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ടി തസ്തികകൾക്ക് അംഗീകാരം നൽകുന്നതുസംബന്ധിച്ച വിഷയങ്ങൾ നിലവിൽ ധനകാര്യവകുപ്പിന്റെ പരിഗണനയിലാണ്. മുഴുവൻ തസ്തികകളിലും ശമ്പളപരിഷ്കരണം

ലഭ്യമായതിനുശേഷം ശമ്പളപരിഷ്കരണം നടപ്പാക്കാമെന്നാണ് പതിനൊന്നാം ശമ്പളപരിഷ്കരണം നടപ്പാക്കാത്തതുസംബന്ധിച്ച് കേരഫെഡ് അറിയിച്ചിട്ടുള്ളത്. ഇത് വേഗത്തിൽ നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതായിരിക്കും. പത്ത് വർഷത്തിൽ അധികമായി കരാർ/ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരെ സ്ഥിരപ്പെടുത്തുന്ന കാര്യം പറഞ്ഞു. കേരളഫെഡിന്റെ റിക്രൂട്ട്മെന്റ് റൂൾ അംഗീകരിച്ച് സർക്കാർ ഉത്തരവ് 29-09-2022-ൽ നിലവിൽ വന്നിട്ടുള്ളതിനാൽ പി.എസ്.എസി. മുഖേനയാണ് നിയമനം നടത്തേണ്ടത്. അതിൻപ്രകാരം 47 തസ്തികകൾ നിയമനത്തിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കരാർ/ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരും പത്ത് വർഷം സർവീസ് പൂർത്തീകരിച്ചവരുമായ തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്ന കാര്യം നിയമപരമായി പരിശോധിക്കുന്നതാണ്.

(23) ഓട്ടോ കൺസൾട്ടന്റുമാർ നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, മോട്ടോർ വാഹന വകുപ്പുമായി ബന്ധപ്പെട്ട തൊഴിൽ ചെയ്ത് ഉപജീവനം നടത്തുന്ന ഓട്ടോ കൺസൾട്ടന്റുമാർ

അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരം കാണുന്നത് സംബന്ധിച്ചാണ് എന്റെ സബ്മിഷൻ. റീജനൽ ട്രാൻസ്പോർട്ട് ഓഫിസുകളിൽ ഓൺലൈൻ മുഖാന്തരം അപേക്ഷ സമർപ്പിക്കുന്നതിനും ബ്ലാക്ക് ലിസ്റ്റുകളിൽ ഓൺലൈൻ വഴി ലഭ്യമല്ലാത്ത ഫീസുകളുടെ നമ്പരുകൾ, ഐ.ഡി. എന്നിവ നൽകുക എന്നീ നിരവധി സർവീസുകൾ ലഭ്യമാക്കിയിരുന്നത് പ്രസ്തുത ഓഫീസുകളിൽ ഉച്ചയ്ക്ക് ഒരു മണിവരെ പ്രവർത്തിച്ചിരുന്ന കൗണ്ടർ വഴിയായിരുന്നു. ഇപ്പോൾ ഇവ നിർത്തലാക്കുകയും പി.ആർ.ഒ. വഴി മാത്രമാക്കുകയും ചെയ്തിരിക്കുകയാണ്. കൗണ്ടർ ക്ലോസ് ചെയ്തത് കാരണം ഓഫീസിൽ വരുന്ന പൊതുജനങ്ങൾക്ക് സംശയങ്ങൾ ചോദിക്കുന്നതിനും അപേക്ഷകൾ സമർപ്പിക്കുന്നതിനും സാധിക്കുന്നില്ല. അപേക്ഷ നൽകാൻ വരുന്നവർ മണിക്കൂറുകളോളം ക്യൂവിൽ നിൽക്കേണ്ടി വരുന്നതുകൊണ്ടുള്ള ബുദ്ധിമുട്ടുകൾ ജനം അനുഭവിക്കുകയാണ്. ഇത് അടിയന്തരമായി പുനഃപരിശോധിക്കുകയും ഉച്ചയ്ക്ക് ഒരു മണിവരെ ആവശ്യമായ കൗണ്ടർ അനുവദിക്കുകയും ചെയ്ത് പരിഹാരമുണ്ടാക്കണമെന്നാണ് എന്റെ അഭ്യർത്ഥന. ഫൈനുകൾ അടയ്ക്കുന്നതിന് എർപ്പെടുത്തിയ ഒ.ടി.പി. സംവിധാനംമൂലം ലക്ഷക്കണക്കിന് രൂപയാണ് സർക്കാരിലേയ്ക്ക് എത്തുന്നതിന്

തടസ്സമാകുന്നത്. ഓരോ ഫൈൻ അടയ്ക്കുന്നതിനും ഒ.ടി.പി. വേണമെന്നതിനാൽ മണിക്കൂറുകളോളമാണ് ഓൺലൈൻ സെന്ററുകളിൽ കാത്തുനിൽക്കേണ്ടി വരുന്നത്. കൃത്യമായി വെബ്സൈറ്റ് പ്രവർത്തിക്കാത്തതും വാഹനയുടമകൾ വിദേശത്തായിരിക്കുന്നതും ഒ.ടി.പി. ലഭിക്കാൻ സാധിക്കാത്തതും വലിയ ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. വാഹന സംബന്ധമായ മറ്റ് സേവനങ്ങൾ ചെയ്യാൻ സാധിക്കാതെ നിരവധി ഉടമകൾ ബുദ്ധിമുട്ടുകയാണ്. ആവശ്യമായ ഭേദഗതി വരുത്തിയാൽ പ്രസ്തുത ഇനത്തിൽ ലഭ്യമാകേണ്ട നികുതി കാലതാമസം കൂടാതെ അടയ്ക്കാൻ സാധിക്കും. ഓട്ടോ കൺസൾട്ടന്റിനെ തൊഴിലാളികളായി അംഗീകരിക്കുകയും സംഘടിതമായി പ്രവർത്തിക്കുന്നവർക്ക് ലൈസൻസ് സംവിധാനം ഏർപ്പെടുത്തുകയും ചെയ്താൽ മാന്യമായും കൃത്യമായും ജോലി ചെയ്യുന്നതിനും അനധികൃതമായി ഈ മേഖലയിൽ വരുന്നവരെ അകറ്റിനിർത്താനും തട്ടിപ്പുകൾ തടയാനും സാധിക്കുന്നതാണ്. ഫിറ്റ്നസ് ടെസ്റ്റിന് ഏർപ്പെടുത്തിയ സ്ലോട്ട് സംവിധാനം ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് ലഭിക്കാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്. സ്വകാര്യ വാഹനങ്ങളുടെ റീ-ടെസ്റ്റ് ഫീസടച്ച് ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് ഏർപ്പെടുത്തിയ സ്ലോട്ട്

ഓൺലൈൻ സെന്ററുകൾ സ്വകാര്യ വാഹനങ്ങൾക്ക് ബുക്ക് ചെയ്തുനൽകുന്നുണ്ട്. അതിനാൽ ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് ദിവസങ്ങളോളം കഴിഞ്ഞാണ് സ്ലോട്ട് ബുക്ക് ചെയ്യാൻ സാധിക്കുന്നത്. ഇത്തരം വിഷയങ്ങൾക്ക് ശാശ്വത പരിഹാരമുണ്ടാകാൻ ഇക്കാര്യത്തിൽ അങ്ങ് ഇടപെടണമെന്ന് ഞാൻ വളരെ വിനയപൂർവം അഭ്യർഥിക്കുകയാണ്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യങ്ങൾ യാഥാർത്ഥ്യമാണ്. അദ്ദേഹം പറഞ്ഞതുപോലെ പലപ്പോഴും വാഹനങ്ങൾ രജിസ്റ്റർ ചെയ്യുമ്പോൾ ഓട്ടോ കൺസൾട്ടന്റിന്റെ ഫോൺ നമ്പരായിരിക്കും കൊടുക്കുന്നത്. വാഹനം കൊടുത്തുകഴിഞ്ഞ് പലപ്പോഴും ഒ.ടി.പി. വരുമ്പോൾ അവർ പറയാറില്ല. അങ്ങനെ ഒ.ടി.പി. കൊടുക്കാതെ വരുമ്പോൾ ഫൈനുകളും മറ്റുള്ള ഡോക്യുമെന്റുകളുടെ കാര്യങ്ങളുമൊന്നും അറിയാൻ സാധിക്കില്ല. ഫൈൻ അടയ്ക്കാൻ വേണ്ടി ഒ.ടി.പി. ആവശ്യമായിവരുന്ന വിഷയം പരിഹരിക്കുന്നതിനായി ഒ.ടി.പി. പേഴ്സണലി തന്നെ ജനറേറ്റ് ചെയ്തുകൊണ്ട് നേരിട്ട് ലഭിക്കുകയും അത് വച്ച് പാസ്‌വേർഡും ഒ.ടി.പി.യും നൽകി ഓപ്പൺ

ചെയ്ത് ഫൈൻ അടയ്ക്കാൻ കഴിയുന്നതാണ്. ബസുകൾ തമിഴ്നാട്ടിലേയ്ക്ക് പോകുമ്പോൾ ഫൈൻ അടയ്ക്കേണ്ട സാഹചര്യമുണ്ട്. അപ്പോഴൊക്കെ ഫൈൻ അടയ്ക്കുന്നതിനായി ഇത്തരം ബുദ്ധിമുട്ടുകൾ ഉണ്ടാകാറുണ്ട്. ഇത് പരിഹരിക്കുന്നതിനുള്ള നിർദേശം നൽകിയിട്ടുണ്ട്. ഫിറ്റ്നസിന്റെ കാര്യം ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചിരുന്നു. അതും പരിഹരിക്കുന്നതിനുള്ള നടപടി ഉടൻതന്നെ സ്വീകരിക്കുന്നതാണ്. ഡ്രൈവിംഗ് ടെസ്റ്റ് കൂടിയതുകൊണ്ടാണ് ഫിറ്റ്നസ് ടെസ്റ്റ് ഇപ്പോൾ കുറഞ്ഞിരിക്കുന്നത്. ഫിറ്റ്നസ് ടെസ്റ്റ് ഉടമസ്ഥൻ വന്നുകഴിഞ്ഞാൽ ഉടൻതന്നെ ചെയ്തുകൊടുക്കുന്നതിനുള്ള നിർദേശം നൽകിയിട്ടുണ്ട്. സ്ലോട്ട് സംവിധാനത്തിലൂടെ അല്ലാതെയും പ്രയോറിറ്റിയിൽ കൊടുക്കാൻ കഴിയും. ഉടമസ്ഥൻ അസൗകര്യം രേഖപ്പെടുത്തി നേരിട്ടുവന്നാൽ മുന്നോട്ടാക്കിക്കൊണ്ട് കൊടുക്കുന്നതിനുള്ള സൗകര്യമുണ്ട്. ഓട്ടോകൺസൾട്ടന്റിന്റെ അംഗീകാര ലൈസൻസ് നിയമപരമായി അംഗീകരിക്കാൻ സാധിക്കുന്നതല്ല. അവർ ഇത് ചെയ്യുന്നുണ്ടെങ്കിലും ഇപ്പോൾ പല സ്ഥലത്തും കൗണ്ടറിൽ പി.ആർ.ഒ. ആണ് അറ്റന്റ് ചെയ്യുന്നത്. കൗണ്ടറിൽ തിരക്കുവന്നാൽ അഡീഷണലായി ഒന്നോരണ്ടോ ക്ലർക്കിനെ കൂടി

നൽകുന്നതിനുള്ള നിർദേശം കൊടുത്തിട്ടുണ്ട്, അത് നടപ്പിൽ വരുത്താം. കൺസൾട്ടന്റുകളിൽ പലരും ഓഫീസിനകത്ത് കയറണ്ട എന്നുപറയുന്നത് അവർ ഓഫീസിൽ കയറിച്ചെന്ന് പാസ്‌വേർഡ് വാങ്ങുകയാണ്. ചില കൺസൾട്ടന്റുമാരും ഉദ്യോഗസ്ഥന്മാരും തമ്മിൽ അവിശുദ്ധ കൂട്ടുകെട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് ഓഫീസുകളിലെ കമ്പ്യൂട്ടറിന്റെ പാസ്‌വേർഡും യൂസർനെയിമുംവരെ ഇത്തരം കൺസൾട്ടന്റുമാർക്ക് കൈമാറുകയും അവർ ഓഫീസിനകത്ത് കയറി കമ്പ്യൂട്ടറുകൾ കൈകാര്യം ചെയ്യുന്നൊരു ദുരവസ്ഥയുണ്ടായിരുന്നു. അതുകൊണ്ടാണ് കൗണ്ടറിനകത്തേയ്ക്ക് ആരും കയറരുതെന്ന് നിർദേശിച്ചിരിക്കുന്നത്. ആ ഒരു നടപടി സ്വീകരിച്ചതിനാൽ ഇപ്പോൾ ആരുംതന്നെ കൗണ്ടറിലേയ്ക്ക് കയറുന്നില്ല. ഉദ്യോഗസ്ഥന്മാരും കൂടി ചേർന്ന് കൺസൾട്ടന്റുമാരെ മിസ്‌യൂസ് ചെയ്യുകയാണ്. ഒരു ആർ.ടി.ഒ. ഉദ്യോഗസ്ഥനെ ഇടുക്കി ജില്ലയിൽനിന്ന് സ്ഥലം മാറ്റി, ആ ഉദ്യോഗസ്ഥൻ പോയ സ്ഥലത്തേയ്ക്ക് തന്റെ പ്രിയപ്പെട്ട കൺസൾട്ടന്റിനെയും കൊണ്ടുപോയി. ഇടപാടുകളെല്ലാം അങ്ങനെ നടത്തുകയാണ്. അദ്ദേഹം മറ്റൊരു ജില്ലയിലേയ്ക്ക് വന്നപ്പോൾ തന്റെ കൂട്ടുകാരനായ കൺസൾട്ടന്റിനെയും

കൊണ്ടുവരികയാണ് ചെയ്തത്. ഈ ഇടപാട് കണ്ടെത്തുകയും ഇതിനെതിരെ നടപടിയെടുക്കാനും സാധിച്ചിട്ടുണ്ട്. ഇതൊരു തൊഴിലായി സ്വീകരിച്ചിരിക്കുന്നവർക്ക് ഇതുമൂലം അസൗകര്യമൊന്നും ഉണ്ടാകില്ല. പക്ഷേ ഇതൊരു കുഴപ്പമാക്കി മാറ്റുന്നവർക്ക് ചില അസൗകര്യങ്ങളുണ്ടാകുമെന്നതൊഴിച്ചാൽ ഓട്ടോ കൺസൾട്ടന്റുമാരെ ഉപദ്രവിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നില്ലെന്നാണ് പറയാനുള്ളത്.

(24) കെ.എസ്.ആർ.ടി.സി. അപകടങ്ങൾ ഒഴിവാക്കൽ

ശ്രീ. ലിന്റോ ജോസഫ്: സർ, കഴിഞ്ഞയാഴ്ചയാണ് എന്റെ നിയോജകമണ്ഡലത്തിൽ തിരുവമ്പാടി-പുല്ലൂരാംപാറ റൂട്ടിൽ കാളിയാമ്പുഴ എന്ന പ്രദേശത്ത് കെ.എസ്.ആർ.ടി.സി. ബസ് അപകടം നടന്നത്. പ്രസ്തുത സംഭവത്തിൽ കമല, ത്രേസ്യ എന്ന രണ്ടുപേർ മരണമടയുകയും നിരവധി ആളുകൾക്ക് പരിക്കേൽക്കുകയും ചെയ്തു. പ്രസ്തുത വിഷയം ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി. അപ്പോൾതന്നെ അദ്ദേഹം മരണപ്പെട്ടവരുടെ രണ്ട് കുടുംബങ്ങൾക്കും പത്ത് ലക്ഷം രൂപവീതം ധനസഹായവും ചികിത്സയിൽ കഴിയുന്ന മുഴുവൻ ആളുകളുടെയും ചികിത്സാ

ചെലവ് കെ.എസ്.ആർ.ടി.സി. ഏറ്റെടുക്കുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. അദ്ദേഹത്തോടുള്ള പ്രത്യേകമായ നന്ദി ഈ അവസരത്തിൽ രേഖപ്പെടുത്തുകയാണ്. ഞാൻ സബ്മിഷനായി ഉന്നയിച്ചത് തിരുവമ്പാടി നിയോജകമണ്ഡലത്തിലെ മലയോര മേഖലയിൽ കെ.എസ്.ആർ.ടി.സി. ബസ് മാത്രമാണ് സർവീസ് നടത്തുന്നത്. മൈലാടുംപാറ, ചിപ്പിലിത്തോട്, തുഷാരഗിരി, ചെമ്പുകടവ്, ആനക്കാംപൊയിൽ, മുത്തപ്പൻപുഴ, കരിമ്പ്, വടക്കാട്ടുപാറ, കക്കാടംപൊയിൽ, പീടികപ്പാറ, നായാടൻപൊയിൽ, പാറത്തോട് പോലെയുള്ള സ്ഥലങ്ങളിലെല്ലാം കെ.എസ്.ആർ.ടി.സി. ബസിനെ മാത്രം ആശ്രയിച്ചാണ് ജനങ്ങൾ യാത്ര നടത്തുന്നത്. എന്നാൽ ഇത്തരം സ്ഥലങ്ങൾ കയറ്റിറക്കങ്ങൾ കൂടുതൽ ഉള്ളതുകൊണ്ട് നിരവധിയായ അപകടങ്ങൾ പലപ്പോഴും കണ്ടുവരാറുണ്ട്. കഴിഞ്ഞ മാസത്തിൽ കക്കാടംപൊയിൽനിന്ന് ഇറങ്ങിവരുന്നൊരു ബസ് യാത്രക്കാരുമായി വരുന്ന ഘട്ടത്തിൽ ബ്രേക്ക് നഷ്ടപ്പെട്ട് ഒരു മതിലിൽ ഇടിച്ച് നിർത്തുന്നൊരു സാഹചര്യമുണ്ടായി. പൂവാറൻതോട് എന്ന സ്ഥലത്ത് പകുതിയെത്തുമ്പോൾ ബസ് കേടായി ആളുകളെ ഇറക്കിവിടുന്ന സാഹചര്യം നിരവധി

തവണയുണ്ടായി. പ്രത്യേകിച്ച് ഈ അപകടം കൂടിയുണ്ടായ സാഹചര്യത്തിൽ ജനങ്ങളുടെ ആശങ്ക വളരെ വേഗത്തിലാവുകയാണ്. ബസിന്റെ കാലപ്പഴക്കവും കൃത്യമായ മെയിന്റനൻസ് നടത്താത്തതും കൂടുതൽ ആളുകൾ ഓവർലോഡ് ആകുന്നതുമാണ് ഇത്തരം അപകടങ്ങൾക്ക് കാരണമാകുന്നതെന്നാണ് അവർ ചൂണ്ടിക്കാട്ടുന്നത്. ഇത്തരം അപകടങ്ങൾ കുറയ്ക്കുന്നതിനുവേണ്ടി ഓവർലോഡ് വരുന്ന സ്ഥലങ്ങളിൽ കൂടുതൽ ബസ് സർവീസുകൾ അനുവദിക്കുകയും പുതിയ ബസുകൾ അനുവദിക്കാനും ആവശ്യമായ നടപടിയുണ്ടാകുമോയെന്നും നേരത്തെയുണ്ടായ അപകടത്തെ തുടർന്ന് അങ്ങ് പ്രഖ്യാപിച്ചിട്ടുള്ള ധനസഹായം എത്രയും പെട്ടെന്ന് വിതരണം ചെയ്യാൻ ആവശ്യമായ നടപടി സ്വീകരിക്കുമോയെന്നുമാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. ലിന്റോ ജോസഫ് പറഞ്ഞ വിഷയം നേരത്തെതന്നെ അദ്ദേഹം എന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ഈ അപകടം സംഭവിച്ചപ്പോൾ തന്നെ അപകടത്തിൽപ്പെട്ടവരുടെ എല്ലാ ചെലവുകളും കെ.എസ്.ആർ.ടി.സി. ഏറ്റെടുത്തിരുന്നു. ഇൻഷുറൻസ് കമ്പനിയാണ്

മരണപ്പെട്ടവർക്ക് പാസഞ്ചർ ഇൻഷുറൻസ് നൽകുന്നത്. അതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. റിസർവ്ഡ് ആയിട്ടുള്ള യാത്രക്കാർക്ക് പത്ത് ലക്ഷം രൂപയും അൺറിസർവ്ഡ് ആയിട്ടുള്ള യാത്രക്കാർക്ക് അഞ്ച് ലക്ഷം രൂപയുമാണ് അവരുടെ ചട്ടത്തിൽ പറഞ്ഞിരിക്കുന്നത്. അക്കാര്യത്തിൽ ഇടപെട്ട് സംസാരിക്കുന്നതാണ്. തീർച്ചയായും ഇവർക്ക് നഷ്ടപരിഹാരം നൽകുന്നതാണ്. കൂടാതെ വാഹനങ്ങൾ തകരാറുണ്ടെന്നും ബ്രേക്ക് ഡൗൺ ആകുന്നുമെന്നാണ് ശ്രീ. ലിന്റോ ജോസഫ് ശ്രദ്ധയിൽപ്പെടുത്തിയത്. തീർച്ചയായും. പഴയ വാഹനങ്ങളൊക്കെയാണ് കെ.എസ്.ആർ.ടി.സി.-യിലുള്ളത്. അത്തരം മാറ്റേണ്ട വാഹനങ്ങൾ മാറ്റുകയും പണി പൂർത്തിയായി നല്ല രീതിയിലുള്ള വണ്ടികൾ നൽകുകയും ചെയ്യാം. കെ.എസ്.ആർ.ടി.സി.-യെ മാത്രം ആശ്രയിക്കുന്നൊരു മേഖലയിൽനിന്നും കെ.എസ്.ആർ.ടി.സി. ഒഴിഞ്ഞുപോകില്ല. പ്രൈവറ്റ് ബസുമായി മത്സരിക്കുന്നതിലുപരി കെ.എസ്.ആർ.ടി.സി.-ക്ക് മാത്രം കുത്തകയുള്ള കേരളത്തിലെ എല്ലാ സ്ഥലങ്ങളിലും കെ.എസ്.ആർ.ടി.സി. സർവീസുകൾ ശക്തിപ്പെടുത്തുന്നതായിരിക്കും. അതോടൊപ്പം പുതിയ വാഹനങ്ങൾ

വന്നുതുടങ്ങിയാൽ ഉടൻതന്നെ അദ്ദേഹത്തിന്റെ ആവശ്യം പരിഗണിക്കുന്നതാണ്.

(25) മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖത്തിന്റെ പ്രവർത്തനം

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ കുമ്പള, മംഗൽപ്പാടി പഞ്ചായത്തുകളിലെ തീരപ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളികളുടെ ഏറെക്കാലത്തെ ആവശ്യപ്രകാരം 26-02-2021-ലെ സർക്കാർ ഉത്തരവുപ്രകാരം റീബിൽഡ് കേരള ഇനിഷ്യേറ്റീവിലുൾപ്പെടുത്തി ഭരണാനുമതി നൽകിയ ഷിറിയ റിവർ ട്രെയിനിംഗ് പ്രവൃത്തി അഥവാ പുലിമുട്ട് നിർമ്മാണം ടെൻഡർ നടപടികൾ പൂർത്തീകരിച്ച പ്രവൃത്തിയാണ്. എന്നാൽ CRZ Clearance ലഭിക്കാത്തതിനാൽ പ്രസ്തുത പ്രവൃത്തിയുടെ ടെൻഡർ നിലവിൽ റദ്ദ് ചെയ്തിരിക്കുകയാണ്. പുലിമുട്ട് നിർമ്മാണം യാഥാർത്ഥ്യമാകുമെന്ന ഏറെ പ്രതീക്ഷയോടെ കാത്തിരിക്കുന്ന പാവപ്പെട്ട മത്സ്യത്തൊഴിലാളികൾ ഇതുകാരണം വളരെ നിരാശയിലാണ്. മത്സ്യത്തൊഴിലാളികൾക്ക് അവരുടെ മത്സ്യബന്ധന യാനങ്ങൾ സുഗമമായി വരുന്നതിനും പോകുന്നതിനും സാധിക്കുന്ന പദ്ധതി കൂടിയാണിത്. റിവർ

ടെയിനിംഗ് പ്രവൃത്തി, തീര സംരക്ഷണ പ്രവൃത്തി, ചാനൽ ആഴം കൂട്ടൽ എന്നിവ ഈ പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നു. പദ്ധതി പൂർത്തിയാകുന്നതോടെ സ്ഥിരമായി ചാനൽ ഉണ്ടാകുകയും വെള്ളപ്പൊക്ക ഭീഷണി ഒഴിവാകുകയും ചെയ്യും. ആയതിനാൽ സാങ്കേതികത്വം നീക്കി ഈ പുലിമുട്ട് പദ്ധതി തുടങ്ങേണ്ടത് വളരെ അത്യാവശ്യമാണ്. കൂടാതെ കോടികൾ ചെലവഴിച്ച് നിർമ്മിച്ച മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖം മത്സ്യത്തൊഴിലാളികൾക്ക് പൂർണ്ണ തോതിൽ ഉപയോഗിക്കാൻ കഴിയാത്ത സ്ഥിതിയാണ് നിലവിലുള്ളത്. വാർഫിന്റെ ഉയരം കൂടുതലായതിനാൽ ചെറുവള്ളങ്ങൾ ഇറക്കുന്നതിനും അടുപ്പിക്കുന്നതിനും പ്രയാസം നേരിടുന്നു. ഇവിടെ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് തുറമുഖത്തിന്റെ ഇരുവശത്തായി 50 മീറ്റർ നീളത്തിലുള്ള ലോ ലെവൽ ജെട്ടി അല്ലെങ്കിൽ ഫ്ലോട്ടിംഗ് ജെട്ടി നിർമ്മിക്കേണ്ടതായിട്ടുണ്ട്. ഹാർബറിന്റെ വടക്ക് ഭാഗത്ത് പാർക്കിംഗ് ഏരിയ, ഓക്ഷൻ ഓൺ റെസ്റ്റ് ഷെഡ്, കിണർ, വാട്ടർ ടാങ്ക് എന്നീ അടിസ്ഥാന സൗകര്യങ്ങളും ആവശ്യമാണ്. ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി ബ്രേക്ക് വാട്ടർ, മത്സ്യബന്ധന തുറമുഖത്തിന്റെ basin

dredging എന്നിവയും നടപ്പാക്കേണ്ടതായിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് വിശദമായ എസ്റ്റിമേറ്റ് ഡി.പി.ആർ. സഹിതം ലഭ്യമാക്കിയിട്ടും യാതൊരുവിധ നടപടിയുമുണ്ടായിട്ടില്ല. ആയതിനാൽ മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖത്തിനാവശ്യമായ അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ ഏർപ്പെടുത്തി മത്സ്യത്തൊഴിലാളികൾക്ക് ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ പൂർണ്ണതോതിൽ സജ്ജമാക്കേണ്ടതായിട്ടുണ്ടെന്നാണ് ഈ സബ്മിഷനിലൂടെ ചൂണ്ടിക്കാണിക്കുന്നത്.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ബഹുമാനപ്പെട്ട ശ്രീ. എ. കെ. എം. അഷ്റഫ് പറഞ്ഞ കാര്യം വസ്തുതാപരമാണ്. മഞ്ചേശ്വരം ഷിറിയ റിവർ ട്രെയിനിംഗ് പ്രോജക്ട് 24.30 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയതാണ്. തുടർന്ന് ടെൻഡർ നടപടി പൂർത്തീകരിക്കുകയും അതിന്റെ ഭാഗമായി കരാർ ഒപ്പിടുകയും ചെയ്തു. പക്ഷേ പറഞ്ഞതുപോലെ ഇതിന്റെ CRZ Clearance ലഭിക്കാനുള്ള അപേക്ഷ നമ്മുടെ ഭാഗത്തുനിന്ന് 09-02-2022-ൽ **KCZMA (KERALA COASTAL ZONE**

MANAGEMENT AUTHORITY)-ക്ക് സമർപ്പിച്ചു. അവർ അപ്പോൾ ഇതിന്റെ മാതൃകാപഠന റിപ്പോർട്ട് നൽകണമെന്ന് ആവശ്യപ്പെട്ടു. ഐ.ഐ.ടി. മദ്രാസിനെ ഇതിനായി ചുമതലപ്പെടുത്തുകയും ഐ.ഐ.ടി. മദ്രാസ് റിപ്പോർട്ട് തരുകയും ചെയ്തു. പക്ഷേ, ആ റിപ്പോർട്ട് അംഗീകാരത്തിനായി സമർപ്പിച്ചപ്പോൾ ദേശീയ ഹരിത ട്രൈബ്യൂണലിന്റെ OA42013 നമ്പർ കേസിലെ ഉത്തരവിൽ തീരപ്രദേശത്ത് ഹാർഡ് സ്ട്രക്ച്ചേഴ്സ് നിർമ്മിക്കുന്നതിന് കാരണമാകുന്ന കോസ്റ്റൽ ഇറക്ഷൻ തടയുന്നതിനായി എല്ലാ തീരദേശ സംസ്ഥാനങ്ങളും കോമ്പ്രിഹെൻസീവ് ഷോർട്ട് ലൈൻ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. അതിനാൽ കോമ്പ്രിഹെൻസീവ് ഷോർട്ട് ലൈൻ മാനേജ്മെന്റ് പ്ലാൻ അംഗീകാരം ലഭിച്ചതിനുശേഷം മാത്രമെ ഷിറിയ റിവർ പരിപാലന പദ്ധതിയുടെ പ്രൊപ്പോസൽ പരിഗണിക്കാൻ കഴിയുകയുള്ളൂ. പക്ഷേ ഈ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് CRZ Clearance ലഭിച്ചുകഴിഞ്ഞാൽ, ഇപ്പോൾ താത്കാലികമായി റീബിൽഡ് കേരള ഈ പണം മുടക്കണ്ടെന്നുപറയുന്നത് CRZ Clearance ലഭിക്കാത്തതുകൊണ്ടാണ്, അത്

ലഭിച്ചാൽ പരിഗണിക്കാവുന്നതാണ്. CRZ Clearance ലഭിക്കുന്നതിനുവേണ്ടി വേണ്ട കാര്യങ്ങൾ ചെയ്യുന്നതാണ്.

രണ്ടാമത്തെ കാര്യം മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖവുമായി ബന്ധപ്പെട്ട് 4880 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് കൊടുത്തത്. നിർമ്മാണം പൂർത്തീകരിച്ച് അത് ഉദ്ഘാടനവും ചെയ്തു. ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞതുപോലെ അവിടെ വലിയ യാനങ്ങൾക്ക് ഉപകരിക്കുന്ന രീതിയിൽ നിർമ്മിച്ചിരിക്കുന്ന ഭാഗങ്ങളൊഴികെ ബാക്കിയുള്ള ഭാഗങ്ങളിൽ ചെറുവള്ളങ്ങൾ കരയ്ക്കുകയറാനുള്ള സാഹചര്യം കുറവാണ്. അതിനായി ഇപ്പോൾ 615 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. അത് നബാർഡിന്റെ ആർ.ഐ.ഡി.എഫ്. പദ്ധതിയിലോ മറ്റ് പദ്ധതിയിലോ മാത്രമെ ഉൾപ്പെടുത്താൻ സാധിക്കുകയുള്ളൂ. കാരണം ഇപ്പോഴത്തെ സാമ്പത്തിക പ്രതിസന്ധി കാരണം അത് പ്ലാനിൽ ഉൾപ്പെടുത്താൻ സാധിക്കില്ല. അത് തീർച്ചയായും പരിഗണനയിലുള്ള വിഷയമാണ്. അടുത്ത ആർ.ഐ.ഡി.എഫ്.-ൽ അത് പരിഗണിക്കാവുന്നതാണ്.

(26) മോട്ടോർ തൊഴിലാളി ക്ഷേമനിധി ആനുകൂല്യം

ശ്രീ. കെ. ബാബു (നെന്മാറ): സർ, പതിനഞ്ച് ലക്ഷത്തോളം വരുന്ന കേരളത്തിലെ മോട്ടോർ മേഖലയിലെ തൊഴിലാളികൾക്ക് ജീവനും ജീവിതവും നിലനിർത്താനായി രൂപീകരിക്കപ്പെട്ട മോട്ടോർ തൊഴിലാളി ക്ഷേമനിധിയുടെ സെർവർ തകരാറായതിനാൽ പരിവാഹൻ ലിങ്ക് വിച്ഛേദിക്കപ്പെട്ടു. 22 മാസമായി പ്രസ്തുത ലിങ്ക് വഴി സൈറ്റ് ഓപ്പൺ ചെയ്യാൻ കഴിയാത്ത അവസ്ഥയാണ്. കേരളത്തിലെ മോട്ടോർ തൊഴിലാളി ക്ഷേമനിധിയിൽ ഒരു വർഷം 180 കോടി രൂപയുടെ വരുമാനമില്ല. പരിവാഹൻ ലിങ്ക് പുനഃസ്ഥാപിക്കാത്തതിന്റെ ഭാഗമായി ഉടമസ്ഥവിഹിതം അടയ്ക്കാതെ 90 ശതമാനം വാഹന ഉടമസ്ഥന്മാരും ഒഴിഞ്ഞുപോകുകയാണ്. ഉടമസ്ഥവിഹിതം അടയ്ക്കാത്തതുകൊണ്ട് തൊഴിലാളികൾക്ക് അവരുടെ വിഹിതവും അടയ്ക്കാൻ കഴിയുന്നില്ല. വിഹിതം അടച്ചാൽപോലും ഏകദേശം 85 കോടി രൂപയുടെ ചെലവാണ് ഒരു വർഷത്തിൽ വരുന്നത്. പരിവാഹൻ ലിങ്ക് പുനഃസ്ഥാപിക്കാത്തതിന്റെ പേരിൽ മോട്ടോർ തൊഴിലാളികൾക്ക് റീഫണ്ട്, പെൻഷൻ, വിവാഹ ധനസഹായം, മരണാനന്തര ധനസഹായം,

ചികിത്സാധനസഹായം എന്നിവയുടെ അപേക്ഷ നൽകിയിട്ടുപോലും ധനസഹായം ലഭിക്കുന്നില്ല. പ്രസ്തുത ലിങ്ക് അടിയന്തരമായി പുനഃസ്ഥാപിച്ച് കേരളത്തിലെ മോട്ടോർ തൊഴിലാളികളെ സംരക്ഷിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, മോട്ടോർ തൊഴിലാളി ക്ഷേമനിധിയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വിഷയം വളരെ ഗൗരവമേറിയതു തന്നെയാണ്. അത് അടിയന്തരമായി പരിശോധിക്കാം. പ്രസ്തുത പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളികൾക്കും ഉടമകൾക്കും കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ വെബ്സൈറ്റിൽ ഓൺലൈൻ പേയ്മെന്റ് ലിങ്ക് വഴിയും പേയ്മെന്റ് ഗേറ്റ്‌വേ മുഖേനയും കേരളത്തിലെ എല്ലാ അക്ഷയ, ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളിലൂടെയും ഇ-ഡിസ്ട്രിക്ട് പോർട്ടൽ മുഖാന്തിരവും സൗത്ത് ഇന്ത്യൻ ബാങ്ക് കൗണ്ടർ മുഖേന നേരിട്ടും ഇ-പേയ്മെന്റ് വഴിയും മൊബൈൽ ആപ്പ് ഉപയോഗിച്ചും ക്ഷേമനിധി വിഹിതം ഒടുക്കുന്നതിനുള്ള സൗകര്യം നിലവിലുണ്ട്. കൂടാതെ ജില്ലാ ആഫീസുകളിൽ സ്വൈപ്പിങ് മെഷീനുകൾ

വഴിയും തുക ഒടുക്കാവുന്നതാണ്. സെർവർ തകരാറിലായിരുന്ന 2023 ജനുവരി മുതൽ ഏപ്രിൽ വരെയുള്ള ചെറിയ കാലയളവിൽ മാത്രമാണ് ഉടമ-തൊഴിലാളി വിഹിതമൊടുക്കുന്നതിന് തടസ്സം നേരിട്ടിട്ടുള്ളത്. പ്രസ്തുത വിഷയത്തിൽ ഉടനടി പരിഹാരം കാണാൻ ശ്രമിക്കുന്നതാണ്.

## (27) ചവറയിലെയും പന്മനയിലെയും വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്ലേ ഗ്രൗണ്ട് നിർമ്മാണം

ഡോ. സുജിത് വിജയൻപിള്ള: സർ, ചവറ നിയോജക മണ്ഡലത്തിലെയും പന്മനമനയിൽ എസ്.ബി.വി.എസ്. ജി.എച്ച്.എസ്.എസ്., ചവറ ബോയ്സ് ഹൈസ്കൂൾ, ചവറ ഗവൺമെന്റ് കോളേജ്, ഗവൺമെന്റ് എച്ച്.എസ്.എസ്., അയ്യൻ കോയിക്കൽ തുടങ്ങി നിരവധി സ്കൂളുകളിലെ പ്ലേ ഗ്രൗണ്ടുകൾ കുഴികളും തടവുമായി ശോചനീയാവസ്ഥയിലാണ്. മഴക്കാലത്ത് ഇവിടങ്ങളിൽ വെള്ളക്കെട്ടാണ്. മറ്റ് സമയങ്ങളിലും കുട്ടികൾക്ക് ഇവിടെ കളിക്കാൻ കഴിയാറില്ല. ഏകദേശം 200 ലോഡ് മണ്ണിട്ട് 15 സെ.മീ. ഉയർത്തിയാൽ മാത്രമേ പ്ലേ ഗ്രൗണ്ട് ഉപയോഗയോഗ്യമാവുകയുള്ളൂ എന്നാണ് പരിശോധയിൽ മനസ്സിലായത്. ഇതിനായി പശ്ചിമഘട്ടത്തിലെ കുന്നുകളിടിച്ച് മണ്ണെടുക്കുന്നത് പരിസ്ഥിതിക്ക് വലിയരീതിയിൽ ദോഷം ചെയ്യും.

അഷ്ടമുടിക്കായൽ നശിച്ചുകൊണ്ടിരിക്കുകയാണ്. ചെളിയും മണ്ണും നിറഞ്ഞ് ആവാസവ്യവസ്ഥ തന്നെ മോശമായിവരികയാണ്. കായലിന്റെ അടിയിലുള്ള ചാലുകളെല്ലാം മണ്ണിട്ട് മൂടിയതിനാൽ മത്സ്യങ്ങളുടെ പ്രജനനവും നടക്കുന്നില്ല. ഇതിന് പരിഹാരമായി ഡ്രെഡ്ജിംഗ് നടത്തേണ്ടിവരും. ഈ മണ്ണ് ഉപയോഗത്തിനായി ലഭിച്ചാൽ സ്കൂളുകളുടെ പ്ലേ ഗ്രൗണ്ട് വൃത്തിയാക്കാൻ സാധിക്കും. നിലവിൽ എൻ.എച്ച്.66-ന്റെ പ്രവൃത്തിക്കായി അഷ്ടമുടിക്കായലിൽനിന്ന് മണ്ണെടുക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സമാനമായ ഒരു ഉത്തരവുണ്ടെങ്കിൽ സ്കൂൾ ഗ്രൗണ്ട് വൃത്തിയാക്കാനും അഷ്ടമുടിക്കായലിൽനിന്ന് മണ്ണെടുക്കാനുമാകും.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (<u>ശ്രീ. വി. ശിവൻകുട്ടി</u>): സർ, സ്കൂൾ ഗ്രൗണ്ട് വൃത്തിയാക്കുന്നതിനുള്ള ഒരു പ്രോജക്ട് തയ്യാറാക്കി പൊതുവിദ്യാഭ്യാസ വകുപ്പിന് സമർപ്പിച്ചാൽ മതിയാകും. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് അതിന് അനുവാദം നൽകേണ്ടത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബന്ധപ്പെട്ട വകുപ്പിന്റെയും സഹായത്തോടുകൂടി പ്രസ്തുത വിഷയത്തിന് പരിഹാരം കാണുന്നത് സംബന്ധിച്ച് ആലോചിക്കാം.

(28) <u>കാളംതിരുത്തി എം.ജി.എൽ.സി. സ്കൂൾ തുറന്നു പ്രവർത്തിപ്പിക്കൽ</u>

<u>ശ്രീ. കെ. പി. എ. മജീദ്</u>: സർ, എന്റെ നിയോജകമണ്ഡലത്തിലെ നന്നമ്പ്ര ഗ്രാമപഞ്ചായത്തിൽ, സ്വന്തമായി സ്ഥലവും കെട്ടിടവുമുള്ളതും ധാരാളം കുട്ടികൾ പഠിച്ചുകൊണ്ടിരുന്നതുമായ കാളംതിരുത്തി എം.ജി.എൽ.സി. സ്കൂൾ, ഒരു തെറ്റായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, അടച്ചുപൂട്ടിയിരിക്കുകയാണ്. രണ്ടു പ്രാവശ്യം ഇത് സംബന്ധിച്ചുള്ള സബ്മിഷൻ ഞാൻ നിയമസഭയിൽ ഉന്നയിച്ചപ്പോഴും ബഹുമാനപ്പെട്ട മന്ത്രി അനുകൂലമായ മറുപടിയാണ് നൽകിയത്. അദ്ദേഹം രണ്ടുതവണയും ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുവെങ്കിലും ഫയൽ നടപടികൾ പൂർത്തിയായിട്ടില്ല. മലപ്പുറം ജില്ലയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ എം.എൽ.എ.-മാരുടെ യോഗം വിളിച്ചപ്പോൾ പ്രസ്തുത പ്രശ്നം ഉന്നയിക്കുകയും അത് ക്യാബിനറ്റ് യോഗത്തിൽ ചർച്ച ചെയ്യണമെന്ന് അഭിപ്രായം അറിയിച്ചപ്പോൾ ഫയൽ വന്നാലുടൻ അപ്രൂവ് ചെയ്യാമെന്നാണ് പറഞ്ഞത്. എന്നാൽ അക്കാര്യത്തിൽ ഇനിയും തീരുമാനമായിട്ടില്ല. ദ്വീപിൽനിന്ന് പ്രൈമറി വിദ്യാലയത്തിലേക്ക് എട്ട് കിലോമീറ്റർ ദൂരമുണ്ട്. പൊതുഗതാഗത സൗകര്യങ്ങളൊന്നും ഇവിടെയില്ല.

നിലവിൽ അവിടുത്തെ അധ്യാപകർക്ക് ശമ്പളം കൊടുക്കുന്നതുപോലും നാട്ടുകാരിൽനിന്ന് പണം പിരിച്ചാണ്. ഇത്തരമൊരു വിഷയത്തിൽ അടിയന്തരനടപടി സ്വീകരിച്ചില്ലെങ്കിൽ ഞങ്ങൾക്ക് മണ്ഡലത്തിലേക്ക് പോകാൻ സാധിക്കില്ല. പ്രസ്തുത വിഷയത്തിൽ അടിയന്തരമായി പരിഹാരം കാണണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ബഹുമാനപ്പെട്ട അംഗം പ്രസ്തുത വിഷയത്തിൽ ഇത്രയധികം വിഷമിക്കേണ്ടതില്ല. മാത്രമല്ല അങ്ങ് നിർബന്ധമായും അങ്ങയുടെ മണ്ഡലത്തിൽ പോകുകയും വേണം. ഡി.പി.ഇ.പി. (District Primary Education Program)-യുടെ കീഴിലാണ് പ്രസ്തുത സ്കൂൾ തുറന്നു പ്രവർത്തിപ്പിക്കുന്നതുമായി ബന്ധപ്പെട്ട പ്രോജക്ട് വരുന്നത്. കാലം മാറിയതനുസരിച്ച് വിദ്യാഭ്യാസ രംഗത്തും ധാരാളം മാറ്റങ്ങൾ വന്നു. ഒറ്റപ്പെട്ടു കഴിയുന്ന കുട്ടികൾക്ക് നാട്ടിൽ നടക്കുന്ന പുത്തൻ രീതികൾ പഠിച്ചുവരേണ്ടതുണ്ട്. കാളംതിരുത്തി എം.ജി.എൻ.സി. സ്കൂളിൽ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ യാത്രാസൗകര്യത്തിന്റെ പ്രശ്നങ്ങളുണ്ട്. രണ്ട് യോഗങ്ങൾ

ഇതിനകം ചേർന്നിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ പരിഹാരം കാണുന്നതിനായി ക്യാബിനറ്റ് യോഗം ചേർന്ന് തീരുമാനമെടുക്കാം.

## (29) പ്രീ പ്രൈമറി അധ്യാപകരുടെയും ആയമാരുടെയും സേവന വേതന വ്യവസ്ഥ

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, മൂന്ന് മുതൽ അഞ്ച് വയസ് വരെ പ്രായമുള്ള കുട്ടികളുടെ വിദ്യാഭ്യാസം വളരെ പ്രധാനപ്പെട്ടതാണ്. 1988-ൽ സംസ്ഥാന സർക്കാർ ആരംഭിച്ചിട്ടുള്ള സ്കൂളിനോട് ചേർന്നുള്ള പ്രീ-പ്രൈമറി ക്ലാസുകൾ സ്കൂളുകളിലേക്ക് കുട്ടികളെ എത്തിക്കുന്നതിനുള്ള ഒരു കവാടം കൂടിയാണ്. മുൻകാലങ്ങളിൽ കുട്ടികളിൽനിന്ന് പിരിച്ചെടുക്കുന്ന പണവും പി.ടി.എ. ഫണ്ടുമുപയോഗിച്ചാണ് അധ്യാപകരുടെയും ആയമാരുടെയും വേതനം നൽകിയിരുന്നത്. 2011-ൽ യഥാക്രമം 300-ഉം 200-ഉം രൂപയായിരുന്നു അധ്യാപകരുടെയും ആയമാരുടെയും വേതനം. 2013-ൽ അത് 5,000 രൂപയായി വർധിച്ചു. നിലവിൽ അധ്യാപകർക്കും ആയമാർക്കും യഥാക്രമം 12,500, 7,500 എന്നിങ്ങനെ തുച്ഛമായ വേതനമാണ് ലഭിക്കുന്നത്. 2012-ന് മുൻപ് ആരംഭിച്ച പ്രീ-പ്രൈമറി സ്കൂളിലെ അധ്യാപകർക്കും ആയമാർക്കും മാത്രമാണ് പ്രസ്തുത ശമ്പളം ലഭിക്കുന്നത്. സ്കൂളുകളിൽ കൂടുതൽ കുട്ടികൾ

ചേരുന്നതിനായി പ്രീ-പ്രൈമറി ക്ലാസുകൾ ആരംഭിക്കും. 2012-ന് ശേഷം ആരംഭിച്ച സ്കൂളുകളിലെ അധ്യാപകർക്കും ആയമാർക്കും വേതനം ലഭിക്കാത്ത സാഹചര്യമാണ്. 36 വർഷത്തോളമായി ജോലി ചെയ്യുന്നവർക്ക് നിലവിൽ തുച്ഛമായ വേതനമാണ് ലഭിക്കുന്നത്. 2012-ന് ശേഷം പ്രവർത്തനമാരംഭിച്ച പ്രീ-പ്രൈമറി സ്കൂളുകളിലെ അധ്യാപകർക്കും ആയമാർക്കും സർക്കാരിന്റെ ഓണറേറിയം ലഭിക്കുന്നുമില്ല. ആയതിനാൽ പ്രീ-പ്രൈമറി അധ്യാപകരുടെയും ആയമാരുടെയും സേവന വേതന വ്യവസ്ഥയിൽ അനുകൂലമായ നിലപാടുണ്ടാകണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വിഷയത്തിൽ ചില സാങ്കേതിക പ്രശ്നങ്ങളുണ്ട്. കേരളത്തിൽ പി.ടി.എ.-യുടെ നിയന്ത്രണത്തിൽ 2686 പ്രീ-പ്രൈമറി സ്കൂളുകൾ അംഗീകാരത്തോടെ പ്രവർത്തിക്കുന്നുണ്ട്. നിലവിൽ പ്രീ-പ്രൈമറി അധ്യാപകർക്ക് 12,500 രൂപയും ആയമാർക്ക് 7,500 രൂപയുമാണ് വേതനമായി നൽകുന്നത്. പ്രസ്തുത വിഷയത്തിൽ പരിഹാരം കാണുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(30) ബാലരാമപുരം-വഴിമുക്ക്-കളിയിക്കാവിള പാത നിർമ്മാണത്തിനായുള്ള സ്ഥലമേറ്റെടുക്കൽ

ശ്രീ. കെ. ആൻസലൻ: സർ, തലസ്ഥാന ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു റോഡാണ് കരമന-കളിയിക്കാവിള പാത. ഈ സഭയുടെ ഒന്നാം സമ്മേളനത്തിൽ ബഹുമാനപ്പെട്ട മന്ത്രി വളരെ പ്രതീക്ഷയോടുകൂടിയാണ് തിരുവനന്തപുരം ജില്ലയുടെ വികസനവുമായി ബന്ധപ്പെട്ട് പ്രസ്തുത വിഷയം സൂചിപ്പിച്ചത്. എന്നാൽ അതിൽ യാതൊരു പുരോഗതിയും ഉണ്ടായിട്ടില്ല. ഭൂമി ഏറ്റെടുക്കൽ നടപടി സ്വീകരിക്കാത്തതിനാൽ ആയിരക്കണക്കിന് വരുന്ന ഭൂവുടമകൾ നിസ്സഹായരാണ്. പ്രസ്തുത വിഷയം വളരെ ഗൗരവകരമായി കണ്ട്, ഭൂമി ഏറ്റെടുക്കുന്നതിന് അടിയന്തരനടപടി സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വിഷയം കിഫ്ബി പദ്ധതിയുടെ കീഴിൽവരുന്നതാണ്. സർക്കാർതലത്തിൽ തീരുമാനമെടുക്കാനാണ് കിഫ്ബി നിർദേശിച്ചിരിക്കുന്നത്. അതിന്റെ

ഭാഗമായി ജനപ്രതിനിധികളുടെ ഒരു പ്രത്യേക യോഗം വിളിച്ചുചേർക്കാൻ വകുപ്പ് സെക്രട്ടറിക്ക് നിർദേശം നൽകിയിട്ടുണ്ട്.

(31) കോഴിക്കോട്-പാലക്കാട് ഗ്രീൻ ഫീൽഡ് ഹൈവേ നിർമ്മാണം

ശ്രീ. ടി. വി. ഇബ്രാഹിം: സർ, എൻ.എച്ച്.-966 കോഴിക്കോട്-പാലക്കാട് ഗ്രീൻ ഫീൽഡ് ഹൈവേയുടെ നിർമ്മാണം പുരോഗമിക്കുകയാണ്. അതിന്റെ ഡി.പി.ആർ.-ഉം ഡിസൈനും തയ്യാറാക്കിയപ്പോൾ മലപ്പുറം ജില്ലയിൽ 53 കിലോമീറ്ററിനുള്ളിൽ 11 കിലോമീറ്റർ സർവീസ് റോഡ് തന്നെയില്ല. എൻ.എച്ച്.66-ൽനിന്ന് വ്യത്യസ്തമായി എൻ.എച്ച്.966-ൽ ആക്സസ് പോയിന്റുകൾ കുറവാണ്. സർവീസ് റോഡ് ഇല്ലാത്ത 11 കിലോമീറ്ററിൽ അഞ്ചര കിലോമീറ്റർ എന്റെ നിയോജകമണ്ഡലത്തിലെ വാഴക്കാട് പഞ്ചായത്തിലാണ്. തൊട്ടടുത്ത ചീക്കോട്, വാണിയൂർ പഞ്ചായത്തിൽ മാത്രമാണ് ആക്സസ് പോയിന്റുള്ളത്. 19 ബ്രേക്കിങ്ങുള്ള റോഡിൽ മൂന്നിടങ്ങളിലെ ബ്രേക്കിങ് വാഴക്കാട് പഞ്ചായത്തിലാണ്. സർവീസ് റോഡും ആക്സസുമില്ലെങ്കിൽ യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാകും. അതിനാൽ, വാഴക്കാട് പഞ്ചായത്തിലെ സർവീസ് റോഡ് പൂർത്തിയാക്കുകയും അനുയോജ്യമായ ഒരു

സ്ഥലത്ത് ആക്സസ് ലഭിക്കുകയും ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, പ്രസ്തുത വിഷയം കേന്ദ്ര സർക്കാരിന്റെ പരിഗണനയിൽവരുന്നതാണ്. ആക്സസ് പോയിന്റുകളുടെ എണ്ണം വർധിപ്പിക്കുന്നത് സാങ്കേതികമായി സാധ്യമല്ലെന്നാണ് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ അറിയിച്ചത്. പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ ആക്സസ് പോയിന്റുകൾ നൽകാനാകുമോയെന്ന് പരിശോധിക്കാൻ അതോറിറ്റിയോട് പ്രത്യേകം ആവശ്യപ്പെടാം. വാഴക്കാട് പഞ്ചായത്തിന്റെ വിഷയം പ്രത്യേകമായി പരിഗണിക്കുന്നതാണ്.

(32) വള്ളികുന്നംചിറ ടൂറിസം പദ്ധതി

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, മാവേലിക്കര മണ്ഡലത്തിലെ വള്ളികുന്നംചിറ ടൂറിസം പദ്ധതിയ്ക്കായി ബജറ്റിൽ തുക അനുവദിച്ചിട്ട് മൂന്ന് വർഷം പിന്നിടുകയാണ്. ഇതുവരെ പദ്ധതി ആരംഭിക്കാൻ കഴിയാത്ത ഒരു സാഹചര്യമാണുള്ളത്. ഇതുമായി ബന്ധപ്പെട്ട് നിരവധി തവണ ഉദ്യോഗസ്ഥരെ

സമീപിച്ചപ്പോൾ സാങ്കേതികപ്രശ്നങ്ങൾ പറഞ്ഞ് ഒഴിവാക്കുന്ന ഒരു സമീപനമാണുണ്ടായത്. ഈ പദ്ധതി നടപ്പിലാക്കേണ്ട എന്ന രീതിയിലാണോ ഇടപെടലുകളുണ്ടാകുന്നതെന്നാണ് എന്റെ ബലമായ സംശയം. ഇതിനുമുമ്പ് വയ്യാങ്കരച്ചിറ ടൂറിസം പദ്ധതി ബഹുമാനപ്പെട്ട മന്ത്രി പ്രത്യേകമായി ഇടപെട്ടാണ് യാഥാർഥ്യമാക്കിയത്. ഈ പദ്ധതിയും അതേനിലയിൽ പ്രത്യേക താൽപര്യമെടുത്ത് പൂർത്തിയാക്കിത്തരണമെന്ന് സബമിഷനിലൂടെ ആവശ്യപ്പെടുകയാണ്.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ബഹുമാനപ്പെട്ട അംഗത്തിന്റേത് ദുർബലമായ സംശയമാണ്. ഈ പദ്ധതിയുടെ DPR (Detailed Project Reoprt) കഴിഞ്ഞ ദിവസം ചേർന്ന ടൂറിസം വർക്കിംഗ് ഗ്രൂപ്പിന്റെ യോഗത്തിൽ പരിഗണിച്ചിട്ടുണ്ട്. ടി ഗ്രൂപ്പിന്റെ നിർദേശങ്ങൾക്കനുസൃതമായി തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്.

(33) പേരാവൂരിലെ പൊതുമരാമത്ത് റോഡുകളുടെ നവീകരണം

ശ്രീ. സണ്ണി ജോസഫ് : സർ, റോഡുകൾക്ക് ദൈർഘ്യം കൂടുതലുള്ള നിയോജക മണ്ഡലമാണ് പേരാവൂർ. പൊതുമരാമത്ത് റോഡുകൾ പലതും

ഗതാഗതയോഗ്യമല്ല, ഇരിട്ടി താലൂക്ക് ആസ്ഥാനത്തേക്കുള്ള റോഡുകൾ പോലും പൊട്ടിപ്പൊളിഞ്ഞ് കിടക്കുകയാണ്. വയനാട് ജില്ലയിലേക്കുള്ള പ്രധാനപ്പെട്ട റോഡായ നിടുംപൊയിൽ റോഡ് അറുപത് ദിവസത്തോളമായി ഗതാഗത യോഗ്യമല്ലാതെ തകർന്നുകിടക്കുകയാണെന്ന കാര്യം കഴിഞ്ഞ ദിവസം സൂചിപ്പിക്കുകയുണ്ടായി. വയനാടും കണ്ണൂരും തമ്മിൽ ബന്ധിപ്പിക്കുന്നതിനുവേണ്ടി സമാന്തരമായി അമ്പായത്തോട് 44-ാം മൈൽ ചുരം രഹിത പാതയ്ക്കുവേണ്ടി അപേക്ഷകൾ സമർപ്പിച്ചിട്ട് ഒരുപാട് വർഷങ്ങളായെങ്കിലും ഇതുവരെ ഗവൺമെന്റ് അതിനായി ഒരു യൂസർ ഏജൻസിയെപ്പോലും നിയോഗിച്ചിട്ടില്ല. മുമ്പ് ഇവിടെ പഞ്ചായത്ത് റോഡാണുണ്ടായിരുന്നത്. കുറച്ചുദൂരം വന്യജീവി സങ്കേതത്തിലൂടെ കടന്നുപോകേണ്ടതിനാൽ വനം വകുപ്പിന്റെ ക്ലിയറൻസ് ലഭിക്കണം. ബഹുമാനപ്പെട്ട മാനന്തവാടി അംഗവും പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രിയുമായ ശ്രീ. ഒ. ആർ. കേളുവിനും അറിയാവുന്ന കാര്യമാണ്, ഇതിനായി മുഖ്യമന്ത്രിക്കും അപേക്ഷ നൽകിയിട്ടുണ്ട്. അതുകൊണ്ട് അമ്പായത്തോട് 44-ാം മൈൽ ചുരം രഹിത പാതയ്ക്കായി അപേക്ഷ നൽകേണ്ട

യൂസർ ഏജൻസിയെ പി.ഡബ്ല്യൂ.ഡി നിയോഗിച്ച് പ്രസ്തുത റോഡ് നിർമ്മാണം വേഗത്തിലാക്കാനുള്ള നടപടികൾ സ്വീകരിച്ച് റോഡുകൾ ഗതാഗതയോഗ്യമാക്കണമെന്ന് സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ഇത് രണ്ട് വിഷയമുണ്ട്, JJM (Jal Jeevan Mission) പ്രവൃത്തി പൂർത്തിയാക്കാത്തതുമൂലം റോഡ് പണികൾ ആരംഭിക്കാൻ സാധിക്കാത്ത വിഷയം ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ പ്രത്യേകമായ ഇടപെടൽ നടത്തുന്നതിനുവേണ്ടി ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(34) പനാത്ത്താഴം-ചേവരമ്പലം ജംഗ്ഷനിൽ മേൽപ്പാലം/അടിപ്പാലം നിർമാണം

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ : സർ, എന്റെ മണ്ഡലത്തിലെ ഗാന്ധി റോഡ് മുതൽ Centre for Water Resources Development and Management (CWRDM) വരെയുള്ള പ്രധാനപ്പെട്ട ഒരു റോഡ് city road imporovement പ്രൊജക്ടിലുൾപ്പെടുത്തി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത്

നിർമ്മിച്ചിട്ടുള്ളതാണ്. ഇവിടെ പ്രത്യേകമായി പനാത്ത്താഴം-സരോവരം വരെ ഒരു ഫ്ലൈ ഓവർ വരാൻ പോകുകയാണ്. നിരവധി വാഹനങ്ങൾ കടന്നുപോകുന്നതും ഏറ്റവും പ്രധാനമായി മെഡിക്കൽ കോളേജിലേക്കും പുതുതായി ആരംഭിക്കുന്ന അവയവമാറ്റ ശസ്ത്രക്രിയകൾക്കായുള്ള ആശുപത്രിയിലേക്കും കടന്നുപോകേണ്ട പ്രധാനപ്പെട്ട ഈ റോഡ് കുന്നമംഗലം വരെയെത്തുന്നതാണ്. ടി റോഡിന്റെ കുറുകെയാണ് പുതുതായി NH-66 വരുന്നത്. അവിടെയൊരു മേൽപ്പാലമില്ലാത്തത് വലിയ പ്രശ്നങ്ങൾ സൃഷ്ടിക്കും. നിരവധി തവണ ഇതിനായി നിവേദനങ്ങൾ നൽകിയിട്ടുണ്ട്. മേൽപ്പാലം നിർമ്മിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ഇത് വളരെ ഗൗരവമായ വിഷയമാണ്. നിരവധി തവണ ഈ വിഷയം ദേശീയ പാത അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും വേണ്ടത്ര ഉൾക്കൊണ്ടിട്ടില്ല. എന്നാൽ ഈ വിഷയത്തിന്റെ പ്രാധാന്യം

കണക്കിലെടുത്ത് ദേശീയ പാത അതോറിറ്റിയുമായി ഒരിക്കൽക്കൂടി സംസാരിക്കാം.

(35) പെരിങ്ങമ്മല-തെന്നൂർ മലയോര ഹൈവേ നിർമാണം

ശ്രീ. ഡി. കെ. മുരളി: സർ, എന്റെ മണ്ഡലത്തിലൂടെ കടന്നുപോകുന്ന മലയോര ഹൈവേയിൽ മൂന്നാമത്തെ റീച്ച് നിർമാണത്തിൽ കാരാറുകാർ വലിയ അലംഭാവം വരുത്തുകയാണ്. പലപ്രാവശ്യം മീറ്റിംഗ് വിളിച്ചുചേർത്തെങ്കിലും അവർ നിർമാണം തുടരാൻ വിമുഖത കാണിക്കുകയാണ്. ഇതിന്റെ ഭാഗമായ തെന്നൂർ പാലത്തിന്റെ പുനർനിർമാണം ഇനിയും ആരംഭിച്ചിട്ടുമില്ല. ഈ രണ്ട് കാര്യങ്ങളിലും ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് വേഗതയിലാക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, വിശദമായ മറുപടി മേശപ്പുറത്ത് വയ്ക്കുന്നു.+

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

(36) വഴിയോര ഭക്ഷണ വിതരണ കേന്ദ്രങ്ങളിലെ ശുചിത്വം

ശ്രീ. അഹമ്മദ് ദേവർകോവിൽ : സർ, സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ വിശിഷ്യാ നഗരപ്രദേശങ്ങളിൽ മഞ്ഞപ്പിത്തം, ഛർദ്ദി മുതലായ പകർച്ചവ്യാധികൾ വ്യാപകമാകുന്ന സാഹചര്യത്തിൽ തട്ടുകടകളിലും വഴിയോര ഭക്ഷണ വിതരണകേന്ദ്രങ്ങളിലും ഭക്ഷണം പാകം ചെയ്യുന്നത് വൃത്തിയോടുകൂടിയ സാഹചര്യത്തിലാണെന്ന് ഉറപ്പുവരുത്തുന്നതിനും ഇത്തരം കച്ചവടക്കാർക്ക് ഇ-ഹെൽത്ത് കാർഡ് വിതരണം ചെയ്യുന്നതുസംബന്ധിച്ചുള്ള സബ്മിഷനാണ് അവതരിപ്പിക്കുന്നത്. ഹോട്ടലുകൾക്കും റസ്റ്റോറന്റ് അസോസിയേഷനുകൾക്കും FSS Act നിലവിലുണ്ട്. എന്നാൽ ബീച്ചുകളിലും മറ്റ് ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ സമീപത്തും പ്രവർത്തിക്കുന്ന പല തട്ടുകടകളിലും രാത്രി മാത്രം പ്രത്യക്ഷപ്പെടുന്ന ചെറിയ ചായക്കടകളിലും ഭക്ഷണം പാകം ചെയ്യുന്നതും വിതരണം ചെയ്യുന്നതും വൃത്തിഹീനമായ സാഹചര്യങ്ങളിലാണെന്നാണ് മനസ്സിലാക്കുന്നത്. പലതരം പകർച്ചവ്യാധികളും ഭക്ഷ്യവിഷബാധയും റിപ്പോർട്ട് ചെയ്യപ്പെടുന്ന പ്രത്യേക സാഹചര്യത്തിൽ ഇവർക്കും ലൈസൻസ് ഏർപ്പെടുത്തണം. കോർപ്പറേഷൻ, മുനിസിപ്പാലിറ്റി പരിധികളിൽ കച്ചവടം ചെയ്യുന്ന ഇത്തരം അനധികൃത

കച്ചവടക്കാരിൽ പലരും ഹെൽത്ത് ഓഫീസറല്ലാത്ത മറ്റേതെങ്കിലും ഉദ്യോഗസ്ഥരിൽനിന്നോ ഡോക്ടർമാരിൽനിന്നോ തൊഴിലാളികളുടെ പേരിൽ വാങ്ങുന്ന ഹെൽത്ത് സർട്ടിഫിക്കറ്റ് ഉപയോഗിച്ചാണ് കച്ചവടം നടത്തുന്നത്. പലപ്പോഴും ഒരേ വ്യക്തിയുടെ ഹെൽത്ത് സർട്ടിഫിക്കറ്റ് ഉപയോഗിച്ച് പല സ്ഥലങ്ങളിൽ കച്ചവടം നടക്കുന്നത് കടകൾ പരിശോധന നടത്തുന്ന ഉദ്യോഗസ്ഥർക്കുപോലും തിരിച്ചറിയാൻ പ്രയാസമുണ്ട്. അത് പരിഹരിക്കുന്നതിനായി സ്ഥാപനത്തിലെ തൊഴിലാളികൾക്കായി ഹെൽത്ത് ഓഫീസർ നൽകുന്ന ഹെൽത്ത് ഫിറ്റ്നസ് കാർഡ് നിർബന്ധമാക്കാനുള്ള നടപടിയെടുക്കുമോയെന്നതാണ് ആവശ്യം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, സംസ്ഥാനത്ത് ജലത്തിലൂടെയും ഭക്ഷണത്തിലൂടെയും പകർച്ചവ്യാധികൾ ഉണ്ടാകുന്നത് വർധിക്കുന്നതു സംബന്ധിച്ച് ആരോഗ്യ വകുപ്പ് നേരത്തെതന്നെ പ്രസിദ്ധീകരിച്ചിരുന്നു. അതിനെതിരെ പൊതുവായ ജാഗ്രതയുണ്ടാകണമെന്നത് ആഹ്വാനം ചെയ്തിരുന്നു. ഇവിടെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച വിഷയത്തിൽ ഏറ്റവും കൂടുതൽ പരിശോധനകൾ നടക്കുന്ന ഒരു

കാലയളവുകൂടിയാണ്. നൈറ്റ് സ്ക്വാഡിനെക്കൂടി രൂപീകരിച്ചുകൊണ്ടാണ് തട്ടുകടകൾ, വഴിയോര കച്ചവട കേന്ദ്രങ്ങളുൾപ്പെടെയുള്ള എല്ലാ ഭക്ഷണശാലകളിലും പരിശോധന നടത്തുന്നത്. ഹെൽത്ത് കാർഡ് സംബന്ധിച്ച് 2011-ൽ ആക്ട് നിലവിൽവന്നെങ്കിലും രണ്ടുവർഷം മുമ്പുമാത്രമാണ് ഹെൽത്ത് കാർഡ് നിർബന്ധമായി രാജ്യത്തുതന്നെ ആദ്യമായി കേരളത്തിൽ നടപ്പിലാക്കുന്നത്. ഏതെങ്കിലും തരത്തിൽ വ്യാജ കാർഡുകൾ നൽകുന്ന മെഡിക്കൽ പ്രാക്ടീഷണർക്കെതിരെയും നടപടി സ്വീകരിക്കുന്നതാണ്. അതിൽ ഏതെങ്കിലും തരത്തിൽ പരിശോധനകൾ നടത്തി പരാതിയുണ്ടെങ്കിൽ ആ രീതിയിലും ഇടപെട്ട് മുന്നോട്ടുപോകുന്നതാണ്.

(37) കോഴിക്കോട് മെഡിക്കൽ കോളേജിൽ രാത്രികാല പോസ്റ്റ്മോർട്ടം

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, രാത്രികാല പോസ്റ്റ്മോർട്ടം കോഴിക്കോട് മെഡിക്കൽ കോളേജിൽ ആരംഭിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള സബ്മിഷനാണ്. അസ്വാഭാവിക മരണങ്ങളൊഴികെയുള്ള മരണങ്ങൾ സംഭവിക്കുമ്പോൾ രാത്രികാല പോസ്റ്റ്മോർട്ടം കൂടി നടപ്പിലാക്കിയാൽ കുടുംബാംഗങ്ങളും സാമൂഹിക

പ്രവർത്തകരും ഇപ്പോൾ നേരിടുന്ന നിരവധി പ്രതിസന്ധികൾ മറികടക്കാൻ സാധിക്കും. കോഴിക്കോട് മെഡിക്കൽ കോളേജിൽ രാത്രികാല പോസ്റ്റ്മോർട്ടം അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നതാണ് ആവശ്യം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ രാത്രികാല പോസ്റ്റ്മോർട്ടം വേണമെന്നുള്ളത് പതിമൂന്ന് വർഷത്തെ  നീണ്ട ആവശ്യമാണ്. ഈ കാലഘട്ടത്തിൽ അത് യാഥാർത്ഥ്യമാക്കുന്നതിനായി മഞ്ചേരി മെഡിക്കൽ കോളേജിൽ രാത്രികാല പോസ്റ്റ്മോർട്ടം ആരംഭിച്ചു.  ബഹുമാനപ്പെട്ട കാസർഗോഡ് എം.എൽ.എ. കാസർഗോഡ് ജനറൽ ആശുപത്രിയിൽ രാത്രികാല പോസ്റ്റ്മോർട്ടത്തിനായി കേസ് നടത്തിയ വ്യക്തികൂടിയാണ്. കാസർഗോഡ് ജനറൽ ആശുപത്രിയിൽ രാത്രികാല പോസ്റ്റ്മോർട്ടം ഉണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിലുൾപ്പെടെ രാത്രികാല പോസ്റ്റ്മോർട്ടം നടത്തുന്നതിനുള്ള നിർദേശം നൽകിയിട്ടുണ്ട്.  ഓരോ മെഡിക്കൽ കോളേജിലും

നടത്തുന്ന പോസ്റ്റ്മോർട്ടത്തിന്റെ കണക്കുകൾകൂടി സർക്കാർ പരിശോധിക്കുന്നുണ്ട്.

(38) നെല്ല് വില വർധിപ്പിക്കൽ നടപടികൾ

ശ്രീ. കെ. ഡി. പ്രസേനൻ: സർ, കേരളത്തിലെ നെൽക്കർഷകർ ഓരോ സീസണിലും വലിയ ആശങ്കയിൽ കഴിയുകയാണ്. നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് തുടർച്ചയായി നിരവധി സർക്കുലറുകൾ വകുപ്പുകളുടെ നേതൃത്വത്തിൽ വരികയും പല മാനദണ്ഡങ്ങളും പുതിയതായി പ്രഖ്യാപിക്കുകയും ചെയ്യുന്നത് വലിയ ശല്യമായി മാറിയിരിക്കുകയാണ്. സമയബന്ധിതമായി നെല്ല് സംഭരിച്ചില്ലെങ്കിൽ കർഷകർക്ക് വൻനഷ്ടമാണ് സംഭവിക്കുന്നത്. പുതിയ ലോഡിംഗ് പോയിന്റ് ഏർപ്പെടുത്തണമെന്നും വിജിലൻസ് വിഭാഗത്തിലെ ഒരു കൂട്ടം ആളുകൾ ചാക്കിൽ 50 കിലോയിൽ കൂടുതൽ നെല്ല് നിറയ്ക്കാൻ പാടില്ലെന്നും പറയുന്നു. വിവിധ സർക്കുലറുകൾ ഓരോ ഘട്ടത്തിലുംവരികയാണ്, ഇതിനൊരു ഏകീകരണമുണ്ടാകണം. അടിയന്തരമായി നെല്ല് സംഭരിക്കാനുള്ള നിലപാടുകൾ എല്ലായിടത്തും സ്വീകരിക്കണം. കാലഘട്ടത്തിന്റെ ആവശ്യമനുസരിച്ച് ചെറിയ വിലവർധനവും

ലഭ്യമാക്കാനുള്ള പരിശ്രമവും നടത്തണമെന്ന അഭിപ്രായമാണ് ഈ സബ്മിഷനിലൂടെ അവതരിപ്പിക്കാനുള്ളത്.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, സർ, വിശദമായ മറുപടി മേശപ്പുറത്ത് വയ്ക്കുന്നു.+

(39) റേഷൻ കട നടത്തുന്ന ലൈസൻസികളുടെ പ്രശ്നങ്ങൾ

ശ്രീ. ജി. സ്റ്റീഫൻ: സർ, 14300 റേഷൻ കടകളെയും 92 ലക്ഷം കാർഡുടമകളെയും ബാധിക്കുന്ന വിഷയമാണ്. റേഷൻ വ്യാപാരികളുടെ ആഗസ്റ്റ് മാസത്തെ വേതനം ഇതുവരെ നൽകിയിട്ടില്ല. 2018- ൽ നടപ്പിലാക്കിയ വേതന പാക്കേജ് പുതുക്കണം. ക്ഷേമനിധിയിൽ സർക്കാർ വിഹിതമില്ലാത്ത ഏക ക്ഷേമനിധിയാണ് റേഷൻ വ്യാപാരികളുടേത്. KTPDS ആക്റ്റിലെ ലൈസൻസികൾക്കെതിരെയുള്ള അപാകതകൾ തിരുത്തണം. വിതരണമില്ലാത്ത മണ്ണെണ്ണയ്ക്ക് ലൈസൻസ് വേണമെന്നുള്ള നിബന്ധന മാറ്റണം. ബഹുമാനപ്പെട്ട സുപ്രീം കോടതി വിധിപ്രകാരമുള്ള കിറ്റ് കമ്മീഷൻ

---

\+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

എല്ലാ റേഷൻ വ്യാപാരികൾക്കും നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, റേഷൻ വ്യാപാരികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ മുന്തിയ പരിഗണനയാണ് നൽകുന്നത്. വിശദമായ മറുപടി മേശപ്പുറത്ത് വയ്ക്കുന്നു.+

### (40) മദ്രസ ബോർഡ് നിർത്തലാക്കണമെന്ന ദേശീയ ബാലാവകാശ കമ്മീഷൻ ശിപാർശ

ശ്രീ. പി. ഉബൈദുള്ള: സർ, നമ്മുടെ രാജ്യത്തെ മദ്രസ സംവിധാനങ്ങൾക്കെതിരെ കേന്ദ്ര സർക്കാർ വീണ്ടും രംഗത്ത് എത്തിരിക്കുകയാണ്. മദ്രസകൾ അടച്ചുപൂട്ടാനും സർക്കാർ സഹായങ്ങൾ അവസാനിപ്പിക്കാനും നിർദേശിച്ച ദേശീയ ബാലാവകാശ കമ്മീഷൻ എല്ലാ സംസ്ഥാനങ്ങളിലെയും കേന്ദ്ര ഭരണപ്രദേശങ്ങളിലെയും ചീഫ് സെക്രട്ടറിമാർക്ക് കത്ത് നൽകിയിരിക്കുകയാണ്. ദേശീയ ബാലാവകാശ സംരക്ഷണ കമ്മീഷൻ ചെയർപേഴ്സൺ ശ്രീ. പ്രിയങ്ക് കനൂംഗോ ഒക്ടോബർ 11-ന് അയച്ച കത്തിലാണ് ഇക്കാര്യം സൂചിപ്പിക്കുന്നത്. മദ്രസ ബോർഡുകൾ

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

നിർത്തലാക്കാനും മദ്രസുകൾക്കും മദ്രസ ബോർഡുകൾക്കും സർക്കാർ ധനസഹായം നൽകുന്നത് അവസാനിപ്പിക്കണമെന്നും മദ്രസയിൽ പഠിക്കുന്ന കുട്ടികളെ ഔപചാരിക വിദ്യാലയങ്ങളിലേക്ക് മാറ്റണമെന്നുമാണ് കമ്മീഷന്റെ ശിപാർശ.

മി. സ്പീക്കർ: പ്ലീസ്....പ്ലീസ്....പോയിന്റ് വ്യക്തമാണ്.

ശ്രീ. പി. ഉബൈദുള്ള: സർ, കേരളം പോലുള്ള സംസ്ഥാനങ്ങളിൽ യാതൊരു സാമ്പത്തിക സഹായവും മദ്രസകൾക്ക് നൽകുന്നില്ലെന്നുള്ള കാര്യം നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. സാധാരണക്കാരായ പൊതുജനങ്ങളിൽനിന്ന് സഹായം സ്വീകരിച്ചാണ് മദ്രസകൾ സ്ഥാപിക്കുന്നതും അത് നടത്തികൊണ്ടുപോകുന്നതും. മദ്രസയിൽ പഠിക്കുന്ന കുട്ടികൾക്ക് വിദ്യാഭ്യാസ അവകാശം ഉറപ്പാക്കുന്ന 2009-ലെ നിയമം അനുശാസിക്കുന്ന ഗുണനിലവാരമുള്ള വിദ്യാഭ്യാസം ലഭിക്കുന്നില്ലെന്നാണ് കമ്മീഷന്റെ കണ്ടെത്തൽ. തീർത്തും ഭരണഘടനാ വിരുദ്ധമായ തീരുമാനത്തിനുപിന്നിലുള്ള ഈ ദുഷ്ടലാക്കിന് രാജ്യത്തെ പ്രതിപക്ഷകക്ഷികൾ മാത്രമല്ല, ബി.ജെ.പി.-യുടെ ഘടകകക്ഷികൾതന്നെ വിമർശന വിധേയമായി

കഴിഞ്ഞിരിക്കുന്നുവെന്നുള്ളതാണ് നമ്മളിപ്പോൾ കണ്ടുകൊണ്ടിരിക്കുന്നത്. ഒരു പ്രധാനപ്പെട്ട കാര്യം സൂചിപ്പിക്കാനുള്ളത്. മദ്രസയിൽ പഠിക്കുന്ന അമുസ്ലീം വിദ്യാർഥികളെ മറ്റ് ഏതെങ്കിലും സ്കൂളുകളിലേക്ക് മാറ്റണമെന്നും അംഗീകാരമുള്ളതും അല്ലാത്തതുമായ മാദ്രസകളിൽ പഠിക്കുന്ന മുസ്ലീം വിദ്യാർഥികളെ മറ്റ് ഏതെങ്കിലും സ്കൂളുകളിൽക്കൂടി ചേർക്കണമെന്നും കത്തിൽ പരാമർശിക്കുന്നുണ്ട്. അതിനർത്ഥം അമുസ്ലീം വിദ്യാർഥികൾകൂടി മദ്രസകളിൽ പഠിക്കുന്നുവെന്നാണ് പ്രസ്തുത റിപ്പോർട്ടിലൂടെ വ്യക്തമാക്കുന്നത്. മതപഠനത്തോടൊപ്പം മതം അനുശാസിക്കുന്ന മനുഷ്യത്വവും ധർമ്മബോധവും പകർന്നുനൽകുന്ന വിദ്യാലയങ്ങളാണ് മദ്രസകൾ. അതുകൊണ്ടാണ് രാജ്യത്തെ വിവിധ മദ്രസകളിൽ എല്ലാ മതവിഭാഗത്തിലുംപെട്ട കുട്ടികൾ പഠിച്ചുകൊണ്ടിരിക്കുന്നത്. ഇതിന്റെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് ബാലാവകാശ കമ്മീഷൻ ഉത്തരവിന്റെയും റിപ്പോർട്ടിന്റെയും നൈതികതയും ഉദ്ദേശ്യവും ഇവിടെ ചോദ്യം ചെയ്യപ്പെടുകയാണ്. ഒന്നാമതായി മദ്രസകൾ അടച്ചുപൂട്ടണമെന്ന് നിർദേശം മതം പഠിപ്പിക്കാനുള്ള ഭരണഘടനപരമായ

അവകാശത്തിന്റെ ലംഘനമാണ്. ബാലാവകാശ കമ്മീഷന് ഇത്തരത്തിൽ നിർദ്ദേശം പുറപ്പെടുവിക്കാനുള്ള അധികാരമുണ്ടോ?

മി. സ്പീക്കർ: അങ്ങയ്ക്ക് അവസരം നൽകിയതിനാൽ ഇങ്ങനെ ചെയ്യരുത്. ബഹുമാനപ്പെട്ട മന്ത്രിക്ക് അതിന് മറുപടി പറയട്ടെ....

ശ്രീ. പി. ഉബൈദുള്ള: സർ, ഭരണഘടനപരമായ അവകാശമെടുത്ത് മാറ്റാൻ ബാലാവകാശ കമ്മീഷൻപോലുള്ള ഒരു ഏജൻസിക്ക് കഴിയില്ല.

(.....മൈക്ക് ഓഫ്...)

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, ബഹുമാനപ്പെട്ട അംഗം വളരെ പ്രധാനപ്പെട്ട സബ്മിഷനാണിവിടെ അവതരിപ്പിച്ചിട്ടുള്ളത്. ബാലാവകാശ കമ്മീഷൻ കേരളത്തെ വളരെ മോശമായി ചിത്രീകരിച്ചൊരു സംഭവമാണിത്. ദേശീയ ബാലാവകാശ കമ്മീഷൻ ചെയർപേഴ്സൺ സംസ്ഥാനത്തെ ചീഫ് സെക്രട്ടറിമാർക്ക് 11-10-2024-ൽ അയച്ച കത്തിൽ 2009-ലെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശ നിയമത്തിൽ വിദ്യാഭ്യാസത്തിനുള്ള അവകാശം മൗലികാവകാശമാക്കിയിട്ടുള്ളതും എന്നാൽ

ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസം നൽകിവരുന്ന മതസ്ഥാപനങ്ങൾക്ക്/മദ്രസകൾക്ക് പ്രസ്തുത നിയമത്തിൽ ഇളവ് നൽകിയിട്ടുള്ളതും ദുരുപയോഗം ചെയ്തതായി കണ്ടെത്തിയിട്ടുണ്ടെന്നും അപ്രകാരം കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസം പൂർത്തീകരണം ഉറപ്പാക്കുന്നത് ലംഘിക്കപ്പെടുകയാണെന്നും ഇത്തരത്തിൽ മദ്രസകളിലെ വിദ്യാഭ്യാസ രീതി കുട്ടികളുടെ ഭരണഘടനാ അവകാശങ്ങൾ ലംഘിക്കുന്നതാണെന്നുമാണ് ഉന്നയിച്ചിരിക്കുന്നത്. 'വിശ്വാസത്തിന്റെ സംരക്ഷകരോ അതോ അവകാശങ്ങളെ അടിച്ചമർത്തുന്നവരോ' 'കുട്ടികളുടെ ഭരണഘടനപരമായ അവകാശങ്ങളും- മദ്രസയും' എന്ന തലക്കെട്ടിൽ 11 അധ്യായങ്ങളുള്ള ഒരു റിപ്പോർട്ട് കമ്മീഷൻ തയ്യാറാക്കിയിരിക്കുകയാണ്. ഇതിന്റെ പശ്ചാത്തലത്തിൽ അയച്ച കത്തിലാണ് മദ്രസകൾക്കും മദ്രസ ബോർഡുകൾക്കും സംസ്ഥാന സർക്കാർ നൽകി വരുന്ന ധനസഹായം നിർത്തലാക്കണമെന്നും മദ്രസ ബോർഡുകൾ അടച്ചുപൂട്ടണമെന്നും ആവശ്യപ്പെട്ടിരിക്കുന്നത്. മദ്രസകളിൽ പഠിക്കുന്ന കുട്ടികൾക്ക് വിദ്യാഭ്യാസ അവകാശം ഉറപ്പാക്കുന്ന 2009-ലെ നിയമം അനുശാസിക്കുന്ന

ഗുണനിലവാരമുള്ള വിദ്യാഭ്യാസം ലഭിക്കുന്നില്ലെന്നും പാഠ്യപദ്ധതി, യൂണിഫോം, അടിസ്ഥാന സൗകര്യങ്ങൾ, പഠനാന്തരീക്ഷം, ഉച്ചഭക്ഷണ പദ്ധതി എന്നിവ ഏർപ്പെടുത്തുന്നില്ലെന്നും മതപഠനം മാത്രമാണ് നൽകുന്നതെന്നും മദ്രസകളിൽ കുട്ടികൾക്കുനേരെയുള്ള അതിക്രമങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ടെന്നും കമ്മീഷൻ റിപ്പോർട്ടിൽ സൂചിപ്പിക്കുന്നുണ്ട്. കൂടാതെ, മുസ്ലീം ഇതര വിഭാഗങ്ങളിലെ കുട്ടികളെ മദ്രസകളിൽനിന്നും സർക്കാർ സ്കൂളുകളിലേക്ക് മാറ്റണമെന്നും 1.2 കോടി മുസ്ലീം കുട്ടികൾക്ക് അടിസ്ഥാന വിദ്യാഭ്യാസം നിഷേധിക്കപ്പെടുകയാണെന്നും കമ്മീഷൻ റിപ്പോർട്ടിൽ സൂചിപ്പിക്കുന്നു. വിവിധ ഇസ്ലാമിക മതവിദ്യാഭ്യാസ ബോർഡുകളുടെ കീഴിലാണ് കേരളത്തിൽ മദ്രസകൾ പ്രവർത്തിക്കുന്നത്. മദ്രസകളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതും അധ്യാപകരെ നിയമിക്കുന്നതും മദ്രസകളുടെ ദൈനംദിന പ്രവർത്തനങ്ങളുടെ ചെലവും കണ്ടെത്തുന്നത് ബന്ധപ്പെട്ട മാനേജ്മെന്റുകളും കമ്മിറ്റികളുമാണ്. മദ്രസകളിലെ പാഠഭാഗങ്ങൾ തയ്യാറാക്കുന്നതും പരീക്ഷകൾ നടത്തുന്നതും ഫലം പ്രഖ്യാപിക്കുന്നതും ബന്ധപ്പെട്ട വിദ്യാഭ്യാസ ബോർഡുകളാണ്. മതവിദ്യാഭ്യാസ ബോർഡുകൾക്കോ മദ്രസകൾക്കോ സർക്കാർ ഫണ്ടുകൾ

ഒന്നുംതന്നെ നൽകുന്നില്ല. കേരളത്തിൽ മദ്രസകൾ ഇസ്ലാമിക മതപഠനം മാത്രമാണ് നടത്തിവരുന്നത്. പൊതുവിദ്യാഭ്യാസം സർക്കാർ/കേന്ദ്ര സർക്കാർ നിയന്ത്രണത്തിലുള്ള പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങൾ മുഖേനയാണ് നടക്കുന്നത്. മുസ്ലീം വിദ്യാർഥികൾ ഉൾപ്പെടെയുള്ള എല്ലാ മതവിഭാഗങ്ങളിൽപ്പെട്ടവർക്കും ഏകീകൃതമായിത്തന്നെ വിദ്യാഭ്യാസ സംരക്ഷണം ഉറപ്പാക്കുന്നവിധത്തിൽ അടിസ്ഥാനവിദ്യാഭ്യാസം സ്കൂളുകളിൽ നൽകിവരുന്നുണ്ട്. എല്ലാവർക്കും വിദ്യാഭ്യാസത്തിനുള്ള സൗകര്യം ലഭ്യമാകുംവിധത്തിൽ സാർവത്രിക വിദ്യാഭ്യാസ സംവിധാനമാണ് ഇവിടെയുള്ളത്. ഒരു കുട്ടിപോലും അടിസ്ഥാന വിദ്യാഭ്യാസത്തിന് സ്കൂളുകളിൽ പോകാതിരിക്കുന്ന സാഹചര്യം കേരളത്തിലില്ല. മദ്രസകളിൽ നിർബന്ധിത വിദ്യാഭ്യാസ രീതിയോ അടിസ്ഥാന വിദ്യാഭ്യാസം ലംഘിക്കുന്ന തരത്തിൽ സ്കൂളുകളിൽ പോകുന്നതിന് വിലക്കുകളോ ഏർപ്പെടുത്തുന്നില്ല. സംസ്ഥാനത്തെ കാൽ ലക്ഷത്തിലധികം വരുന്ന മദ്രസകളിലെ അധ്യാപകർക്ക് പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നതിന് മദ്രസ അധ്യാപക ക്ഷേമനിധി ബോർഡ് നിലവിലുണ്ട്. അധ്യാപകരും മാനേജ്മെന്റ് കമ്മിറ്റിയും 50 രൂപ

വീതം മാസവിഹിതമായി നൽകുന്നുണ്ട്. ഈ ഫണ്ട് ഉപയോഗിച്ചാണ് അർഹരായ അധ്യാപകർക്ക് പ്രതിമാസം 1600 രൂപ പെൻഷൻ നൽകുന്നത്. ക്ഷേമനിധിയിൽ അംഗത്വമെടുത്ത ക്ഷേമനിധി സ്കീം പ്രകാരമുള്ള വിഹിതം കൃത്യമായി അടയ്ക്കുന്നവർക്കുമാത്രമേ പെൻഷൻ ലഭിക്കുകയുള്ളൂ. പാലോളി കമ്മീഷൻ ശിപാർശ അനുസരിച്ചുള്ള കേരള മദ്രസ അധ്യാപക ക്ഷേമനിധി ബോർഡാണ് നിലവിലുള്ളത്. ദേശീയ ബാലാവകാശ കമ്മീഷന്റെ നിർദേശങ്ങൾക്ക് കേരളത്തിൽ പ്രസക്തിയില്ലെങ്കിലും മദ്രസകൾ നിർത്തലാക്കാനുള്ള ബാലാവകാശ കമ്മീഷന്റെ നിർദേശം ഭരണഘടനാ വിരുദ്ധവും മതധ്രുവീകരണത്തിന് ഇടയാക്കുന്നതുമാണ്. ക്രൈസ്തവ മതവിഭാഗങ്ങൾ ബൈബിൾ പഠന കേന്ദ്രങ്ങളും ഹൈന്ദവ മതവിശ്വാസികൾ വേദപഠന കേന്ദ്രങ്ങളും നടത്തുന്നുണ്ട്. ഏത് മതത്തിന്റേതായാലും ഭരണഘടനാനുസൃതമായിട്ടുള്ള മതപഠനത്തിൽ സർക്കാർ ഇടപെടാൻ ഉദ്ദേശിക്കുന്നില്ല. കേരളത്തിലെ മദ്രസയിലെ കുട്ടികൾ ചൂഷണത്തിന് വിധേയരാകുന്നുവെന്ന ദേശീയ ബാലാവകാശ കമ്മീഷന്റെ റിപ്പോർട്ടും

മദ്രസകൾക്ക് പണം നൽകുന്നില്ലെന്ന് കേരളം കള്ളം പറയുകയാണെന്ന കമ്മീഷന്റെ അഭിപ്രായം വസ്തുതാ വിരുദ്ധവും പ്രതിഷേധാർഹവുമാണ്.